കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്



# ഡിജിറ്റൽ ക്ലാസുകൾ

## ഒരു പഠനം



# ഡിജിറ്റൽ ക്ലാസുകൾ ഒരു പഠനം

| | |
|---|---|
| മലയാളം | Malayalam |
| ഡിജിറ്റൽ ക്ലാസ് ഒരു പഠനം | Digital class oru padanam |
| ഒന്നാം പതിപ്പ് | First Edition |
| ഒക്ടോബർ 2020 | October 2020 |
| പ്രസാധനം, വിതരണം : | Published & Distributed by : |
| കേരള ശാസ്ത്രസാഹിത്യ പരിഷത്ത് | Kerala Sasthra Sahithya Parishath |
| തൃശ്ശൂർ - 680004 | Thrissur - 680004 |
| ഇ - മെയിൽ : | E - Mail : |
| publicationkssp@gmail.com | publicationkssp@gmail.com |
| കവർ ചിത്രം : | Cover picture : |
| മഹേന്ദർ | Mahendar |
| കവർ രൂപകൽപന : | Cover disign : |
| ശ്രീലേഷ് കുമാർ | Sreelesh Kumar |
| അച്ചടി : | Printed at : |
| പ്രിന്റ് എക്സ്പ്രസ്സ്, കൊച്ചി | Print Express, kochi |

വില : **00.00**

KSSP 2582 I E Oct 2020 D 1/8 3K 3000 LL 8/20

# ഡിജിറ്റൽ ക്ലാസുകൾ ഒരു പഠനം

വിക്ടേഴ്സ് ചാനൽ വഴി നടക്കുന്ന ഡിജിറ്റൽ
ക്ലാസുകളുടെ അവസ്ഥാപഠനം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

# പഠനസമിതി

അനുരാഗ് എം കെ
ചിഞ്ചു സി
സുനിൽ ദേവ് പി
വി മനോജ്
ടി കെ മീരാഭായ്
ഒ എം ശങ്കരൻ
ഡോ. പി വി പുരുഷോത്തമൻ
ഡോ. സി രാമകൃഷ്ണൻ
കെ ടി രാധാകൃഷ്ണൻ
ഡോ. എം വി ഗംഗാധരൻ
പ്രൊഫ. പി കെ രവീന്ദ്രൻ (ചെയർമാൻ, വിദ്യാഭ്യാസ വിഷയസമിതി)
ജി സ്റ്റാലിൻ (കൺവീനർ, വിദ്യാഭ്യാസ വിഷയസമിതി)
വി വിനോദ് (കൺവീനർ, പഠനസമിതി)

# പ്രസാധകക്കുറിപ്പ്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ രൂപീകരണം തന്നെ ബഹുജന വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെയായിരുന്നു. 1966 ൽ എൻ.സി.ഇ.ആർ.ടി. പുതിയ പാഠ്യപദ്ധതി ആവിഷ്കരിച്ചപ്പോൾ അതിനോട് പ്രതികരിച്ചു കൊണ്ടാണ് പരിഷത്ത് ഔപചാരിക വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനമാരംഭിക്കുന്നത്. വിദ്യാഭ്യാസ മേഖലയെ സമഗ്രമായി കണ്ടുകൊണ്ട് പരിഷത്ത് അതിന്റെ നിലപാടുകൾ രൂപപ്പെടുത്തി. അധ്യാപക പരിശീലനങ്ങൾ, ശാസ്ത്ര പോഷണ ക്ലാസുകൾ, സയൻസ് ക്ലബ്ബുകളുടേയും സയൻസ് കോർണറുകളുടേയും രൂപീകരണം, യുറീക്ക, ശാസ്ത്രകേരളം മാസികകൾ എന്നിവയിലൂടെ പരിഷത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ വളർന്ന് വികസിച്ചു. ബാലവേദികൾ അതിന്റെ പരീക്ഷണശാലകളായി.

വിദ്യാഭ്യാസ ദർശനം, ഉള്ളടക്കം, മൂല്യനിർണയം, ഘടന എന്നിവയെക്കുറിച്ചൊക്കെ പഠിക്കാനും നിലപാടുകൾ രൂപപ്പെടുത്താനും അത് പൊതുജന സമക്ഷം അവതരിപ്പിക്കാനും പരിഷത്ത് ശ്രമിച്ചിട്ടുണ്ട്. പ്രവർത്തനങ്ങളിലൂടെ ആർജ്ജിച്ച അനുഭവങ്ങളുടേയും വിവിധ തലങ്ങളിൽ നടത്തിയ അന്വേഷണങ്ങളുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിലാണ് പരിഷത്ത് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആശയങ്ങൾ രൂപപ്പെടുത്തിയത്. അത് നിശ്ചലമായ ഒന്നായിരുന്നില്ല. തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും അതിന് കരുത്തായി.

വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയം തിരിച്ചറിഞ്ഞായിരുന്നു ഓരോ ഇടപെടലും. 1982 ലെ വിദ്യാഭ്യാസരേഖ, 1984ലെ ബഹുജന അഴിമതി അന്വേഷണ കമ്മീഷൻ, 1999ൽ പ്രസിദ്ധീകരിച്ച കേരള വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് എന്നിവ ഈ ദിശയിലുള്ള ഇടപെടലുകളായിരുന്നു. വിദ്യാഭ്യാസത്തിന്റെ ശരീരവും മനസ്സും ഒരുപോലെ പഠനവിധേയമാക്കിയാണ് പരിഷത്ത് കാഴ്ചപ്പാടുകൾ രൂപീകരിച്ചത്. വിദ്യാഭ്യാസ രംഗത്തെ ഓരോ ഇടപെടലും ഒരു പരിപാടി മാത്രമായിരുന്നില്ല.സമഗ്രമായ ഒരു പ്രക്രിയയായിരുന്നു. അതിലൂടെ ആർജ്ജിച്ച അനുഭവജ്ഞാനവും അറിവും കൈമുതലാക്കിയാണ് പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. വിജ്ഞാന പരീക്ഷ വിജ്ഞാനോത്സവമായി മാറിയതിന് കാരണം ഈ രസതന്ത്രമാണ്. അത് തന്നെയാണ് പുതിയ പാഠ്യപദ്ധതിയുടെ ആശയരൂപീകരണത്തിന് ഇന്ധനമായതും. പഠനവും പ്രവർത്തനവും ആണ് പരിഷത്തിന്റെ മുഖമുദ്ര. ചിലപ്പോൾ പഠനം തന്നെ പ്രവർത്തനമായി മാറുന്നു. കേരളത്തിൽ ആരംഭിച്ച ഡിജിറ്റൽ ക്ലാസുകളെക്കുറിച്ചുള്ള പഠനവും ആ ദിശയിലുള്ള പ്രവർത്തനത്തിന്റെ ഒരു സാക്ഷാത്കാരമാണ്. ഇത് ലക്ഷ്യമല്ല മാർഗ്ഗം മാത്രമാണ്.

കോവിഡ് 19 വ്യാപനത്തിന്റെ ഫലമായി സ്കൂളുകൾ പ്രവർത്തിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് കുട്ടികളെ പഠന വഴിയിൽ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിൽ വിദ്യാഭ്യാസ വകുപ്പ് വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചത്. അവസരോചിതമായ ഒരു ഇടപെടലായിരുന്നു അത്. പഠന വഴിയിൽ നിലനിർത്താൻ തുടങ്ങിയ ക്ലാസുകൾ അനിശ്ചിതമായി തുടരുന്ന സാഹചര്യത്തിലാണ് ഡിജിറ്റൽ ക്ലാസുകളെ കുറിച്ച് പഠിക്കാൻ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തീരുമാനിക്കുന്നത്. ഡിജിറ്റൽ ക്ലാസുകളുടെ പ്രത്യക്ഷഗുണഭോക്താക്കളായ കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരിൽ നിന്ന് ശേഖരിച്ച വിവരങ്ങളാണ് വിശകലനത്തിന് വിധേയമാക്കിയത്. 2020 ആഗസ്റ്റ് മാസം 10 മുതൽ 20 വരെയായിരുന്നു വിവരശേഖരണം. ഡിജിറ്റൽ ക്ലാസുകളെ സാധാരണ ക്ലാസുകൾക്ക് ബദലായി പരിഷത്ത് കാണുന്നില്ല. സാഹചര്യം അനുകൂലമാകുമ്പോൾ സാധാരണ ക്ലാസുകളിലേക്ക് മടങ്ങാനാകണം. ഡിജിറ്റൽ ക്ലാസുകൾ നീളുന്ന സാഹചര്യത്തിൽ അതിന്റെ പ്രാപ്യത പ്രയോജനക്ഷമത എന്നിവ പരിശോധിച്ച്, മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ കുട്ടിയുടെ പക്ഷത്ത് നിന്ന് കാണുന്നതിനും ക്രിയാത്മക നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും അതിനു സഹായകമായ ചർച്ചകളുയർത്തുന്നതിനും ഈ പഠന റിപ്പോർട്ട് ഉപകാരപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

# ഉള്ളടക്കം


ആമുഖം .......................................... 07
പഠനലക്ഷ്യം .......................................... 10
പഠനരീതി .......................................... 10
വിവരശേഖരണം .......................................... 10
ദത്തവിശകലനം .......................................... 11
ഫോക്കസ് ഗ്രൂപ്പ് ചർച്ച .......................................... 47
നിഗമനങ്ങൾ .......................................... 53
നിർദേശങ്ങൾ .......................................... 57
ഉപസംഹാരം .......................................... 63
അനുബന്ധം .......................................... 64

# ആമുഖം

2019 ൽ ചൈനയിലെ വുഹാനിൽ കോവിഡ് 19 എന്നറിയപ്പെടുന്ന വൈറസ് രോഗം പൊട്ടിപ്പുറപ്പെട്ടു. ആദ്യഘട്ടത്തിൽ അത് കേവലം ഒരു ആരോഗ്യപ്രശ്നം മാത്രമായിരുന്നു. എന്നാൽ വളരെ വേഗം അത് സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ഗൗരവമേറിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന മഹാമാരിയായി ലോകമെമ്പാടും വളർന്നു. ജീവിതത്തിന്റെ സമസ്തമേഖലകളെയും ഈ മഹാമാരി ബാധിച്ചു. അതുകൊണ്ടുതന്നെ ഇതേവരെ അഭിമുഖീകരിക്കാത്ത ഒരു പ്രതിസന്ധി ഘട്ടത്തിലൂടെ മാനവരാശി കടന്നു പോവുകയാണ്. കൊറോണാ കുടുംബാംഗമായ കോവിഡ്19 എന്ന ആർ. എൻ. എ. തന്തുവാണ് ശീലമില്ലാത്ത സ്വയം പിൻവലിയലിലേക്ക് മാനവസമൂഹത്തെ നയിച്ചത്. ഇത് ഉയർത്തിയ അനിശ്ചിതത്വം ഇപ്പോഴും തുടരുന്നു.

മനുഷ്യർ തന്നെ രോഗവാഹകരായതിനാൽ സഞ്ചാരവും സമ്പർക്കവും നിയന്ത്രിക്കാൻ ലോക്ഡൗൺ അടക്കമുള്ള പ്രതിരോധ തന്ത്രങ്ങൾ ലോകമെമ്പാടും പ്രയോഗിച്ചു. സാമൂഹിക ജീവിയായ മനുഷ്യരെ ഇത് ഏറെ ബാധിച്ചു. അതിൽ തന്നെ സമപ്രായക്കാരുമായി കൂട്ടം കൂടിയും കളിച്ചും പ്രകൃതിനിരീക്ഷണത്തിലേർപ്പെട്ടും ചർച്ച ചെയ്തും പഠിച്ചും വളർന്നുകൊണ്ടിരുന്ന കുട്ടികളെ ഈ മഹാമാരി ഒറ്റപ്പെടലിലേക്ക് നയിച്ചു. അതിലുപരി വീട്ടിൽ ഉണ്ടാവുന്ന സാമ്പത്തികപ്രശ്നങ്ങളും തൊഴിൽപരമായ അരക്ഷിതാവസ്ഥയും ചുറ്റും റിപ്പോർട്ട് ചെയ്യപ്പെടുന്ന രോഗത്തിന്റെ വ്യാപനവും മരണവും കുട്ടികളെ പ്രത്യക്ഷമായും പരോക്ഷമായും ബാധിച്ചു. ഇവയെല്ലാം കുട്ടികളിൽ ഉണ്ടാക്കിയ സമ്മർദവും പിരിമുറുക്കവും ആകാംക്ഷയും വളരെ വലുതാണ്. സ്കൂൾ തുറക്കുന്നത് അനിശ്ചിതമായി നീളുന്നതും എന്നു തുറക്കുമെന്നത് സംബന്ധിച്ച് ഒരു വ്യക്തതയും ഇല്ലാത്തതും കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്കകളെ കൂടുതൽ തീവ്രമാക്കുന്നുണ്ട്.

കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ലോകം മുഴുവൻ സ്കൂളുകൾ അടച്ചിട്ടു. ലോകമാകെ 150 കോടി കുട്ടികളുടെ പഠനത്തെ ഈ അടച്ചുപൂട്ടൽ ബാധിച്ചതായി യുനെസ്കോയുടെ പഠനം വ്യക്തമാക്കുന്നു. (UNESC0 (2020) Education: From disruption to recovery).

വിദ്യാഭ്യാസ രംഗത്തുണ്ടായ ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി ദ്രുതഗതിയിലുള്ള ഇടപെടലുകൾ വിവിധരാജ്യങ്ങളിലെ ഭരണകൂടങ്ങളുടെയും വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവരുടെയും ഭാഗത്തു നിന്നുണ്ടായി. ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പരീക്ഷിക്കുന്നതിന് വിവിധ രാജ്യങ്ങൾ തയ്യാറായി. ടി.വി, റേഡിയോ, മറ്റ് ഡിജിറ്റൽ ഉപകരണങ്ങൾ എന്നിവയിലൂടെ കുട്ടികളിലേക്ക് പാഠഭാഗങ്ങൾ എത്തി

ക്കാനുള്ള ശ്രമങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലും നടന്നു.

യുനെസ്കോ, യുനിസെഫ്, ലോകബാങ്ക് തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികൾ ഈ വിഷയവുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തി. സ്കൂളുകൾ അടച്ചതിന്റെ ഫലമായുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് വിവിധ രാജ്യങ്ങളിലെ ഭരണകൂടങ്ങൾ നടത്തിയ പ്രവർത്തനങ്ങളാണ് ഈ പഠനങ്ങളിൽ പരിശോധിച്ചത്. 110 ലേറെ രാഷ്ട്രങ്ങളെയാണ് പഠനങ്ങളിൽ ഉൾപ്പെടുത്തിയിരുന്നത്. ഭൂരിഭാഗം രാജ്യങ്ങളും ഇന്റർനെറ്റ് അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ ക്ലാസും ടി.വി.യിലൂടെയും റേഡിയോയിലൂടെയുമുള്ള പ്രക്ഷേപണ രീതികളും ആണ് അവലംബിച്ചത്. 42 ശതമാനം രാജ്യങ്ങൾ പ്രീ– പ്രൈമറി വിദ്യാഭ്യാസത്തിനും 72 ശതമാനം രാജ്യങ്ങൾ പ്രൈമറി വിദ്യാഭ്യാസത്തിനും 77 ശതമാനം രാജ്യങ്ങൾ സെക്കണ്ടറി വിദ്യാഭ്യാസത്തിനും ഈ രീതികൾ സ്വീകരിച്ചു. ഭൂരിഭാഗം രാജ്യങ്ങളും ഇതിനായി പ്രത്യേക കരിക്കുലം തയ്യാറാക്കി. 94 ശതമാനം രാജ്യങ്ങളും ഇത്തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ ഇതല്ലാതെ മറ്റൊരു മാർഗം ഇല്ലാത്ത അവസ്ഥയുണ്ട്. ലോകമെമ്പാടുമുള്ള സ്കൂൾ പ്രായത്തിലെ 46 കോടിയിലധികം കുട്ടികൾക്ക് (ഇത് ആ പ്രായത്തിലുള്ള കുട്ടികളുടെ 31ശതമാനം വരും) ഒരു തരത്തിലുമുള്ള ഡിജിറ്റൽ പഠനത്തിന്റെ ഭാഗമാകുവാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുതയുമുണ്ട്. സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നിൽ ഉള്ളവരാണ് ഈ കുട്ടികൾ. യൂണിസെഫ് പുറത്തിറക്കിയ 'Covid 19 : Are Children Able to Continue Learning During School Closures?' എന്ന റിപ്പോർട്ടിൽ ഇക്കാര്യങ്ങളെല്ലാം വിശദമായി പ്രതിപാദിക്കുന്നുണ്ട്.

കുട്ടികളുടെ അവകാശം കൂടി പരിഗണിച്ച് ഡിജിറ്റൽ സങ്കേതം ഉപയോഗിച്ച് അവരെ പിന്തുണയ്ക്കാൻ ശ്രമിക്കുമ്പോൾതന്നെ ഭാവിയിൽ സ്കൂളിൽ തിരിച്ചെത്തി പഠനം തുടരുന്നുവെന്ന് ഉറപ്പാക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കണമെന്ന് പ്രസ്തുത റിപ്പോർട്ടിൽ പറയുന്നു.

1.ഡിജിറ്റൽ പിന്തുണാ പരിധിയിൽ എല്ലാ കുട്ടികൾക്കും സുരക്ഷിതമായ ഡിജിറ്റൽ സങ്കേതങ്ങളുടെ പ്രാപ്യത ഉറപ്പാക്കണം.

2. ഡിജിറ്റൽ പിന്തുണയ്ക്ക് ആവശ്യമായ ഭൗതിക പരിസരം ആധുനികവത്കരിക്കേണ്ടതുണ്ട്. അംഗീകരിക്കപ്പെട്ട പാഠ്യപദ്ധതി അടിസ്ഥാനമാക്കിക്കൊണ്ട് കുട്ടികൾക്ക് ഉൾക്കൊള്ളാൻ പറ്റുന്ന വിഭവങ്ങൾ തയ്യാറാക്കണം. അതോടൊപ്പം ഇതിന്റെ വിനിമയത്തിനും നവീന രീതികൾ വികസിപ്പിക്കണം.

3. വിദൂര ഗ്രാമപ്രദേശങ്ങളിലുള്ള അരികുവത്കരിക്കപ്പെട്ട കുട്ടികൾക്കുപോലും ഉൾക്കൊള്ളാവുന്ന തരത്തിലുള്ള ഭൗതിക സൗകര്യങ്ങളും ഗുണമേന്മയുള്ള ഉള്ളടക്കവും വികസിപ്പിക്കാൻ കഴിയണം. ഇതിന് ഉതകുന്ന തരത്തിലുള്ള സങ്കേതങ്ങളുടെ വികാസവും ഉണ്ടാകണം. അതോടൊപ്പം വിദൂര പഠന നയങ്ങളുടെ രൂപീകരണവും ആവശ്യമാണെങ്കിൽ അതിൽ വരേണ്ട ഘടകങ്ങളും നിർദേശിക്കാൻ കഴിയണം.

4. കുട്ടികളെ വീട്ടിൽ വച്ച് ഡിജിറ്റൽ പഠനത്തിന് സജ്ജമാക്കുന്നതിനാവശ്യമായ പരിശീലനങ്ങളും പിന്തുണയും അധ്യാപകർക്കും രക്ഷിതാക്കൾക്കും നൽകണം.

5. സാമൂഹികവും ലിംഗസമത്വത്തിൽ അധിഷ്ഠിതവുമായ നിലപാട് ഇക്കാര്യത്തിൽ ഉറപ്പുവരുത്തണം.

6. കൃത്യമായ മോണിറ്ററിംഗ് ഉണ്ടാകണം. അതിനായുള്ള നവീനങ്ങളായ അന്വേഷണം നടത്തണം. അതുപോലെ കുട്ടികളെ വിലയിരുത്തുന്നത് സംബന്ധിച്ച അന്വേഷണങ്ങളും നടക്കേണ്ടതുണ്ട്.

ഈ രേഖ എടുത്തു പറയുന്ന ഒരു കാര്യമുണ്ട്. ചില രാജ്യങ്ങളിൽ 91ശതമാനം കുട്ടികൾക്ക് ഡിജിറ്റൽ സൗകര്യങ്ങളുണ്ട് . എന്നാൽ 9ശതമാനത്തിന് ഇതില്ല. ഇങ്ങനെയുള്ള ഇടങ്ങളിൽ 91ശതമാനത്തിന് പ്രാപ്യമാണ് എന്നുവെച്ച് മുന്നോട്ടു പോവുകയല്ല വേണ്ടത്. ഇല്ല എന്ന് കണ്ടെത്തിയ 9ശതമാനത്തെ ഉൾച്ചേർക്കുക എന്നത് പ്രധാന പരിഗണനയായി മാറണം.

ഇത് നമ്മുടെ രാജ്യത്തും പ്രസക്തമാണ്. വിദ്യാഭ്യാസ രംഗത്തെ ഗാർഹിക

സാമൂഹിക ഉപഭോക്തൃ മാനദണ്ഡപ്രകാരം നടത്തിയ എഴുപത്തിയഞ്ചാമത് ദേശീയ സാമ്പിൾ സർവേ ( NSS –75th round Key Indicators of Household Social Consumption on Education in India) അനുസരിച്ച് വ്യക്തിഗത കമ്പ്യൂട്ടർ ലഭ്യതയുടെ അഖിലേന്ത്യാ ശരാശരി 10.7 ശതമാനവും ഇൻററർനെറ്റ് ലഭ്യത 23.8 ശതമാനവുംആണ്. ഗ്രാമങ്ങളിലെ വ്യക്തിഗത കമ്പ്യൂട്ടർ ലഭ്യത 4.4ശതമാനവും ഇൻററർനെറ്റ് ലഭ്യത 14.9 ശതമാനവും ആണ്. കേരളത്തിലെ വ്യക്തിഗത കമ്പ്യൂട്ടർ ലഭ്യത 23.5 ശതമാനവും ഇന്റർനെറ്റ് ലഭ്യത 51 ശതമാനവും ആണ്. കേരളീയ ഗ്രാമങ്ങളിൽ വ്യക്തിഗത കമ്പ്യൂട്ടർ ലഭ്യത 20.1 ശതമാനവും ഇന്റർനെറ്റ് ലഭ്യത 46.9 ശതമാനവും ആണ്. ഇന്ത്യയുടെ പൊതുസ്ഥിതിയെക്കാൾ മെച്ചമാണെങ്കിലും ഇക്കാര്യങ്ങളിൽ നാം ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ട്.

ഡിജിറ്റൽ ക്ലാസ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ ഇക്കാര്യങ്ങളെല്ലാം പരിഗണിക്കണം. അതുകൊണ്ടാണ് ലോകരാജ്യങ്ങളിൽ ഭൂരിപക്ഷവും മറ്റതരം ഓൺലൈൻ ക്ലാസുകൾക്ക് പ്രാധാന്യം നൽകാതെ ടെലിവിഷൻ, റേഡിയോ തുടങ്ങിയ ഡിജിറ്റൽ സങ്കേതങ്ങളിലൂടെ ക്ലാസുകൾ നടത്തുക എന്ന രീതി സ്വീകരിച്ചിരിക്കുന്നത്. ലോകത്തിൽ 65ശതമാനവും ടെലിവിഷൻ വഴിയാണ് കുട്ടികളെ കർമനിരതമാക്കുന്നത്. 16ശതമാനം റേഡിയോ വഴി ഇത് സാധ്യമാക്കുന്നു. വികസിത രാജ്യങ്ങൾ ഉൾപ്പെടെ 24 ശതമാനം രാജ്യങ്ങളിൽ മാത്രമാണ് ഇൻററർനെറ്റ് ലഭ്യതയുള്ള വ്യക്തിഗത സങ്കേതങ്ങളിലൂടെ ഓൺലൈൻ ക്ലാസുകൾ നടക്കുന്നത്.

## കേരളത്തിലെ ശ്രമങ്ങൾ

കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതോടൊപ്പം കുട്ടികളുടെ പഠനം തടസ്സം കൂടാതെ നടക്കണമെന്നുള്ള ചിന്തയുടെ ഭാഗമായി കേരളത്തിലും അതിനുള്ള ആലോചനകൾ നടന്നു. നിലവിൽ പ്രവർത്തിച്ചു വരുന്ന വിക്ടേഴ്സ് ചാനൽ വഴി ഒന്നു മുതൽ 12 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് ക്ലാസുകൾ നൽകാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചു.

2020ജൂൺ 1 മുതൽ തന്നെ ക്ലാസുകൾ ആരംഭിച്ചു. ജൂൺ 8 വരെ പരീക്ഷണതലത്തിലായിരുന്നു പ്രക്ഷേപണം. ജൂൺ 8 മുതൽ ഔപചാരികമായി ക്ലാസുകൾ തുടങ്ങി. പ്രാഥമിക കണക്കെടുപ്പിൽ ആറ് ശതമാനം കുട്ടികൾക്ക് ഉപകരണലഭ്യതയില്ലാത്ത പ്രശ്നമുണ്ടെന്ന് കണ്ടെത്തി. എല്ലാ കുട്ടികൾക്കും ക്ലാസുകൾ കാണുന്നതിന് ഉപകരണങ്ങൾ ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്ന സർക്കാരിന്റെ അഭ്യർഥന കേരളസമൂഹം മുഖവിലക്കെടുത്തു. കേരളത്തിലുടനീളം വിദ്യാർഥി – യുവജന സംഘടനകൾ, സന്നദ്ധ സംഘടനങ്ങൾ, സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിൽ നിന്നുമുള്ളവർ സഹായഹസ്തവുമായെത്തി. കോടികൾ വിലമതിക്കുന്ന പതിനായിരത്തിലധികം സാങ്കേതികവിദ്യാ ഉപകരണങ്ങൾ, ടെലിവിഷനായും ലാപ്ടോപ് ആയും സ്മാർട്ട് ഫോണായും കുട്ടികളിലേക്ക് എത്തിക്കാൻ കേരളീയസമൂഹത്തിന് കഴിഞ്ഞു.

സ്കൂൾ അടച്ചുപൂട്ടൽ കുട്ടികളിലും അധ്യാപകരിലും രക്ഷിതാക്കളിലും അമിത സമ്മർദമുയർത്തുന്നുണ്ടെന്ന നിരീക്ഷണങ്ങൾ വിദഗ്ധരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. വിദ്യാലയാന്തരീക്ഷം നഷ്ടപ്പെടുന്നത് കുട്ടികളുടെ വൈകാരികാവസ്ഥകളെ ബാധിക്കുന്നതായും ചൂണ്ടിക്കാട്ടുന്നു.

ഡിജിറ്റൽ ക്ലാസുകൾ 2 മാസം പിന്നിട്ട ഘട്ടത്തിൽ ക്ലാസിന്റെ പ്രയോജനക്ഷമത, പ്രാപ്യത, സ്വീകാര്യത, മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ എന്നിവയെക്കുറിച്ച് ഗൗരവമായ ഒരു അന്വേഷണം അനിവാര്യമാണ് എന്ന അഭിപ്രായം പലരിൽനിന്നും ഉയർന്നുവരികയുണ്ടായി. ഈ പശ്ചാത്തലത്തിലാണ് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കേരളത്തിൽ നടന്നുവരുന്ന ഡിജിറ്റൽ ക്ലാസുകളെ കുറിച്ച് ഒരു അവസ്ഥാപഠനം നടത്തുന്നതിന് തീരുമാനിച്ചത്. വിദ്യാഭ്യാസ മേഖലയുടെ പ്രത്യക്ഷ ഗുണഭോക്താക്കളായ കുട്ടികൾ, രക്ഷകർത്താക്കൾ, അധ്യാപകർ എന്നിവരുടെ പ്രതികരണങ്ങളാണ് പഠനത്തിന് ആധാരമായി സ്വീകരിച്ചിട്ടുള്ളത് .

# പഠന ലക്ഷ്യം

1. വിക്ടേഴ്സ് ഡിജിറ്റൽ ക്ലാസുകളുടെ പ്രാപ്യതയുടെ നിലവിലുള്ള അവസ്ഥ പരിശോധിക്കുകയും ക്ലാസുകളുടെ പ്രയോജനക്ഷമത എത്രത്തോളമെന്ന് കണ്ടെത്തുകയും ചെയ്യുക.
2. വിക്ടേഴ്സ് ഡിജിറ്റൽ ക്ലാസുകളെക്കുറിച്ച് പ്രധാന ഗുണഭോക്താക്കളായ കുട്ടികൾ, രക്ഷിതാക്കൾ അധ്യാപകർ എന്നിവരുടെ പ്രതികരണങ്ങൾ മനസ്സിലാക്കുക.
3. വിക്ടേഴ്സ് ഡിജിറ്റൽ ക്ലാസുകൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ ക്രോഡീകരിക്കുക.

# പഠനരീതി

കോവിഡ് വ്യാപനത്തിന്റെയും അതിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങളുടെയും പശ്ചാത്തലത്തിൽ ഇത്തരം പഠനങ്ങൾക്ക് സാധാരണ സ്വീകരിക്കുന്ന രീതിശാസ്ത്രങ്ങൾ സാധ്യമാവില്ല. ഈ പശ്ചാത്തലത്തിൽ ഓൺലൈൻ സൗകര്യങ്ങൾ സ്വീകരിച്ചുകൊണ്ട് വിവരശേഖരണം നടത്താനാണ് ശ്രമിച്ചത്.

കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരിൽ നിന്ന് ഗൂഗിൾ ഫോം വഴി വിവരങ്ങൾ ശേഖരിക്കുകയായിരുന്നു. ആവശ്യാധിഷ്ഠിത പഠനത്തിനുതകുന്ന രീതിയിൽ സോദ്ദേശ്യപരമായാണ് സാമ്പിൾ തിരഞ്ഞെടുത്തത്.

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പ്രവർത്തനഘടമായ മേഖലകളെയാണ് അടിസ്ഥാന യൂണിറ്റായി എടുത്തത്. 136 മേഖലകളാണ് പരിഷത്തിന് നിലവിൽ ഉള്ളത്. ഭൂരിപക്ഷം മേഖലകളുടെയും പ്രവർത്തനപരിധി ബ്ലോക്ക് തലമാണ്. 100 മേഖലകളിൽ നിന്നുള്ള ദത്തങ്ങളാണ് പഠനത്തിന് പരിഗണിച്ചത്. ഒരു മേഖലയിൽ നിന്ന് 12 കുട്ടികൾ, 12 രക്ഷിതാക്കൾ, 12 അധ്യാപകർ എന്നിങ്ങനെയാണ് സാമ്പിളായി തിരഞ്ഞെടുത്തത്. എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ നിന്ന് 3 വീതം കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരെ തിരഞ്ഞെടുത്തു. ഒരു കുട്ടി, ആ കുട്ടിയുടെ രക്ഷിതാവ്, ആ കുട്ടിയുടെ അധ്യാപിക എന്ന രീതിയല്ല സ്വീകരിച്ചത്. കുട്ടിയും രക്ഷിതാവും അധ്യാപികയും ഒരേ വിദ്യാലയത്തിൽ നിന്നാവരുത് എന്ന് നിശ്ചയിച്ചിരുന്നു. കുട്ടികൾ, രക്ഷിതാക്കൾ എന്നീ വിഭാഗങ്ങളിൽ പട്ടികജാതി, പട്ടികവർഗം, ഒ.ബി.സി, മറ്റു പിന്നാക്ക വിഭാഗങ്ങൾ, ബി.പി.എൽ. എന്നീ വിഭാഗങ്ങളിലുള്ളവർക്കെല്ലാം മതിയായ പ്രാതിനിധ്യം കിട്ടത്തക്ക വിധത്തിൽ പർപ്പസീവ് റാൻഡം സാംപ്ലിങ് രീതിയാണ് അനുവർത്തിച്ചിട്ടുള്ളത്. വിദ്യാലയങ്ങളിൽ ഗവൺമെന്റും എയ്ഡഡും ഉൾപ്പെടുത്തിയിട്ടുണ്ട്. തീരദേശം, സമതലം, മലയോരം, ഗ്രാമം, നഗരം എന്നിവയെല്ലാം സാമ്പിൾ തിരഞ്ഞെടുക്കുന്നതിൽ പരിഗണിച്ചിട്ടുണ്ട്.

ഗൂഗിൾ ഫോം വഴിയുള്ള വിവരശേഖരണത്തിനു പുറമെ കുട്ടികൾ,  രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്കിടയിൽ ഫോക്കസ് ഗ്രൂപ്പ് ചർച്ചയും സംഘടിപ്പിച്ചു. ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തിയത്. പട്ടികജാതി, പട്ടികവർഗം, ഒ.ബി.സി, മറ്റു പിന്നാക്ക വിഭാഗങ്ങൾ, ബി.പി.എൽ., തീരദേശം, സമതലം, മലയോരം, ഗ്രാമം, നഗരം എന്നിങ്ങനെയുള്ള പ്രാതിനിധ്യം  ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലും പരമാവധി ഉറപ്പുവരുത്തിയിരുന്നു. പ്രൈമറി, അപ്പർ പ്രൈമറി, സെക്കണ്ടറി വിഭാഗങ്ങളിൽ നിന്ന് കുട്ടികളെയും അധ്യാപകരെയും രക്ഷിതാക്കളെയും തിരഞ്ഞെടുക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. അതിനു പുറമെ നിലമ്പൂരിലെ കോളനിയിലും പൊന്നാനിയിലെ തീരദേശത്തും നേരിട്ടുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചയും നടത്തി.

# വിവരശേഖരണം

കേരളത്തിലെ 14 ജില്ലകളിൽ നിന്നുമായി 1252 കുട്ടികൾ, 1046 അധ്യാപകർ, 1340 രക്ഷിതാക്കൾ എന്നിവരിൽ നിന്ന് വിവരം ശേഖരിച്ചു. ഇതിനായി മൂന്ന് ചോദ്യാവലികൾ

ഉപയോഗിച്ചു. കുട്ടികൾക്കുള്ള ചോദ്യാവലിയിൽ 38 ചോദ്യങ്ങളും രക്ഷിതാക്കൾക്കുള്ള ചോദ്യാവലിയിൽ 19 ചോദ്യങ്ങളും അധ്യാപകർക്കുള്ള ചോദ്യാവലിയിൽ 32 ചോദ്യങ്ങളുമാണുള്ളത്. പരിഷത്തിന്റെ പ്രവർത്തകരാണ് വിവരശേഖരണം നടത്തിയത്. വാട്സപ്പ് വഴി അയച്ചു നൽകി പൂരിപ്പിച്ച് വാങ്ങുകയായിരുന്നു. ഗൂഗിൾ ഫോം പൂരിപ്പിക്കാൻ പ്രയാസമുള്ളവരിൽ നിന്ന് ഫോൺ വഴി വിവരങ്ങൾ ശേഖരിച്ച് പ്രവർത്തകർ തന്നെ ഫോം പൂരിപ്പിച്ചു. പ്രവർത്തകർക്ക് ഓൺലൈൻ വഴി പരിശീലനം നൽകിയിരുന്നു. ആഗസ്ത് 10 മുതൽ 20 വരെയുള്ള തീയതികളിലാണ് വിവരശേഖരണം നടത്തിയത്. ശേഖരിച്ച വിവരങ്ങൾ ഗൂഗിൾ ഷീറ്റിൽ ക്രോഡീകരിച്ച് ചോദ്യങ്ങൾക്കനുസരിച്ച് പട്ടികകളും ഗ്രാഫുകളുമാക്കി മാറ്റി. സർവ്വേയ്ക്കൊപ്പം ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലൂടെ ലഭിച്ച വിവരങ്ങളും വിശകലനം ചെയ്താണ് നിഗമനങ്ങളിലെത്തിയത്.

# ദത്തവിശകലനം

## 1. കുട്ടികൾ

### 1.1 പൊതുവിവരങ്ങൾ

#### എ. കുട്ടികളുടെ എണ്ണം(ജില്ല തിരിച്ച്)

1252 കുട്ടികളാണ് സർവ്വേയിൽ പങ്കെടുത്തത്. ഇതിൽ 738 പെൺകുട്ടികളും 514 ആൺകുട്ടികളും ഉൾപ്പെടുന്നു. 14 ജില്ലകളിൽ നിന്നുള്ള പങ്കാളിത്തമുണ്ടായിട്ടുണ്ട്(ഗ്രാഫ് 1).




ഗ്രാഫ് 1

#### ബി. പഠിക്കുന്ന ക്ലാസ്

1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾ സർവ്വേയിൽ പങ്കെടുത്തു. എൽ.പി. വിഭാഗത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പങ്കെടുത്തത് നാലാം ക്ലാസിൽ നിന്നാണ്(13

ശതമാനം).

യു.പി വിഭാഗത്തിൽ ഏഴാം ക്ലാസിൽ നിന്നാണ് ഏറ്റവും കൂടുതൽ പേർ (12 ശതമാനം) പങ്കെടുത്തത്. ഹൈസ്കൂളിൽ ഇത് പത്താം ക്ലാസിൽ നിന്നാണ് (13 ശതമാനം). ഹയർ സെക്കണ്ടറി വിഭാഗത്തിൽ നിന്ന് 24 ശതമാനം കുട്ടികൾ. ബാക്കി 38 ശതമാനം കുട്ടികൾ മറ്റു ക്ലാസുകളിൽ നിന്നാണ് പങ്കെടുത്തത്(ഗ്രാഫ് 2).




ഗ്രാഫ് 2

## സി. പഠനമാധ്യമം

സർവ്വേയിൽ പങ്കെടുത്ത പത്താം ക്ലാസ് വരെയുള്ള കുട്ടികളിൽ 49 ശതമാനം കുട്ടികൾ മലയാള മാധ്യമത്തിലും 51 ശതമാനം കുട്ടികൾ ഇംഗ്ലീഷ് മാധ്യമത്തിലുമാണ് പഠിക്കുന്നത്. ഓരു കുട്ടി വീതം തമിഴ്, കന്നഡ മാധ്യമത്തിലും പഠിക്കുന്നു (ഗ്രാഫ് 3).




ഗ്രാഫ് 3

## ഡി. വീടും സ്ക്കൂൾകുട്ടികളും

സർവ്വേയിൽ പങ്കെടുത്ത 39.5 ശതമാനം കുട്ടികളുടെ വീടുകളിൽ നിന്ന് ഒരാൾ മാത്രമാണ് സ്ക്കൂളിൽ പോകുന്നത്. രണ്ട് കുട്ടികൾവീതം സ്ക്കൂളിൽ പോകുന്ന 48 ശതമാനം വീടുകളും 3 കുട്ടികൾവീതം സ്ക്കൂളിൽ പോകുന്ന 9 ശതമാനം വീടുകളുമുണ്ട്. 1 ശതമാനം കുട്ടികളുടെ വീട്ടിൽ നിന്ന് 4 കുട്ടികളും 2.5 ശതമാനം പേരുടെ വീട്ടിൽ നിന്ന് 4 ൽ കൂടുതൽ  കുട്ടികളും സ്ക്കൂളിൽ പോകുന്നുണ്ട്(ഗ്രാഫ് 4).




ഗ്രാഫ് 4

## ഇ. ജനിച്ച വിഭാഗം

സർവ്വേയിൽ പങ്കെടുത്ത 28.6 ശതമാനം ജനറൽ വിഭാഗത്തിൽ നിന്നും 48.6 ശതമാനം ഒ.ബി.സി.വിഭാഗത്തിൽ നിന്നുമുള്ളവരാണ്. 4.9 ശതമാനം ഒ.ഇ.സി വിഭാഗത്തിലാണ്. 16.7 ശതമാനം പട്ടികജാതി വിഭാഗത്തിലും 1.2 ശതമാനം പട്ടികവർഗ വിഭാഗത്തിലും ഉൾപ്പെടുന്നു (ഗ്രാഫ് 5).




ഗ്രാഫ് 5

## 1.2 ഡിജിറ്റൽക്ലാസുകൾ സ്വന്തം വീട്ടിലിരുന്ന് കണ്ടവർ

### എ. പൊതുസ്ഥിതി

വിക്ടേഴ്സ് – കൈറ്റ് ഡിജിറ്റൽക്ലാസുകൾ ജൂൺ 1 മുതൽ സ്വന്തം വീട്ടിൽ തന്നെ കാണാൻ അവസരം ലഭിച്ചിരുന്നോ എന്ന ചോദ്യത്തിന് പൂർണമായി ലഭിച്ചുവെന്ന് 91 ശതമാനവും പ്രതികരിച്ചു. ബാക്കി 9 ശതമാനത്തിന് അവസരം ലഭിച്ചില്ല (ഗ്രാഫ് 6).




ഗ്രാഫ് 6

### ബി. എ.പി.എൽ. – ബി.പി.എൽ. വിഭാഗം

എ.പി.എൽ. വിഭാഗത്തിലെ 95 ശതമാനത്തിന് പൂർണമായി അവസരം ലഭിച്ചു. ബി.പി.എൽ. വിഭാഗത്തിലെ 85 ശതമാനത്തിനാണ് പൂർണമായി അവസരം ലഭിച്ചത് (ഗ്രാഫ് 7).




ഗ്രാഫ് 7

## സി. ജനിച്ച വിഭാഗം

ജനറൽ വിഭാഗത്തിലെ 94 ശതമാനത്തിനും ജൂൺ 1 മുതൽ തന്നെ സ്വന്തം വീട്ടിൽ കാണാൻ അവസരം ലഭിച്ചിരുന്നു. ഒ.ബി.സി.വിഭാഗത്തിലെ 93 ശതമാനത്തിനും ഒ.ഇ.സി വിഭാഗത്തിലെ 89 ശതമാനത്തിനും അവസരം ലഭിച്ചു. പട്ടികജാതി വിഭാഗത്തിലെ 83 ശതമാനത്തിനു മാത്രമേ ജൂൺ 1 മുതൽ തന്നെ വീട്ടിൽ അവസരം ലഭിച്ചുള്ളൂ. പട്ടികവർഗ വിഭാഗത്തിലിത് 63 ശതമാനമാണ് (ഗ്രാഫ് 8).




ഗ്രാഫ് 8

എ.പി.എൽ.. വിഭാഗത്തിലെ ജനറൽ വിഭാഗത്തിലും ഒ.ബി.സി. വിഭാഗത്തിലും 95 ശതമാനത്തിനും ഒ.ഇ.സി. വിഭാഗത്തിൽ 90 ശതമാനത്തിനും പട്ടികജാതി വിഭാഗത്തിൽ96ശതമാനത്തിനും അവസരം ലഭിച്ചിരുന്നു. പട്ടികവർഗത്തിൽ 100 ശതമാനം കുട്ടികൾക്കും അവസരം ലഭിച്ചിരുന്നു (ഗ്രാഫ് 9).




ഗ്രാഫ് 9

ബി.പി.എൽ.. വിഭാഗത്തിലെ 85 ശതമാനം കുട്ടികൾക്ക് ക്ലാസ് കാണാൻ അവസരം ലഭിച്ചിരുന്നു. 15 ശതമാനത്തിനും അവസരം ലഭിച്ചിരുന്നില്ല. ജനറൽ വിഭാഗത്തിൽ 89 ശതമാനവും ഒ.ഇ.സി. വിഭാഗത്തിൽ 87 ശതമാനവും ഒ.ബി.സി. വിഭാഗത്തിൽ 89 ശതമാനവും ക്ലാസ് കണ്ടു. പട്ടികജാതി വിഭാഗത്തിൽ 79 ശതമാനവും പട്ടികവർഗത്തിൽ 57 ശതമാനവുമാണ് ക്ലാസ് കണ്ടത് (ഗ്രാഫ് 10).




ഗ്രാഫ് 10

### 1.3 വീട്ടിൽ ലഭ്യമായ ഉപകരണങ്ങൾ

സർവ്വേയിൽ പങ്കെടുത്ത 88 ശതമാനം കുട്ടികളുടെ വീട്ടിലും ടി.വി. ഉണ്ട്. 66 ശതമാനത്തിന് സ്മാർട്ട് ഫോണുണ്ട്. കമ്പ്യൂട്ടർ ഉള്ള 19 ശതമാനമുണ്ട്. 6 ശതമാനത്തിന് ടാബ്ലറ്റുണ്ട്. 12 ശതമാനം കുട്ടികളുടെ വീട്ടിൽ ടി.വി. ഇല്ല. 8 ശതമാനം കുട്ടികൾക്ക് സ്മാർട്ട് ഫോണില്ല. 80 ശതമാനം കുട്ടികളുടെ വീട്ടിലും കമ്പ്യൂട്ടറില്ല. 25 ശതമാനം കുട്ടികളുടെ വീട്ടിൽ ഒന്നിലേറെ സ്മാർട്ട് ഫോണുകൾ ഉണ്ട് (ഗ്രാഫ് 11).




ഗ്രാഫ് 11

## 1.4 ലഭ്യമായ ഉപകരണങ്ങളുടെ ഉപയോഗം

കുട്ടികളിൽ 53.1 ശതമാനം ടി.വി. യും ഫോണും ഉപയോഗിച്ച് ഡിജിറ്റൽ ക്ലാസുകൾ കാണുന്നു. ടി.വി. മാത്രം പ്രയോജനപ്പെടുത്തുന്ന 17.4 ശതമാനവും, മൊബൈൽ ഫോൺ ഫോൺ ഇടയ്ക്ക് മാത്രം ലഭിക്കുന്ന 10.1 ശതമാനവും, ടി.വി. യും ഫോണും കമ്പ്യൂട്ടറും പ്രയോജനപ്പെടുത്തുന്ന 7. 1 ശതമാനവും ഉണ്ട്. മൊബൈൽ ഫോൺ ഫോൺ മുഴുവൻ സമയവും ലഭ്യമാവുന്ന 5.8 ശതമാനവും ടാബ് ഉപയോഗിക്കുന്ന 1 ശതമാനവും കമ്പ്യൂട്ടർ ഉപയോഗിക്കുന്ന 0.5 ശതമാനവും കുട്ടികൾ ഉണ്ട്. ഒരു സൗകര്യവും ലഭിക്കാത്ത 0.5 ശതമാനം കുട്ടികളും ഉണ്ട്. ഇതിൽ ഒന്നിലധികം ചോയ്സുകൾ തിരഞ്ഞെടുത്ത 8 ശതമാനം പേരും ഒന്നും തിരഞ്ഞെടുക്കാത്ത 2 പേരുമുണ്ട് (ഗ്രാഫ് 12).




ഗ്രാഫ് 12

## 1.5 അവസരമില്ലാതിരുന്ന കുട്ടികൾക്ക് ലഭിച്ച സൗകര്യം

ഡിജിറ്റൽ പഠനത്തിന് അവസരമില്ലാതിരുന്ന കുട്ടികൾക്ക് പിന്നിട് അതിനുള്ള സൗകര്യം ലഭിച്ചത് ഏത് വഴിയാണെന്ന ചോദ്യത്തിന് 111 കുട്ടികളിൽ 100 പേർ പ്രതികരിച്ചു.

100 പേരിൽ എ.പി.എൽ.. വിഭാഗത്തിലെ 51 പേരും ബി.പി.എൽ.. വിഭാഗത്തിലെ 49 പേരുമാണ് ഉണ്ടായിരുന്നത്. ഇതിൽ 5 ശതമാനം സാംസ്കാരിക നിലയത്തെയും 39 ശതമാനം അയൽപക്ക വീടുകളെയും 7 ശതമാനം പഠന വീടുകളെയും 5 ശതമാനം വായനശാലകളെയും ആശ്രയിച്ചു. മറ്റു മാർഗങ്ങളിലൂടെ ക്ലാസ് കണ്ട 33 ശതമാനം പേരുണ്ട്.

സൗകര്യം ലഭിക്കാതിരുന്ന കുട്ടികളിൽ9 ശതമാനം പേർക്ക് ഇതുവരെയും സൗകര്യം ലഭിച്ചിട്ടില്ല. അതിൽ 5.5 ശതമാനം എ.പി.എൽ.. വിഭാഗത്തിലുള്ളവരാണ് (ഗ്രാഫ് 13).




ഗ്രാഫ് 13

## 1.6 ക്ലാസുകളിൽ പൂർണമായും പങ്കെടുത്തവർ

67 ശതമാനം കുട്ടികൾ ആദ്യത്തെ ക്ലാസ് മുതൽ എല്ലാ ക്ലാസുകളും പൂർണമായി കണ്ടിട്ടുണ്ട്. 33 ശതമാനം ഭാഗികമായി മാത്രമേ കാണ്ടിട്ടുള്ളൂ. എ.പി.ൽ. വിഭാഗത്തിലെ 76 ശതമാനം എല്ലാ ക്ലാസുകളും പൂർണമായും കാണുമ്പോൾ 24 ശതമാനം ഭാഗികമായി മാത്രമേ കാണ്ടിട്ടുള്ളൂ.

### എ. എ.പി.എൽ. – ബി.പി.എൽ. വിഭാഗം

പ്രതികരണം രേഖപ്പെടുത്തിയവരിൽ ബി.പി.എൽ. വിഭാഗത്തിലെ 54 ശതമാനം എല്ലാ ക്ലാസുകളും പൂർണമായി കണ്ടിട്ടുണ്ട്. 46 ശതമാനം ഭാഗികമായി മാത്രമേ കണ്ടിട്ടുള്ളൂ. 12 ശതമാനം പ്രതികരണം രേഖപ്പെടുത്തിയിട്ടില്ല (ഗ്രാഫ് 14).




ഗ്രാഫ് 14

### ബി. ജനിച്ച വിഭാഗം

ജനറൽ വിഭാഗത്തിലെ 73 ശതമാനം കുട്ടികൾ ക്ലാസുകൾ പൂർണമായി കണ്ടിട്ടുണ്ട്. 27 ശതമാനം പേർ ഭാഗികമായി മാത്രമേ ക്ലാസുകൾ കണ്ടിട്ടുള്ളൂ. ഒ.ബി.സി. വിഭാഗത്തിലെ 69 ശതമാനം മുഴുവൻ ക്ലാസും കണ്ടിട്ടുണ്ട്. 31 ശതമാനം കുട്ടികൾ ഭാഗികമായേ കണ്ടിട്ടുള്ളൂ. ഒ.ഇ.സി. വിഭാഗത്തിലെ കുട്ടികളിൽ 77 ശതമാനം കുട്ടികൾ എല്ലാ ക്ലാസുകളും കണ്ടിട്ടുണ്ട്. 23 ശതമാനം ഭാഗികമായി മാത്രമേ കണ്ടിട്ടുളളൂ. പട്ടികജാതി വിഭാഗത്തിലെ 53 ശതമാനം പൂർണമായും കണ്ടിട്ടുണ്ട്. 46 ശതമാനം ഭാഗികമായേ കണ്ടിട്ടുള്ളൂ. 1 ശതമാനം കുട്ടികൾ ഒരു ക്ലാസുപോലും കണ്ടിട്ടില്ല. പട്ടികവർഗ വിഭാഗത്തിലെ 38 ശതമാനം മാത്രമേ എല്ലാ ക്ലാസുകളും കണ്ടിട്ടുള്ളൂ. 62 ശതമാനം ഭാഗികമായി മാത്രമേ ക്ലാസുകൾ കാണ്ടിട്ടുള്ളൂ (ഗ്രാഫ് 15).




ഗ്രാഫ് 15

## സി. തടസ്സം നേരിട്ടവർ

55 ശതമാനത്തിന് സ്ഥിരമായി ക്ലാസുകൾ കാണുന്നതിന് തടസ്സം നേരിടുന്നുണ്ട്. എ.പി.എൽ. വിഭാഗത്തിലെ 45 ശതമാനം തടസ്സം നേരിടുന്നുണ്ട് എന്ന് പ്രതികരിച്ചു. ബി.പി.എൽ. വിഭാഗത്തിലെ 70 ശതമാനം പേർക്കും തടസ്സം നേരിടുന്നുണ്ട് (ഗ്രാഫ് 16).




ഗ്രാഫ് 16

ജനറൽ വിഭാഗത്തിലെ 52 ശതമാനം പേർക്ക് തടസ്സം നേരിടുന്നില്ല. ഒ.ബി.സി. വിഭാഗത്തിലെ 53 ശതമാനം പേർക്കും തടസ്സം നേരിടുന്നു. ഒ.ഇ.സി. വിഭാഗത്തിലെ 54 ശതമാനത്തിന് തടസ്സം നേരിടുന്നു. പട്ടികജാതി വിഭാഗത്തിലെ 72 ശതമാനത്തിനും പട്ടികവർഗത്തിലെ 94 ശതമാനത്തിനും തടസ്സം നേരിടുന്നു (ഗ്രാഫ് 17) .




ഗ്രാഫ് 17

എ.പി.എൽ. വിഭാഗത്തിൽ ജനറൽ വിഭാഗത്തിലെ 40 ശതമാനത്തിന് ക്ലാസ് കാണുന്നതിൽ തടസ്സം നേരിട്ടു. എ.പി.എൽ. വിഭാഗത്തിലെ പട്ടികജാതിക്കാരായ 60 ശതമാനത്തിന് തടസ്സം നേരിട്ടു. പട്ടികവർഗത്തിൽ 50 ശതമാനമാണ്. ഒ.ബി.സി. വിഭാഗത്തിൽ 47 ശതമാനത്തിന് തടസ്സം നേരിട്ടു (ഗ്രാഫ് 18).




ഗ്രാഫ് 18

ബി.പി.എൽ. വിഭാഗത്തിൽ പെട്ട 70 ശതമാനത്തിന് ക്ലാസ് കാണുന്നതിൽ തടസ്സം നേരിട്ടു. ജനറൽ, ഒ.ഇ.സി, പട്ടികജാതി വിഭാഗങ്ങളിൽ 70 ശതമാനത്തിനും ക്ലാസ് കാണുന്നതിൽ തടസ്സം നേരിട്ടു. ഒ.ബി.സി. വിഭാഗത്തിൽ ഇത് 65 ശതമാനമാണ്. ബി.പി.എൽ. വിഭാഗത്തിൽപെട്ട പട്ടികവർഗത്തിലെ 100 ശതമാനത്തിനും തടസ്സം നേരിട്ടു (ഗ്രാഫ് 19) .




ഗ്രാഫ് 19

## ഡി. തടസ്സം– കാരണങ്ങൾ

തടസ്സം ഉണ്ടെങ്കിൽ കാരണങ്ങൾ എന്തൊക്കെ എന്ന ചോദ്യത്തോട് പ്രതികരിച്ച 40 ശതമാനം പേരും ഇന്റർനെറ്റിന്റെ വേഗതക്കുറവാണ് കാരണമായി പറഞ്ഞത്. 17 ശതമാനം ഇന്റർനെറ്റിന്റെ അഭാവം രേഖപ്പെടുത്തി. സ്മാർട്ട് ഫോൺ/ ഇലക്ട്രോണിക് ഉപകരണം ഇല്ലാത്തതിനാൽ എന്ന് രേഖപ്പെടുത്തിയത് 14 ശതമാനമാണ്. ഫോൺ മെമ്മറിയുടെ പ്രശ്നങ്ങൾ കാരണമായി പറഞ്ഞ 9 ശതമാനം കുട്ടികളുണ്ട്. പകൽ സമയത്ത് രക്ഷിതാവ് വീട്ടിലില്ല എന്ന കാരണം പറഞ്ഞ 5 ശതമാനം ഉണ്ട്. വീട്ടിലെ മറ്റ് ജോലികൾ ഉള്ളതിനാൽ 2 ശതമാനം പേരും കാരണം വ്യക്തമാക്കാത്ത 1ശതമാനവുമുണ്ട്. ഉപകരണം ഉപയോഗിക്കുന്നതിലെ പരിജ്ഞാനക്കുറവ് സൂചിപ്പിച്ച 1 ശതമാനം ഉണ്ട്. ഒന്നിലേറെ കാരണങ്ങൾ പറഞ്ഞ 175 പേരുണ്ട് (ഗ്രാഫ് 20).




ഗ്രാഫ് 20

## 1.7 വിഷയങ്ങളും നേരിട്ട പ്രയാസങ്ങളും

### എ. വിഷയങ്ങൾ

സർവ്വേയിൽ പങ്കെടുത്ത 24 ശതമാനത്തിനും ഗണിതമാണ് ഏറ്റവും പ്രയാസമായി തോന്നിയത്. ഒരു വിഷയവും പ്രയാസമായി തോന്നുന്നില്ല എന്ന് 23 ശതമാനം പ്രതികരിച്ചു. 17 ശതമാനത്തിന് ഇംഗ്ലീഷും 16 ശതമാനത്തിന് ഹിന്ദിയും 11 ശതമാനത്തിന് ശാസ്ത്രവും 7 ശതമാനത്തിന് സാമൂഹിക ശാസ്ത്രവും 2 ശതമാനത്തിന് മലയാളവും പ്രയാസമായി തോന്നി. ഒന്നിലധികം വിഷയം പ്രയാസമായി തോന്നിയ 12ശതമാനം പേരാണുള്ളത് (ഗ്രാഫ് 21).




ഗ്രാഫ് 21

### ബി. അവതരണം

22 ശതമാനം കുട്ടികൾക്ക് നോട്ടുകൾ കുറിച്ചെടുക്കാൻ പ്രയാസം നേരിടുന്നുണ്ട്. ആശയങ്ങൾ മനസ്സിലാക്കുന്നതിൽ പ്രയാസം നേരിടുന്നതായി 21ശതമാനംകുട്ടികൾ പറഞ്ഞു. ഡിജിറ്റൽ ക്ലാസുകളുടെ അവതരണം വേഗത്തിലുള്ളതും വ്യക്തത കുറഞ്ഞതും കാരണം പ്രയാസം തോന്നുന്നുവെന്ന് 10 ശതമാനം രേഖപ്പെടുത്തി. 9 ശതമാനത്തിന് ഡിജിറ്റൽ ക്ലാസിൽ അധ്യാപകർ പറയുന്നത് മനസ്സിലാവുന്നില്ല. അധ്യാപകരുടെ ഭാഷ മനസ്സിലാക്കാൻ പ്രയാസമാണെന്ന് 8 ശതമാനവും പഠിക്കുന്ന മാധ്യമത്തിലല്ലാത്തതുകൊണ്ട് പ്രയാസമാണെന്ന് 7 ശതമാനവും പ്രതികരിച്ചു. 4 ശതമാനം ഡിജിറ്റൽ ക്ലാസുകളുടെ അവ്യക്തതയാണ് കാരണമായി രേഖപ്പെടുത്തിയത്. മറ്റു ശബ്ദങ്ങൾക്കിടയിൽ ശ്രദ്ധ കിട്ടുന്നില്ലെന്ന് പറഞ്ഞ 3 ശതമാനം കുട്ടികളുമുണ്ട്. ഉചിതമായ ഉദാഹരണങ്ങളില്ലെന്ന് പറഞ്ഞ 2 ശതമാനം പേരും ഉദാഹരണങ്ങളുടെ അഭാവം സൂചിപ്പിച്ച 2 ശതമാനവും ആവശ്യത്തിന് ചിത്രങ്ങൾ വീഡിയോ ആനിമേഷൻ ഓഡിയോ എന്നിവ ഇല്ലാത്തത് കാരണമായി പറഞ്ഞ 2 ശതമാനവും നിത്യജീവിതവുമായി ബന്ധിപ്പിക്കാറില്ല എന്ന് പറഞ്ഞ 1 ശതമാനവുമുണ്ട്. മറ്റുള്ള കാരണങ്ങൾ എന്ന് പറഞ്ഞ 9 ശതമാനം പേരുണ്ട്. 34 ശതമാനം പേർ ഒന്നിലധികം കാരണങ്ങൾ രേഖപ്പെടുത്തി (ഗ്രാഫ് 22).




ഗ്രാഫ് 22

## സി. തുടർ പ്രവർത്തനങ്ങൾ

അധ്യാപകർ തുടർ പ്രവർത്തനങ്ങൾ നൽകുന്നുണ്ടെന്ന് രേഖപ്പെടുത്തിയത് 97 ശതമാനമാണ്. എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ ഇതിൽ വലിയ വ്യത്യാസമില്ല (ഗ്രാഫ് 23).




ഗ്രാഫ് 23

വാട്സപ്പ് വഴിയാണ് അധ്യാപകർ തുടർപ്രവർത്തനങ്ങൾ നൽകുന്നതെന്ന് 81 ശതമാനം കുട്ടികൾ രേഖപ്പെടുത്തി. 11 ശതമാനം ഫോൺ വഴി വിളിച്ച് പറയുമെന്ന് പ്രതികരിച്ചു. 7 ശതമാനം വീഡിയോ മീറ്റ് വഴിയാണെന്നും രേഖപ്പെടുത്തി. മറ്റു മാർഗങ്ങൾ എന്നു പറഞ്ഞ 2 ശതമാനം കുട്ടികളും ഉണ്ട് (ഗ്രാഫ് 24).




ഗ്രാഫ് 24

## ഡി. തുടർപ്രവർത്തനങ്ങളുടെ പൂർത്തീകരണം

70 ശതമാനം കുട്ടികൾ അധ്യാപകർ നൽകുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കാറുണ്ടെന്ന് പ്രതികരിച്ചു. ഭാഗികമായി പൂർത്തീകരിക്കുന്ന 28 ശതമാനം കുട്ടികളുണ്ട്. ചെയ്യാൻ സാധിക്കുന്നില്ലെന്ന് എന്ന് പ്രതികരിച്ച 2 ശതമാനവുമുണ്ട്(ഗ്രാഫ് 25).




ഗ്രാഫ് 25

ഡിജിറ്റൽ ക്ലാസിൽ അധ്യാപകർ നൽകുന്ന പ്രവർത്തനങ്ങൾ പൂർണമായി ചെയ്യുന്ന 70 ശതമാനത്തിൽ 45 ശതമാനവും പെൺകുട്ടികളാണ്. ഭാഗികമായി ചെയ്യുന്ന 28 ശതമാനത്തിൽ പകുതി പെൺകുട്ടികളാണ്. ചെയ്യാൻ സാധിക്കില്ല എന്ന് പറഞ്ഞ 2 ശതമാനത്തിൽ കൂടുതലും ആൺകുട്ടികളാണ് (ഗ്രാഫ് 26).




ഗ്രാഫ് 26

## ഇ. തുടർപഠനത്തിനുള്ള സഹായം

ഡിജിറ്റൽ ക്ലാസിന് ശേഷം പഠിപ്പിച്ച കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കാനായി 23 ശതമാനം അധ്യാപകരുടെ സഹായം തേടി. 23 ശതമാനം പാഠപുസ്തകം വായിച്ചു നോക്കി. അച്ഛൻ, അമ്മ, സഹോദരങ്ങൾ എന്നിവർ സഹായിക്കുന്നതായി 19 ശതമാനം കുട്ടികൾ രേഖപ്പെടുത്തി. ഡിജിറ്റൽ ക്ലാസുകൾ ആവർത്തിച്ചു കണ്ടുവെന്ന് പറഞ്ഞ 15 ശതമാനം കുട്ടികളുണ്ട്. ഇന്റർനെറ്റിൽ കൂടുതൽ തിരഞ്ഞു മനസ്സിലാക്കിയെന്ന് 7 ശതമാനം പ്രതികരിച്ചു. കൂട്ടുകാരുമായി ചർച്ച ചെയ്യുന്നുവെന്ന് രേഖപ്പെടുത്തിയ 7 ശതമാനം കുട്ടികളും ട്യൂഷൻ അധ്യാപകരുമായി ചർച്ച ചെയ്യുന്നുവെന്ന് രേഖപ്പെടുത്തിയ 6 ശതമാനം കുട്ടികളുമുണ്ട്. ഭൂരിഭാഗം പേരും ഒന്നിലേറെ ഉത്തരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്(ഗ്രാഫ് 27).




ഗ്രാഫ് 27

## എഫ്. പഠനത്തിനും തുടർപ്രവർത്തനത്തിനുമായി ചെലവഴിക്കുന്ന സമയം

32 ശതമാനം കുട്ടികൾ ഒരു ദിവസം രണ്ട് മണിക്കൂർ സമയം ക്ലാസിനും തുടർ പ്രവർത്തനത്തിനുമായി ചെലവഴിക്കുന്നു. 21 ശതമാനം കുട്ടികൾ 3 മണിക്കൂർ സമയം ചെലവഴിക്കുന്നു. 19 ശതമാനം കുട്ടികൾ ഒരു മണിക്കൂർ സമയം പഠനത്തിനായി ചെലവഴിക്കുന്നു. 4 മണിക്കൂർ ചെലവഴിക്കുന്ന 13 ശതമാനം കുട്ടികളും 5 മണിക്കൂർ ചെലവഴിക്കുന്ന 7ശതമാനം കുട്ടികളും ഉണ്ട്. 6 മണിക്കൂർ ചെലവഴിക്കുന്ന 2 ശതമാനത്തിൽ കൂടുതലും പെൺകുട്ടികളാണ്. ആറിലേറെ മണിക്കൂറുകൾ ചെലവഴിക്കുന്ന 2 ശതമാനം കുട്ടികളും ഉണ്ട് . അര മണിക്കൂർ മാത്രം ചെലവഴിക്കുന്ന 4ശതമാനം പേരുണ്ട്(ഗ്രാഫ് 28).




ഗ്രാഫ് 28

## ജി. ചെലവഴിക്കുന്ന സമയം ക്ലാസ് തിരിച്ച്

ഒന്നാം ക്ലാസിലെ കുട്ടികൾ ശരാശരി 1.5 മണിക്കൂർ പഠനത്തിനായി ചെലവഴിക്കുന്നു. എൽ.പി., യു.പി. വിഭാഗങ്ങളിൽ ഇത് ശരാശരി 2 മണിക്കൂറാണ്. 10ാം ക്ലാസിലെ കുട്ടികൾ ശരാശരി 4 മണിക്കൂർ സമയം പഠനത്തിനായി ചെലവഴിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ മൊത്തം നോക്കുമ്പോൾ അത് ശരാശരി 3 മണിക്കൂറാണ്. പന്ത്രണ്ടാം ക്ലാസിലെ കുട്ടികൾ ശരാശരി 3 മണിക്കൂർ സമയം പഠനത്തിനായി ചെലവഴിക്കുന്നു (ഗ്രാഫ് 29).




ഗ്രാഫ് 29

## എച്ച്. ക്ലാസിനുശേഷമുള്ള തുടർപ്രവർത്തനങ്ങൾ ലഭിക്കുന്നതിന് നേരിടുന്ന പ്രയാസങ്ങൾ

ക്ലാസിനു ശേഷമുള്ള തുടർപ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിന് തീരെ പ്രയാസം അനുഭവപ്പെടുന്നില്ലെന്ന് 29 ശതമാനം കുട്ടികൾ പറഞ്ഞു. കുറച്ച് പ്രയാസങ്ങൾ നേരിടുന്നതായി 66 ശതമാനവും വളരെ അധികം പ്രയാസം നേരിടുന്നതായി 5 ശതമാനവും രേഖപ്പെടുത്തി (ഗ്രാഫ് 30).




ഗ്രാഫ് 30

## ഐ. പ്രയാസം അനുഭവപ്പെടുന്നതിന്റെ കാരണങ്ങൾ

32 ശതമാനത്തിന്റെ പ്രയാസത്തിന് കാരണമാകുന്നത് ഫോൺ ഇന്റർനെറ്റ് എന്നിവയിൽ വരുന്ന തടസ്സമാണ്. പഠനപ്രവർത്തനങ്ങൾ വിലയിരുത്താനും അഭിപ്രായം പറയാനും അധ്യാപകർ ഇല്ലാത്തത് പ്രയാസമുണ്ടാക്കുന്നതായി 14 ശതമാനം പ്രതികരിച്ചു. ഡിജിറ്റൽ ക്ലാസിൽ അവതരിപ്പിച്ച ആശയം വ്യക്തമാവാത്തത് പ്രയാസമാവുന്നതായി 14 ശതമാനം അഭിപ്രായപ്പെട്ടു. 11 ശതമാനത്തിന് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് തടസ്സമുള്ളതായി സൂചിപ്പിച്ചു. കൂടുതൽ വിവരശേഖരണത്തിനായുള്ള റഫറൻസ് പുസ്തകങ്ങളുടെ അഭാവം 7 ശതമാനത്തിന് പ്രയാസമുണ്ടാക്കുന്നു. പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള താത്പര്യമില്ലായ്മ 5 ശതമാനത്തിന്റെ പ്രയാസത്തിന് കാരണമാവുന്നു (ഗ്രാഫ് 31).




ഗ്രാഫ് 31

## ജെ. പഠനോത്പന്നങ്ങളുടെ വിലയിരുത്തൽ

ഗൃഹപാഠങ്ങളും പഠനോത്പന്നങ്ങളും വിലയിരുത്തി അഭിപ്രായം പറഞ്ഞതാര് എന്ന ചോദ്യത്തിന് 79 ശതമാനംകുട്ടികൾ അധ്യാപകർ എന്ന് രേഖപ്പെടുത്തി. 34 ശതമാനം കുടുംബാംഗങ്ങൾ എന്ന് പ്രതികരിച്ചു. സ്വയം വിലയിരുത്തി എന്ന് രേഖപ്പെടുത്തിയ 19 ശതമാനം പേരുണ്ട്. ട്യൂഷൻ ടീച്ചർ എന്ന് രേഖപ്പെടുത്തിയ 6 ശതമാനവും സഹപാഠികൾ എന്നെഴുതിയ 4 ശതമാനവും ഉണ്ട് (ഗ്രാഫ് 32).




ഗ്രാഫ് 32

## 1.8 ഡിജിറ്റൽ ക്ലാസുകളും സ്കൂൾ അധ്യാപകരുടെ ക്ലാസുകളും

വിക്ടേഴ്സ് ഡിജിറ്റൽ ക്ലാസുകളാണോ സ്കൂളിലെ അധ്യാപകരുടെ ക്ലാസുകളാണോ കൂടുതൽ ഇഷ്ടം എന്ന ചോദ്യത്തിന് 49 ശതമാനം രണ്ടും ഇഷ്ടമാണെന്ന് രേഖപ്പെടുത്തി. 47 ശതമാനം സ്കൂളിലെ അധ്യാപകരുടെ ക്ലാസെന്ന് രേഖപ്പെടുത്തിയപ്പോൾ 4ഓ ശതമാനം വിക്ടേഴ്സിലെ ക്ലാസാണ് കൂടുതൽ ഇഷ്ടമെന്ന് രേഖപ്പെടുത്തി(ഗ്രാഫ് 33).




ഗ്രാഫ് 33

## 1.9 സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ നഷ്ടപ്പെടുന്നവ

സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ എന്തെല്ലാമാണ് നഷ്ടമാകുന്നതായി തോന്നുന്നത് എന്ന ചോദ്യത്തിന് 69 ശതമാനം പേർ കൂട്ടുകാരുമായി സന്തോഷവും വിഷമങ്ങളും പങ്കുവെക്കാൻ കഴിയാത്തത് എന്ന് രേഖപ്പെടുത്തി. 66 ശതമാനം കൂട്ടുകാരുമായുള്ള ആശയവിനിമയം എന്നും 65 ശതമാനം രസകരമായ ക്ലാസ് റൂം അന്തരീക്ഷം എന്നും പ്രതികരിച്ചു. ഇഷ്ടപ്പെടുന്ന അധ്യാപകരുടെ സാമീപ്യം നഷ്ടപ്പെടുന്നതായി 60 ശതമാനം രേഖപ്പെടുത്തി. സ്കൂളിലേക്കും തിരിച്ചുമുള്ള യാത്ര എന്ന് രേഖപ്പെടുത്തിയ 44 ശതമാനം കുട്ടികൾ ഉണ്ട്. 21 ശതമാനം സ്കൂൾ ഭക്ഷണം എന്ന് രേഖപ്പെടുത്തി.

## 1.10 ആപ്പുകളും ട്യൂഷനും

വിക്ടേഴ്സ് ഡിജിറ്റൽ ക്ലാസിനൊപ്പം പണം കൊടുത്ത് ഉപയോഗിക്കുന്ന ആപ്പുകൾ ഉപയോഗിക്കുന്ന 3 ശതമാനം ഉണ്ട്. ഇത്തരം ആപ്പുകൾക്കായി വർഷത്തിൽ 500 രൂപ വരെ ചെലവഴിക്കുന്ന 7 പേരും 500 മുതൽ 1000 രൂപ വരെ ചെലവഴിക്കുന്ന 2 പേരുമുണ്ട്. 1000 മുതൽ 5000 രൂപ വരെ ചെലവിടുന്ന 8 പേരും 5000 മുതൽ 10000 വരെ ചെലവിടുന്ന 3 പേരുമുണ്ട്. 10,000 മുതൽ 20,000 രൂപ വരെ ചെലവാക്കുന്ന 3 പേരുണ്ട്. 20,000 മുതൽ 30,000 രൂപ വരെ ചെലവാക്കുന്ന 4 പേരും 40,000 മുതൽ 50,000 രൂപ വരെ ചെലവഴിക്കുന്ന ഒരാളുമുണ്ട്. വിക്ടേഴ്സ് ക്ലാസിനൊപ്പം ട്യൂഷന് പോകുന്ന 22ശതമാനം കുട്ടികളുണ്ട്.

# 2. അധ്യാപകർ

## 2.1 പൊതുവിവരങ്ങൾ

### എ. പഠനത്തിൽ പങ്കെടുത്ത അധ്യാപകരുടെ എണ്ണം

സർവ്വേയിൽ 1046 അധ്യാപകർ പങ്കെടുത്തു. ഗൂഗിൾ ഫോം വഴിയാണ് പ്രതികരണം ആരാഞ്ഞത്.

### ബി. പ്രാതിനിധ്യം

1046 അധ്യാപകരിൽ 579 പേർ സർക്കാർ മേഖലയിലും 467 പേർ എയിഡഡ് മേഖലയിലും അധ്യാപനം നടത്തുന്നു. എല്ലാ ജില്ലകളിൽ നിന്നുമുള്ള അധ്യാപകർ സർവ്വേയിൽ പങ്കാളികളായി (ഗ്രാഫ് 34).




ഗ്രാഫ് 34

ഗ്രാമം, നഗരം, മലയോരം, തീരപ്രദേശം വനപ്രദേശം എന്നീ മേഖലകളിൽനിന്നുള്ള പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ളവർ സർവ്വേയിൽ പങ്കെടുത്തു (ഗ്രാഫ് 35).




ഗ്രാഫ് 35

## 2.2 കുട്ടികളും പഠനസൗകര്യങ്ങളും

76 മുതൽ 100 ശതമാനം വരെ കുട്ടികൾ സ്വന്തം വീട്ടിലെ സൗകര്യമാണ് ഉപയോഗപ്പെടുത്തുന്നതെന്ന് സർവ്വേയിൽ പങ്കെടുത്ത 84 ശതമാനം അധ്യാപകർ പ്രതികരിച്ചു. 51 മുതൽ 75 ശതമാനം വരെ കുട്ടികൾ വീട്ടിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതായി 13 ശതമാനം അധ്യാപകർ പറഞ്ഞു. 26 മുതൽ 50 ശതമാനം വരെ കുട്ടികൾക്ക് മാത്രമേ സൗകര്യമുള്ളൂ എന്ന് പ്രതികരിച്ച 2 ശതമാനം അധ്യാപകരും 26 ശതമാനത്തിന് താഴെ എന്ന് രേഖപ്പെടുത്തിയ 1 ശതമാനം അധ്യാപകരുമുണ്ട്.




ഗ്രാഫ് 36

വയനാട് ജില്ലയിലെ 76 മുതൽ 100 ശതമാനംവരെ കുട്ടികൾക്ക് വീട്ടിൽത്തന്നെ സൗകര്യമുണ്ടെന്ന് 46 ശതമാനം അധ്യാപകർ പ്രതികരിച്ചു. 51 മുതൽ 75 ശതമാനം വരെ കുട്ടികൾക്കേ വീട്ടിൽ പഠന സൗകര്യമുള്ളൂ എന്ന് 44 ശതമാനം അധ്യാപകർ രേഖപ്പെടുത്തി. 26 മുതൽ 50 ശതമാനംവരെ കുട്ടികൾക്ക് മാത്രമേ സൗകര്യമുള്ളൂ എന്ന് രേഖപ്പെടുത്തിയ 2 ശതമാനംഅധ്യാപകരും 11 മുതൽ 25 ശതമാനംവരെ എന്ന് രേഖപ്പെടുത്തിയ 2 ശതമാനംഅധ്യാപകരുമുണ്ട്. 10 ശതമാനം വരെ കുട്ടികൾക്ക് മാത്രമേ സൗകര്യമുള്ളൂ എന്ന് രേഖപ്പെടുത്തിയ 5 ശതമാനം അധ്യാപകരുണ്ട്. 0.2 ശതമാനം അധ്യാപകർ മാത്രമാണ് മറ്റുതരത്തിലുള്ള സൗകര്യങ്ങൾ ഉപയോഗിക്കുന്ന കുട്ടികളുണ്ടെന്ന് പറഞ്ഞത് (ഗ്രാഫ് 36).

## 2.3 മാർഗരേഖ വായിച്ചവർ

പഠനത്തിൽ പങ്കെടുത്ത അധ്യാപകരിൽ 91 ശതമാനം ഓൺലൈൻ ക്ലാസ് സംബന്ധിച്ച് സർക്കാർ പുറത്തിറക്കിയ മാർഗരേഖ വായിച്ചവരാണ്(ഗ്രാഫ് 37).




ഗ്രാഫ് 37

## 2.4 പര്യാപ്തത

ഓൺലൈൻ ക്ലാസിലെ പ്രവർത്തനങ്ങൾ പഠനനേട്ടങ്ങൾ സ്വായത്തമാക്കുന്നതിന് ഭാഗികമായി മാത്രമേ പര്യാപ്തമാകുന്നുള്ളൂ എന്ന് സർവ്വേയിൽ പങ്കെടുത്ത 83 ശതമാനം അധ്യാപകർ അഭിപ്രായപ്പെടുന്നു. പൂർണമായും പര്യാപ്തമാണെന്ന് 15 ശതമാനവും പര്യാപ്തമല്ലെന്ന് 2 ശതമാനവും പ്രതികരിച്ചു(ഗ്രാഫ് 38).




ഗ്രാഫ് 38

## 2.5 അപര്യാപ്തതപരിഹരണം– വിവിധ മാർഗങ്ങൾ

ഈ പ്രശ്നം പരിഹരിക്കുന്നതിനായി അധ്യാപകർ വിവിധ മാർഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കുട്ടികളുടെ വാട്സപ്പ് ഗ്രൂപ്പുകളിൽ ശബ്ദസന്ദേശങ്ങളും വീഡിയോകളും നൽകുന്നു. ഫോണിൽ വിളിച്ച് സംശയ നിവാരണം നടത്തുന്നവരുണ്ട്. ക്ലാസ് കാണാൻ കഴിയാത്ത വിദ്യാർഥികൾക്കായി ക്ലാസിന്റെ ലിങ്ക്, നോട്ടുകൾ എന്നിവ അയച്ചുകൊടുക്കുന്നുമുണ്ട്.

## 2.6 ബോധന ഭാഷ

ആശയങ്ങൾ ഗ്രഹിക്കുന്നതിന് ബോധന ഭാഷ തടസ്സമാകുന്നുണ്ടോ എന്ന ചോദ്യത്തിന് 62 ശതമാനം അധ്യാപകർ ഇല്ല എന്ന് പ്രതികരിച്ചപ്പോൾ 38 ശതമാനം ഉണ്ട് എന്ന് പ്രതികരിച്ചു(ഗ്രാഫ് 39).




ഗ്രാഫ് 39

നഗര, ഗ്രാമ, മലയോര മേഖലകളിൽ നിന്നുള്ളവരുടെ പ്രതികരണം പൊതു പ്രതികരണത്തിന് സമാനമാണ്. എന്നാൽ തീരദേശത്തുനിന്നുള്ള 53 ശതമാനം പേർ തടസ്സമാകുന്നുണ്ട് എന്ന് പ്രതികരിച്ചു( ഗ്രാഫ് 40).




ഗ്രാഫ് 40

തടസ്സമാകുന്നുണ്ടെങ്കിൽ എത്രമാത്രമെന്ന ചോദ്യത്തിന് 94 ശതമാനം പേർ ചിലപ്പോഴൊക്കെ എന്നും 6 ശതമാനം എപ്പോഴുമെന്നും രേഖപ്പെടുത്തി (ഗ്രാഫ് 41).




ഗ്രാഫ് 41

## 2.7 ഡിജിറ്റൽ ക്ലാസിന്റെ ഫലപ്രാപ്തി

താങ്കളുടെ വിഷയത്തിലെ ഡിജിറ്റൽ ക്ലാസിന്റെ ഫലപ്രാപ്തി എത്രത്തോളമെന്ന ചോദ്യത്തിന് 59 ശതമാനം അധ്യാപകർ മികച്ചത് എന്ന് രേഖപ്പെടുത്തിയപ്പോൾ 28 ശതമാനം ശരാശരി എന്നും 12 ശതമാനം വളരെ മികച്ചത് എന്നും ഒരു ശതമാനം ശരാശരിയിൽ താഴെയാണെന്നും പ്രതികരിച്ചു (ഗ്രാഫ് 42).




ഗ്രാഫ് 42

## 2.8 നിർദിഷ്ട ആശയങ്ങളും ശേഷികളും പൂർണമായും നേടുന്നവർ

ഡിജിറ്റൽ ക്ലാസുകൾ വഴി 90 ശതമാനത്തിലേറെ കുട്ടികൾ നിർദിഷ്ട ആശയങ്ങളും ശേഷികളും പൂർണമായും നേടുന്നുണ്ടെന്ന് 2 ശതമാനം അധ്യാപകർ രേഖപ്പെടുത്തി. 50 മുതൽ 90 ശതമാനം വരെ കുട്ടികളെന്ന് 25 ശതമാനവും 10 നും 50 നും ഇടയിലെന്ന് 42 ശതമാനവും 10 ശതമാനത്തിൽ താഴെയെന്ന് 31 ശതമാനവും പ്രതികരിച്ചു. എൽ.പി. വിഭാഗത്തിൽ ഇത് 17 ശതമാനവും യു.പി.യിൽ 31 ശതമാനവും ഹൈസ്കൂളിൽ 40 ശതമാനവും ഹയർ സെക്കണ്ടറിയിൽ 37 ശതമാനവുമാണ്(ഗ്രാഫ് 43).




ഗ്രാഫ് 43

## 2.9 പ്രവർത്തനങ്ങൾ പൂർത്തിയാക്കി അയച്ചുകൊടുക്കുന്നവർ

ഡിജിറ്റൽ ക്ലാസിൽ നൽകുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കി അയച്ചുകൊടുക്കുന്ന കുട്ടികൾ 76 മുതൽ 100 ശതമാനമെന്ന് 24 ശതമാനം അധ്യാപകരും 51 മുതൽ 75 ശതമാനമെന്ന് 42 ശതമാനം അധ്യാപകരും പ്രതികരിച്ചു. അത് 26 മുതൽ 50 ശതമാനം വരെയെന്ന് 23 ശതമാനം അധ്യാപകരും അഭിപ്രായപ്പെട്ടു. 11 മുതൽ 25 ശതമാനം വരെയെന്ന് 9 ശതമാനവും 10 ൽ തഴെയെന്ന് 4 ശതമാനവും പറഞ്ഞു. തീരെയില്ല എന്ന് പ്രതികരിച്ച ആരുംതന്നെയില്ല (ഗ്രാഫ് 44).




ഗ്രാഫ് 44

## 2.10 കുട്ടികളുടെ രചനകൾ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി അയച്ചുകൊടുക്കുന്നവർ

കുട്ടികളുടെ രചനകൾ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തി അയച്ചുകൊടുക്കാൻ പൂർണമായും കഴിയുന്നുണ്ടെന്ന് 68 ശതമാനം അധ്യാപകർ അഭിപ്രായപ്പെട്ടപ്പോൾ ഭാഗികമായി മാത്രമേ കഴിയുന്നുള്ളൂവെന്ന് 32 ശതമാനവും രേഖപ്പെടുത്തി (ഗ്രാഫ് 45).




ഗ്രാഫ് 45

## 2.11 ഡിജിറ്റൽ രീതിയിലെ തൃപ്തി

ഡിജിറ്റൽ രീതിയിൽ 20.5 ശതമാനം അധ്യാപകർ തൃപ്തരാണ്. ഭാഗികമായി തൃപ്തി രേഖപ്പെടുത്തിയ 59 ശതമാനം അധ്യാപകരും ഒട്ടും തൃപ്തരല്ലാത്ത 20.5 ശതമാനം അധ്യാപകരുമുണ്ട് (ഗ്രാഫ് 46).

ഗ്രാഫ് 46




## 2.12 കുട്ടികൾക്ക് നിർദേശങ്ങളും സഹായങ്ങളും ചെയ്യുന്ന രീതി

78 ശതമാനം അധ്യാപകർ നവ മാധ്യമങ്ങൾ വഴി കുട്ടികൾക്ക് നിർദേശങ്ങളും സഹായങ്ങളും ചെയ്യുമ്പോൾ 21 ശതമാനം പേർ ഫോൺ വിളിക്കുകയാണ്. ഒരു ശതമാനം നേരിട്ട് ബന്ധപ്പെടുകയാണ് ചെയ്യുത് (ഗ്രാഫ് 47).




ഗ്രാഫ് 47

ഡിജിറ്റൽ ക്ലാസിനു ശേഷം കുട്ടികളുമായി സംവദിച്ച് ആശയവ്യക്തത വരുത്തുന്ന പ്രവർത്തനം മികച്ച രീതിയിൽ ചെയ്യുന്നുണ്ടെന്ന് 38 ശതമാനം പറയുമ്പോൾ ശരാശരി മാത്രമെന്ന് 58 ശതമാനവും ശരാശരിയിൽ താഴെയെന്ന് 4 ശതമാനവും അഭിപ്രായ പ്പെടുന്നു (ഗ്രാഫ് 48).




ഗ്രാഫ് 48

## 2.13 തുടർപ്രവർത്തനങ്ങൾ കുട്ടികൾക്ക് ഭാരമാവുന്നുവോ?

വിവിധ വിഷയങ്ങളുടെ തുടർപ്രവർത്തനങ്ങൾ ചെയ്യുന്നത് കുട്ടികൾക്ക് ഭാരമായി അനുഭവപ്പെടുന്നതായി 51 ശതമാനവും ഇല്ലെന്ന് 49 ശതമാനവും രേഖപ്പെടുത്തി (ഗ്രാഫ് 49).




ഗ്രാഫ് 49

## 2.14 ഡിജിറ്റൽ ക്ലാസും കുട്ടികളുടെ താല്പര്യവും

ഡിജിറ്റൽ ക്ലാസിൽ താല്പര്യപൂർവ്വം പങ്കെടുക്കുന്ന കുട്ടികളുടെ ശതമാനം ജൂണിൽ 90 ന് മുകളിലാണെന്ന് 25 ശതമാനം അധ്യാപകർ പ്രതികരിച്ചു. ജൂലൈ ആയപ്പോഴേക്കും അത് 11 ശതമാനമായി കുറഞ്ഞു. 50 ശതമാനത്തിനും 90 ശതമാനത്തിനും ഇടയിലുള്ള കുട്ടികൾ താല്പര്യപൂർവ്വം ഡിജിറ്റൽ ക്ലാസിൽ പങ്കെടുക്കുന്നുവെന്ന്പറഞ്ഞവർ ജൂണിൽ 59 ശതമാനമായിരുന്നെങ്കിൽ ജൂലൈ ആദ്യം അത് 52 ശതമാനമായി. താത്പര്യപൂർ വ്വം പങ്കെടുക്കുന്ന കുട്ടികളുടെ ശതമാനം 11നും 50 നും ഇടയിലാണെന്ന് അഭിപ്രായ

പ്പെടുന്ന അധ്യാപകർ ജൂണിൽ 14 ശതമാനമായിരുന്നെങ്കിൽ ജൂലൈ ആദ്യം അത് 52ശതമാനമായി ഉയർന്നു. പൊതുവേ കുട്ടികളുടെ താത്പര്യം ദിവസം കഴിയുന്തോറും കുറഞ്ഞുവരുന്നതായി അധ്യാപകർ സാക്ഷ്യപ്പെടുത്തുന്നു. ജൂലൈ രണ്ടാം പകുതിയാകുമ്പോഴേക്കും താത്പര്യമുള്ള കുട്ടികളുടെ ശതമാനം 90 നു മുകളിലാണെന്ന് പറഞ്ഞ അധ്യാപകർ 8 ശതമാനം മാത്രമാണ്. ആഗസ്റ്റ് ആദ്യ പകുതിയാവുമ്പോഴേക്കും അത് വീണ്ടും കുറഞ്ഞ് 7 ശതമാനമാവുന്നു. 50 ശതമാനത്തിനും 90 ശതമാനത്തിനും ഇടയിൽ കുട്ടികൾ താത്പര്യപൂർവ്വം പങ്കെടുക്കുന്നെന്ന് ജൂണിൽ 59 ശതമാനം അധ്യാപകർ പ്രതികരിച്ചപ്പോൾ ആഗസ്റ്റ് ആദ്യവാരമാകുമ്പോഴേക്കും അത് കുറഞ്ഞ് 46 ശതമാനമായി മാറുന്നു (ഗ്രാഫ് 50).




ഗ്രാഫ് 50

## 2.15 ഭിന്നശേഷിക്കാരായ കുട്ടികൾ

ഭിന്നശേഷി വിദ്യാർഥികൾക്ക് ഡിജിറ്റൽ ക്ലാസ് എത്രമാത്രം പ്രയോജനകരമാകുന്നുണ്ട് എന്ന ചോദ്യത്തിന് തൃപ്തികരമെന്ന് 14 ശതമാനം അധ്യാപകരും ശരാശരി എന്ന് 31 ശതമാനവും വളരെ കുറവ് എന്ന് 41 ശതമാനവും തീരെയില്ല എന്ന് 14 ശതമാനവും പ്രതികരിച്ചു (ഗ്രാഫ് 51).




ഗ്രാഫ് 51

## 2.16 ഡിജിറ്റൽ ക്ലാസും അധ്യാപകരുടെ അമിതസമ്മർദവും

ഡിജിറ്റൽ ക്ലാസുകൾ അമിത സമ്മർദമുണ്ടാക്കുന്നില്ലെന്ന് 77.5 ശതമാനം അധ്യാപകരും അഭിപ്രായപ്പെട്ടു (ഗ്രാഫ് 52).




ഗ്രാഫ് 52

ഉണ്ടെങ്കിൽ എത്രമാത്രം എന്ന ചോദ്യത്തിനോട് കുറച്ചുമാത്രം എന്ന് അഭിപ്രായപ്പെട്ട 61 ശതമാനം അധ്യാപകരും, അല്പം കൂടുതലാണ് എന്ന് അഭിപ്രായപ്പെട്ട 32 ശതമാനം പേരും വളരെ കൂടുതലാണ് എന്ന് അഭിപ്രായപ്പെട്ട 7 ശതമാനം അധ്യാപകരും ഉണ്ട്(ഗ്രാഫ് 53).




ഗ്രാഫ് 53

# 3. രക്ഷിതാക്കൾ

## 3.1 പൊതുവിവരങ്ങൾ

### എ. എണ്ണം

14 ജില്ലകളിൽ നിന്നായി 1340 രക്ഷിതാക്കൾ സർവ്വേയിൽ പങ്കെടുത്തു.792 സ്ത്രീക

ളും (59 ശതമാനം) 548 പുരുഷന്മാരും (41 ശതമാനം) പ്രായം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ എന്നിവ പരിഗണിക്കുമ്പോൾ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള രക്ഷിതാക്കളുടെ പ്രാതിനിധ്യം ഉണ്ടായിട്ടുണ്ട് (ഗ്രാഫ് 54).




ഗ്രാഫ് 54

## ബി. പ്രായപരിധി

52 ശതമാനം രക്ഷിതാക്കൾ 35– 44 പ്രായപരിധിയിലുള്ളവരാണ്. 50 വയസ്സിന് മുകളിലുള്ളവർ 9 ശതമാനമാനമാണ്. 24 വയസ്സിന് താഴെയുള്ള സ്ത്രീകളും പുരുഷൻമാരും ആറ് വീതമുണ്ട്(ഗ്രാഫ് 55).




ഗ്രാഫ് 55

## സി. വിദ്യാഭ്യാസയോഗ്യത

രക്ഷിതാക്കളിൽ 10.5 ശതമാനം ബിരുദാനന്തരബിരുദമുള്ളവരും 25.7 ശതമാനം ബിരുദമുള്ളവരുമാണ്. പ്രീ –ഡിഗ്രി/ +2 വരെ പഠിച്ച 27 ശതമാനവും പത്താം ക്ലാസ് വരെ പഠിച്ച 32.6 ശതമാനവും ഉണ്ട്. 4 ശതമാനം രക്ഷിതാക്കൾ അഗ്രിക്കൾച്ചർ, ടി.ടി.സി, ഫാർമസി, സിവിൽ ഡിപ്ലോമ, ഐ.ടി.ഐ. തുടങ്ങി വിവിധ പ്രൊഫഷണൽ കോഴ്സുകൾ കഴിഞ്ഞവരാണ്. പി എച്ച്.ഡി ബിരുദമുള്ള ഒരാളും കൂട്ടത്തിലുണ്ട്. സർവ്വേയിൽ പങ്കെടുത്ത 32 ശതമാനം രക്ഷിതാക്കൾ തൊഴിൽ രഹിതരാണ്. തൊഴിൽ രഹിതരായ രക്ഷിതാക്കളിൽ 95.8 ശതമാനവും സ്ത്രീകളാണ്(ഗ്രാഫ് 56).




ഗ്രാഫ് 56

## ഡി. തൊഴിൽ

25 ശതമാനം പേർ സർക്കാർ – അർധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണ്. ഇതിൽ 52 ശതമാനം സ്ത്രീകളാണ്. കൃഷി ഉപജീവനമായി തിരഞ്ഞെടുത്ത 4 ശതമാനമുണ്ട്. ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 15 ശതമാനവും സ്വയം തൊഴിൽ ചെയ്യുന്ന 13 ശതമാനവും സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന 10.75 ശതമാനവുമുണ്ട്. (ഗ്രാഫ് 57)




ഗ്രാഫ് 57

## ഇ. കുട്ടികളുടെ എണ്ണം

സർവ്വേയിൽ പങ്കെടുത്ത രക്ഷിതാക്കളിൽ 24 ശതമാനം പേർക്ക് ഒരു കുട്ടിയും 64 ശതമാനം പേർക്ക് രണ്ട് കുട്ടികളുമുണ്ട്. 3 കുട്ടികളുള്ള 11 ശതമാനം രക്ഷിതാക്കളും 4 കുട്ടികളുള്ള ഒരു ശതമാനം മാണുള്ളത്. 5 കുട്ടികളുള്ള ഒരു രക്ഷിതാവുമുണ്ട്(ഗ്രാഫ് 58).




ഗ്രാഫ് 58

## എഫ്. കുട്ടികൾ പഠിക്കുന്ന ക്ലാസ്

മക്കൾ പഠിക്കുന്നത് ഏത് ക്ലാസിലാണെന്ന ചോദ്യത്തിന് 46 ശതമാനം പേർ പ്രൈമറിയിലും 32 ശതമാനം പേർ ഹൈസ്കൂളിലും 22 ശതമാനം പേർ ഹയർ സെക്കണ്ടറിയിലുമാണെന്ന മറുപടിയാണ് ലഭിച്ചത് (ഗ്രാഫ് 59).




ഗ്രാഫ് 59

## 3.2 കുട്ടികളും ഡിജിറ്റൽ ക്ലാസുകളും

### എ. ലഭ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും

കുട്ടികൾ ഡിജിറ്റൽ ക്ലാസുകൾ കാണുന്നത് ടി.വി യിലൂടെയാണെന്ന് 82 ശതമാനം രക്ഷിതാക്കളും പ്രതികരിച്ചു. സ്മാർട്ട്ഫോൺഉപയോഗിക്കുന്ന 51 ശതമാനവും കമ്പ്യൂട്ടർ/ലാപ്ടോപ്പ് ഉപയോഗിക്കുന്ന 5 ശതമാനവും ടാബ് ഉപയോഗിക്കുന്ന 2 ശതമാനവും ഉണ്ട്(ഗ്രാഫ് 60).




ഗ്രാഫ് 60

ജൂൺ 1 മുതൽ തന്നെ ക്ലാസുകൾ കാണാൻ സൗകര്യമുണ്ടായിരുന്നതായി 92 ശതമാനം രക്ഷിതാക്കൾ പ്രതികരിച്ചു. ക്ലാസ് കാണാൻ സൗകര്യമുണ്ടായിരുന്നില്ലെന്ന് പ്രതികരിച്ച 8 ശതമാനം രക്ഷിതാക്കളുണ്ട്(ഗ്രാഫ് 61).




ഗ്രാഫ് 61

## ബി. കുട്ടികളുടെ താത്പര്യം

നിർബന്ധമില്ലാതെ തന്നെ കുട്ടികൾ ക്ലാസുകൾ കാണുന്നുണ്ടെന്ന് 71 ശതമാനം രക്ഷിതാക്കൾ രേഖപ്പെടുത്തി. പ്രൈമറിയിലെ 70ശതമാനം ഹൈസ്കൂൾ ക്ലാസുകളിലെ 72 ശതമാനവും ഹയർ സെക്കണ്ടറി വിഭാഗത്തിലെ 71 ശതമാനവും നിർബന്ധമല്ലാതെ തന്നെ ക്ലാസുകൾ കാണുന്നുണ്ടെന്ന് പ്രതികരിച്ചു.

ഡിജിറ്റൽ ക്ലാസുകൾ കാണാൻ കുട്ടികളെ നിർബന്ധിക്കേണ്ടിവരുന്നുവെന്ന് 29 ശതമാനം രക്ഷിതാക്കൾ പ്രതികരിച്ചു. പ്രൈമറിയിലെ 30 ശതമാനം കുട്ടികളെ നിർബന്ധിക്കേണ്ടി വരുമ്പോൾ ഹൈസ്കൂൾ ക്ലാസുകളിലെ 28 ശതമാനവും ഹയർ സെക്കണ്ടറി വിഭാഗത്തിലെ 29 ശതമാനവും നിർബന്ധം ആവശ്യമായി വരുന്നവരാണ് (ഗ്രാഫ് 62).




ഗ്രാഫ് 62

## സി. കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ

ക്ലാസുകൾ മനസ്സിലാക്കുന്നതിന് പ്രയാസം അനുഭവപ്പെടുന്നതായി 34 ശതമാനം രക്ഷിതാക്കൾ വ്യക്തമാക്കി. പ്രൈമറി വിഭാഗത്തിലാണ് ഇത് കൂടുതലായി കാണുന്നത്. പ്രൈമറി വിഭാഗം കുട്ടികളുടെ 31ശതമാനം പേരും കാര്യങ്ങൾ മനസ്സിലാക്കാൻ പ്രയാസം അനുഭവിക്കുന്നുവെന്നാണ് വ്യക്തമാകുന്നത്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ഘട്ടത്തിലിത് യഥാക്രമം 35 ശതമാനവും 37 ശതമാനവുമാണ്(ഗ്രാഫ് 63).




ഗ്രാഫ് 63

## ഡി. പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ സഹായം

79 ശതമാനം രക്ഷിതാക്കളും കുട്ടികളെ പഠനകാര്യങ്ങളിൽ സഹായിക്കുന്നുണ്ട്. പ്രൈമറി തലത്തിൽ 87 ശതമാനം രക്ഷിതാക്കളും ഹൈസ്കൂൾ തലത്തിൽ76 ശതമാനം രക്ഷിതാക്കളും ഹയർ സെക്കണ്ടറി തലത്തിൽ 64 ശതമാനം രക്ഷിതാക്കളും കുട്ടികളെ സഹായിക്കുന്നുണ്ട് (ഗ്രാഫ് 64).




ഗ്രാഫ് 64

## ഇ. തുടർപ്രവർത്തനങ്ങൾ

ഡിജിറ്റൽ ക്ലാസിനുശേഷം തുടർപ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടികൾക്ക് കഴിയുന്നുണ്ടെന്ന് 64 ശതമാനം രക്ഷിതാക്കൾ വ്യക്തമാക്കി. പ്രൈമറി വിഭാഗത്തിൽ 55ശതമാനം രക്ഷിതാക്കളും ഹൈസ്കൂൾ വിഭാഗത്തിൽ 70 ശതമാനം രക്ഷിതാക്കളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ74 ശതമാനം രക്ഷിതാക്കളുംകുട്ടികൾക്ക് തുടർപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നുണ്ടെന്ന് പ്രതികരിച്ചു. തുടർപ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടികൾ  പ്രയാസം അനുഭവിക്കുന്നതായി 36 ശതമാനം രക്ഷിതാക്കൾ പറഞ്ഞു. പ്രൈമറി വിഭാഗത്തിൽ 45 ശതമാനം രക്ഷിതാക്കളും ഹൈസ്കൂൾ വിഭാഗത്തിൽ 30 ശതമാനം രക്ഷിതാക്കളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 26 ശതമാനം രക്ഷിതാക്കളുംകുട്ടികൾക്ക് തുടർപ്രവർത്തനങ്ങൾ ചെയ്യാൻ പ്രയാസമനുഭവപ്പെടുന്നതായി രേഖപ്പെടുത്തി (ഗ്രാഫ് 65).




ഗ്രാഫ് 65

തുടർപ്രവർത്തനങ്ങൾ സ്വന്തമായി ചെയ്യാൻകഴിയാത്തവരെ അധ്യാപകർ, രക്ഷിതാവ്, കുടുംബത്തിലെ മുതിർന്നവർ, ട്യൂഷൻ ടീച്ചർ എന്നിവർ സഹായിക്കുന്നതായി രക്ഷിതാക്കൾ പ്രതികരിച്ചിട്ടുണ്ട്. ഇതിൽ കൂടുതൽ പേരും പ്രൈമറി വിഭാഗത്തിലാണുള്ളത്. ക്ലാസ് അധ്യാപിക വാട്സാപ് ഗ്രൂപ്പുവഴിയും മറ്റും നൽകുന്ന പ്രവർത്തനങ്ങളിലും ചർച്ചകളിലും 93 ശതമാനം കുട്ടികൾക്ക് പങ്കെടുക്കാൻ കഴിയുന്നുണ്ടെന്ന പ്രതികരണമാണ് രക്ഷിതാക്കളിൽനിന്നും ലഭിച്ചത്. പങ്കെടുക്കാൻ കഴിയാത്തവരും (7ശതമാനം) ഉണ്ട് എന്ന് പ്രതികരണങ്ങൾവ്യക്തമാക്കുന്നു.

## 3.3 സ്വന്തമായി സൗകര്യമില്ലാത്തവർ

സ്വന്തമായി സൗകര്യമില്ലാത്തവർ പിന്നെയെങ്ങനെ പ്രശ്നം പരിഹരിക്കുന്നുവെന്ന് അന്വേഷിച്ചതിന് വ്യത്യസ്തമായ പ്രതികരണങ്ങൾ ലഭിച്ചു. ടീച്ചർ ഫോണിൽ വിളിച്ച് പറയുന്നതായും മറ്റു കുട്ടികളുമായി – അയലത്തെ കുട്ടികൾ– ബന്ധപ്പെട്ടു ചെയ്യുന്നതായും ഏതാനും പേർ പറഞ്ഞിട്ടുണ്ട്. പങ്കെടുക്കാൻ കഴിയാത്തവരും ഉണ്ടെന്ന് വ്യക്തമാക്കുന്നതാണ് പ്രതികരണങ്ങൾ.

## 3.4 ഇന്റർനെറ്റ് ലഭ്യത

കുട്ടിയുടെ പഠനാവശ്യത്തിന് ഇന്റർനെറ്റ് ലഭ്യത എങ്ങനെയാണ് ഒരുക്കുന്നത്? എന്ന ചോദ്യത്തിന് 86 ശതമാനം പേരും ആശ്രയിക്കുന്നത് മൊബൈൽ നെറ്റ് വർക്കിനെ ആണെന്ന പ്രതികരണമാണ് ലഭിച്ചത്. 11 ശതമാനം പേർ ബ്രോഡ്ബാൻഡ് കണക്ഷനും 2 ശതമാനം പേർ മറ്റ് സംവിധാനങ്ങളും ഉപയോഗിക്കുന്നവരുമാണ്. ഒരു സംവിധാനവും ഇല്ലാത്ത 1 ശതമാനത്തിൽ താഴെ ആളുകളുമുണ്ട് (ഗ്രാഫ് 66).




ഗ്രാഫ് 66

## 3.5 ഇന്റർനെറ്റ് ലഭ്യതയും സാമ്പത്തികവും

ഇൻറർനെറ്റ് ലഭ്യതയ്ക്കായി സാമ്പത്തികപ്രയാസം ഉണ്ടാകുന്നുവെന്നാണ് 35 ശതമാനം രക്ഷിതാക്കൾ പ്രതികരിച്ചിട്ടുള്ളത്. ഇത് സർക്കാർ ജീവനക്കാരിൽ 8 ശതമാനമാണ്. സ്വയം തൊഴിൽ ചെയ്യുന്ന 38 ശതമാനം രക്ഷിതാക്കൾക്ക് ഇന്റർനെറ്റ് ഉറപ്പുവരുത്തുന്നത് സാമ്പത്തിക പ്രയാസം ഉണ്ടാക്കുന്നു. ദിവസവേതനക്കാരിൽ 53 ശതമാനവും സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന 36 ശതമാനവും കൃഷിക്കാരിൽ 50 ശതമാനവും തൊഴിലില്ലാത്തവരിൽ 44 ശതമാനവും ഇന്റർനെറ്റ് സൗകര്യം ഉറപ്പുവരുത്തുന്നതിൽ സാമ്പത്തിക പ്രയാസമനുഭവിക്കുന്നു (ഗ്രാഫ് 67).




ഗ്രാഫ് 67

## 3.6 എത്രമാത്രം ഗുണകരമാണ്

ഡിജിറ്റൽ ക്ലാസുകൾ  എത്രമാത്രം ഗുണകരമാണ് എന്ന ചോദ്യത്തിന് വളരെ ഗുണകരം എന്ന് 14 ശതമാനം രക്ഷിതാക്കൾ അഭിപ്രായപ്പെട്ടപ്പോൾ 49 ശതമാനം രക്ഷിതാക്കൾ ഗുണകരം എന്ന് വിലയിരുത്തുന്നു. ഒരു പരിധിവരെ ഗുണകരം എന്ന ഭിപ്രായമുള്ള 34 ശതമാനം രക്ഷിതാക്കളുണ്ട്. തീരെ ഗുണകരമല്ലെന്ന് അഭിപ്രായമുള്ള 1ശതമാനം രക്ഷിതാക്കളും അതിനെക്കുറിച്ച് അറിയില്ല എന്ന് വ്യക്തമാക്കിയ2ശതമാനം ശതമാനം രക്ഷിതാക്കളുമുണ്ട് (ഗ്രാഫ് 68).




ഗ്രാഫ് 68

## 3.7 രക്ഷിതാക്കളുടെ നിർദേശങ്ങൾ

ഓൺലൈൻ ക്ലാസുകൾ മെച്ചപ്പെടുത്താൻ രക്ഷിതാക്കൾ താഴെ ചേർത്ത നിർദേശങ്ങൾ മുന്നോട്ടുവെക്കുകയുണ്ടായി.

- കുട്ടികളുടെ ശ്രദ്ധാ നിലനിർത്താൻ മറ്റു മാധ്യമങ്ങൾ ക്ലാസിന്റെ ഭാഗമായി ഉപയോഗിക്കണം
- പാഠഭാഗങ്ങൾക്ക് അധ്യാപകരുടെ പിൻതുടർച്ചാ പ്രവർത്തനങ്ങൾ ഉണ്ടാവണം.
- ഹോംവർക്ക്, മറ്റു ജോലികൾ എന്നിവയുടെ അളവ് കുറയ്ക്കണം.
- ക്ലേശകരമായ പ്രവർത്തനങ്ങൾ ഒഴിവാക്കണം
- സിലബസ്സ് ഭാരം കുറയ്ക്കണം.
- ക്ലാസുകളുടെ സമയം കൂട്ടുകയോ ഓരോ ക്ലാസിന്റെയും വേഗം, ഉള്ളടക്കഭാരം എന്നിവ കുറയ്ക്കുകയോ വേണം.
- ഇംഗ്ലീഷിൽ മാത്രം എടുക്കുന്ന പാഠഭാഗങ്ങൾ മലയാളത്തിൽ കൂടി വിശദീകരിക്കണം.

# ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലൂടെ ലഭിച്ച വിവരങ്ങൾ

## കുട്ടികൾ

1. ടി.വി. ഇല്ലാത്ത കുട്ടികൾ ഇപ്പോഴുമുണ്ട്. ടി.വി. ഉള്ളവർക്കുതന്നെ തുടർപ്രവർത്തനങ്ങൾക്കായി മൊബൈൽ ഫോൺ ഫോൺ ഇല്ലാത്ത സാഹചര്യമുണ്ട്.
2. റെയിഞ്ച് കുറവ് , ഡാറ്റയുടെ പരിധി തീരൽ, വൈദ്യുതി ഇല്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ട്.
3. കൂടുതൽ കുട്ടികളുള്ള വീട്ടിൽ ഒരു മൊബൈൽ ഫോൺ ഫോൺ മാത്രമേ ഉള്ളുവെങ്കിൽ ടീച്ചറുമായി ഇടപെടുന്നതിന് തടസ്സമുണ്ട്.
4. 'മാനസികാരോഗ്യ പരിപാടി 'പോലുള്ള ക്ലാസ് എല്ലാവർക്കും വേണ്ടിയാണെങ്കിലും മിക്ക കുട്ടികളും കാണുന്നില്ല.
5. എസ്.പി.സി. യുടെ 'ചിരി' പദ്ധതി പല കുട്ടികളും അറിഞ്ഞിട്ടില്ല.
6. എട്ടാം ക്ലാസ് ഇംഗ്ലീഷ് മീഡിയം ടെക്സ്റ്റ് ബുക്ക് ചിലർക്ക് കിട്ടിയിട്ടില്ല. പ്ലസ് ടു വിൽ ഹ്യുമാനിറ്റീസ് , ഇക്കണോമിക്സ് പുസ്തകങ്ങൾ കിട്ടാത്തവരുണ്ട്. വാഹനസൗകര്യം ഇല്ലാത്തതിനാൽ സ്കൂളിൽ ചെന്ന് വാങ്ങാത്തവരും ഉണ്ട്.
7. ഇംഗ്ലീഷ് മീഡിയക്കാർക്ക് മലയാളം മീഡിയം ക്ലാസ് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്.
8. ക്ലാസുകളുടെ വേഗത കൂടുതലായതിനാൽ മനസ്സിലാക്കാൻ പ്രയാസം ഉണ്ട്.
9. ഒരു യൂണിറ്റ് പഠിപ്പിക്കുന്നത് പല അധ്യാപകർ ആയതിനാൽ മനസ്സിലാക്കാൻ പ്രയാസമുണ്ട്
10. ഇംഗ്ലീഷ് പൂർണമായും ഇംഗ്ലീഷിൽ തന്നെ എടുക്കുമ്പോൾ മലയാളം മീഡിയം കുട്ടികൾക്ക് പ്രയാസമുണ്ട്.
11. സ്വന്തം അധ്യാപകർ നൽകുന്ന അനുബന്ധ ക്ലാസുകൾ ഗുണപ്രദമാണ്.
12. ടി.വി.യിലെ ഹോംവർക്ക് പലതും എഴുതിയെടുക്കാൻ ആവുന്നില്ല. സ്വന്തം ടീച്ചർ ഹോംവർക്ക് തരുമ്പോൾ വ്യക്തമാവുന്നുണ്ട്.
13. ക്ലാസ് അധ്യാപകർ ഫോണിൽ വിളിക്കുന്നത് സന്തോഷകരമാണ്.
14. പ്ലസ് ടു വിൽ കുട്ടികളുടെ ചെറുഗ്രൂപ്പുകൾ രൂപീകരിച്ച് ചർച്ചചെയ്ത് പഠിക്കുമ്പോൾ ഗുണം ചെയ്യുന്നുണ്ട്.
15. എല്ലാ അധ്യാപകരും ഒരേ തരത്തിൽ സഹായം നൽകുന്നില്ല. ഏകോപന ക്കുറവുണ്ട്.
16. സംശയങ്ങൾക്ക് മറുപടി നൽകാൻ സംവിധാനം വേണം.
17. ഹോംവർക്ക് വിക്ടേഴ്സ് തരുന്നത് കൂടാതെ ടീച്ചറുടെ വകയായും കിട്ടുമ്പോൾ എണ്ണം കൂടുന്നു.
18. ടീച്ചർക്ക് അയച്ചുകൊടുക്കുന്ന പഠന ഉൽപന്നങ്ങൾക്കു ചില ടീച്ചർമാരിൽനിന്ന് പ്രതികരണം കിട്ടുന്നില്ല. ഇത് താൽപര്യക്കുറവ് ഉണ്ടാക്കുന്നു.

19. അധ്യാപകർ വീട്ടിൽ വന്ന് നോട്ട് നോക്കിപ്പോകുന്നത് സന്തോഷകരമാണ്.
20. അധ്യാപകർ നോട്ട് തയാറാക്കി തരുന്നത് പ്ലസ് ടു, പത്ത് എന്നീ ക്ലാസുകൾക്ക് ഉപകാരപ്രദമാണ്.
21. ഇടയ്ക്കിടെ ചെറിയ വിലയിരുത്തലുകൾ ഉണ്ടാവുന്നത് നല്ലതാണ്. പത്താം ക്ലാസിനും പ്ലസ് ടു വിനും സമയബന്ധിതമായി പരീക്ഷകൾ ഓൺലൈനായി നടത്താം.
22. പ്രാക്ടിക്കൽ ചെയ്യാൻ സ്കൂളിൽ സൗകര്യമുണ്ടാകണം.
23. ടീച്ചർമാർ നൽകുന്ന നിർമാണ പ്രവർത്തനങ്ങൾ പലതും ചെറിയ കുട്ടികൾക്ക് ചെയ്യാൻ കഴിയുന്നില്ല. രക്ഷിതാക്കളാണ് പലതും ചെയ്തു നൽകുന്നത്.
24. രക്ഷിതാക്കളുമായുള്ള ഓൺലൈൻ യോഗങ്ങൾ ചിട്ടയായി നടക്കുന്നില്ല.
25. വീട്ടിൽ ഇരിക്കുന്നത് സുഖകരമല്ല. സ്കൂളിൽ പോകാനാണ് ആഗ്രഹം. കൂട്ടുകാരുമായും ടീച്ചർമാരുമായും ഇടപഴകുന്നത് ഗുണകരമാണ്.
26. പ്രോട്ടോകോൾ പാലിച്ച് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 12 വരെ ക്ലാസുകൾ സ്കൂളിൽ ആരംഭിക്കാം.
27. ചെറിയ കുട്ടികളെ സ്കൂളിൽ അയക്കാൻ രക്ഷിതാക്കൾക്ക് ഭയമുണ്ട്.
28. അടുത്തടുത്ത വീടുകളിലെ ഒരേ ക്ലാസിൽ പഠിക്കുന്നവർ പ്രോട്ടോകോൾ അനുസരിച്ച് ഒന്നിച്ച് കൂടുന്നത് നല്ലതാണ്. വീടുകൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവയിൽ ഇത് നടത്താം. ഇതിൽ മുതിർന്നവരുടെ സാന്നിധ്യം ഉണ്ടാവണം.
29. സ്കൂളുകളിൽ ടീച്ചർമാരുടെ ഒഴിവുണ്ട്. അത്തരം വിഷയങ്ങളിൽ കുട്ടികൾക്ക് പിന്തുണ കിട്ടുന്നില്ല. ഹോംവർക്കുകളും കിട്ടുന്നില്ല.
30. ഹെഡ്മാസ്റ്റർമാർ ഗ്രൂപ്പുകളിൽ ഉണ്ടാകുന്നത് നല്ലതാണ്.
31. പി.ടി.എ. യുടെ വകയായി വീടുകളിൽ സന്ദർശനം ചുരുക്കമായേ നടന്നിട്ടുള്ളൂ.
32. പത്താം ക്ലാസ്, പ്ലസ് ടു ക്ലാസുകളിലെ ഉള്ളടക്കം മുഴുവൻ തിരക്കിട്ട് പഠിപ്പിച്ചാൽ ബുദ്ധിമുട്ടാവും. പരീക്ഷാ തീയതി നീട്ടിയോ ചില ഭാഗങ്ങൾ ഒഴിവാക്കിയോ വേണം പരീക്ഷ നടത്താൻ.
33. എങ്ങനെയാണ് പരീക്ഷ എന്നൊക്കെ നേരത്തെ അറിഞ്ഞാൽ നന്നായിരിക്കും.
34. പാഠങ്ങൾ വെട്ടിക്കുറയ്ക്കുകയാണെങ്കിൽ അത് തുടർന്നുള്ള പഠനത്തെ ബാധിക്കുമെന്ന ഭയം ഉണ്ട്.
35. തമിഴ് മീഡിയം ക്ലാസുകളുടെ സമയം കൃത്യമായി അറിയുന്നില്ല.
36. ഗണിതം പോലുള്ളവയുടെ ക്ലാസുകൾ കുറച്ചുകൂടി ആകർഷകമാക്കണം.
37. പത്തിലെ ഐ.ടി. ക്ലാസ് സ്കൂളിൽ നിന്ന് കിട്ടണം.
38. 1, 5 , 8 ക്ലാസുകളിലെ അധ്യാപകരെ കുട്ടികൾ നേരിട്ട് കണ്ടിട്ടില്ല. പതിനൊന്നാം ക്ലാസ്  ആരംഭിച്ചിട്ടുമില്ല.

## അധ്യാപകർ

1. മിക്കവാറും കുട്ടികൾക്ക് ടി.വി. കിട്ടിയിട്ടുണ്ട്. എന്നാൽ മൊബൈൽ ഫോൺഫോൺ എല്ലാവർക്കും ഇല്ല. വയനാട്ടിലും മറ്റും കോളനികളിൽ ഈ പ്രശ്നം രൂക്ഷമാണ്.
2. ക്ലാസ് തുടങ്ങിയതിനുശേഷം ടി.വി.യും മൊബൈലും കേടായ അനുഭവങ്ങളുണ്ട്. അതിനാൽ ഉപകരണലഭ്യത സംബന്ധിച്ച് ഒരു കണക്കെടുപ്പ് കൂടി വേണം.
3. കേബിൾ ചാർജ് നൽകാൻ കഴിയാത്തതിനാൽ കേബിൾ കണക്ഷൻ ഇല്ലാതായ വീടുകളും ഉണ്ട്.
4. വിക്ടേഴ്സ് ക്ലാസ് മൊബൈൽ ഫോൺ ഫോൺ ഉപയോഗിച്ച് കാണുന്ന കുട്ടികൾ ഉണ്ട്. അവർക്ക് ടീച്ചർ എഴുതിക്കാണിക്കുന്ന കാര്യങ്ങൾ വായിക്കാൻ പ്രയാസമുണ്ട്.
5. ഒരു മൊബൈൽ ഫോൺ ഫോൺ മാത്രമുള്ള, ഒന്നിലധികം കുട്ടികൾ പഠിക്കുന്ന വീടുകളിൽ കുട്ടികൾക്ക് സ്കൂളിലെ ടീച്ചറുമായി ഒരേസമയം ഇടപെടേണ്ടി വരുമ്പോൾ പ്രയാസം നേരിടുന്നുണ്ട്.

6. പഠനകേന്ദ്രങ്ങളിൽ വെച്ച് വിക്ടേഴ്സ് ക്ലാസുകൾ കാണുന്ന കുട്ടികൾ പലരും കൃത്യമായി വരുന്നില്ല. പഠനകേന്ദ്രങ്ങളിൽ ജനപ്രതിനിധികളുടെ ശ്രദ്ധ ഉണ്ടായാൽ ഇത് കുറച്ചൊക്കെ പരിഹരിക്കാം .
7. വൈകുന്നേരം ടീച്ചർ നൽകുന്ന ക്ലാസിൽ ഹയർസെക്കണ്ടറി കുട്ടികൾ പലരും കൃത്യമായി പങ്കെടുക്കുന്നില്ല. അവരെ അധ്യാപകർ വ്യക്തിഗതമായി വിളിക്കേണ്ടി വരുന്നുണ്ട്.
8. ഹയർസെക്കണ്ടറി കുട്ടികൾ വിക്ടേഴ്സ് ക്ലാസിനെക്കാൾ സ്വന്തം അധ്യാപകർ നൽകുന്ന ക്ലാസാണ് പ്രയോജനപ്പെടുത്തുന്നത്. ഇതിന് പലരും ഗൂഗിൾ മീറ്റ് ഉപയോഗിക്കുന്നു.
9. മിക്ക രക്ഷിതാക്കളും ജോലിക്ക് പോകുമ്പോൾ മൊബൈൽ ഫോൺ ഫോൺ കൊണ്ടു പോകുന്നതിനാൽ കുട്ടികൾക്ക് പ്രയാസം ഉണ്ട്. അതുകൊണ്ട് രാവിലെ 6 മണി മുതൽ 7 മണി വരെ സ്വന്തമായി ക്ലാസ് നൽകുന്നതായി ഒരു ടീച്ചർ പറഞ്ഞു.
10. മദ്രസയിൽനിന്ന് ഓൺലൈൻ ക്ലാസുകളും ഹോംവർക്കും നൽകുന്നുണ്ട്. സ്കൂളിലെ ക്ലാസും മദ്രസയിലെ ക്ലാസും ഒന്നിച്ച് വരുന്ന ഘട്ടത്തിൽ കുട്ടികൾ പ്രയാസം അനുഭവിക്കുന്നു.
11. വിക്ടേഴ്സിലെ ചില ക്ലാസുകൾ പ്രസംഗരീതിയാണ് അവലംബിക്കുന്നത്. കൂടാതെ ബോർഡിൽ എഴുതുന്നത് എഴുതിയെടുക്കാൻ സമയം കിട്ടുന്നില്ല.
12. ഹയർ സെക്കണ്ടറിയിൽ ആശയം ഉറപ്പിക്കുന്നതിന് ഊന്നൽ നൽകുന്നുണ്ട്. പക്ഷേ പ്രശ്നനിർധാരണത്തിന് ഊന്നൽ കിട്ടുന്നില്ല.
13. 10, 12 ക്ലാസുകളിൽ ചില അധ്യാപകർ നോട്ടുകൾ നൽകുന്നുണ്ട്. എന്നാൽ അത് എല്ലാ കുട്ടികളിലും എത്തുന്നില്ല.
14. പിന്തുണാ സാമഗ്രികളും അഡീഷണൽ ക്ലാസുകളും ലഭ്യമാക്കുന്നത് ഉയർന്ന ക്ലാസുകളിൽ ഗുണകരമാണ്. കോഴിക്കോട് ഹയർസെക്കണ്ടറി വിഭാഗം, എസ്.എസ്.കെ., ഡയറ്റ് എന്നിവ ചേർന്ന് ഇത് ചെയ്യുന്നുണ്ട്. അവിടെ കളക്ടറുടെ നേതൃത്വത്തിൽ ഹയർസെക്കണ്ടറിയിൽ പഠനസാമഗ്രികളുടെ വികസനം നടക്കുന്നുണ്ട്.
15. വിവിധ വിഷയങ്ങളിൽ ഒരേ എണ്ണം ക്ലാസുകളല്ല കിട്ടുന്നത്. ചില വിഷയങ്ങൾക്ക് കൂടുതൽ ക്ലാസുകൾ വരുമ്പോൾ മറ്റു ചിലതിന് ക്ലാസുകൾ കുറവാണ്. പുനഃപ്രക്ഷേപണം, അധ്യായം വലിച്ചു നീട്ടൽ എന്നിവയും അനുഭവപ്പെടുന്നുണ്ട്. ഏകോപനക്കുറവാണ് ഇത് സൂചിപ്പിക്കുന്നത്.
16. ചില അധ്യാപകർ ഇതര ഗ്രൂപ്പുകളിൽ നിന്ന് കിട്ടുന്ന ഹോംവർക്കുകൾ സ്വന്തം കുട്ടികൾക്ക് പരിശോധന കൂടാതെ നൽകുന്നുണ്ട്.
17. ഒന്ന് രണ്ട് ക്ലാസുകളിൽ ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. നല്ല ക്ലാസുകളാണ്. എന്നാൽ തെറ്റുകൂടാതെ വായിക്കാനും എഴുതാനുമുള്ള കഴിവ് വർധിക്കുന്നതിന് ഈ ക്ലാസുകൾ മതിയാവുന്നില്ല.
18. എൽ.പി. യിൽ പാഠഭാഗങ്ങൾക്കാണ് ഊന്നൽ. അതിനു പകരം കുട്ടികളിൽ ഉണ്ടാകേണ്ട ശേഷികൾക്ക് ഊന്നൽ നൽകണം.
19. പൊതുപരീക്ഷയുള്ള 10, 12 ക്ലാസുകളിൽ എല്ലാ ഭാഗങ്ങളും പഠിപ്പിക്കുന്നതിന് ശ്രമം വേണം. എന്നാൽ മറ്റു ക്ലാസുകളിൽ അടിസ്ഥാനശേഷികളിൽ ഊന്നിയുള്ള പുനരാലോചന നടത്തണം.
20. ഹൈസ്കൂളിൽ ഒരധ്യാപകന് ധാരാളം കുട്ടികൾക്ക് പിന്തുണ നൽകേണ്ട സ്ഥിതിയുണ്ട്. ടീച്ചറുടെ പിന്തുണ കുറയുന്നതിന് ഇത് കാരണമാകുന്നു. ചില അധ്യാപകർ ഗൂഗിൾ മീറ്റ് വഴി ക്ലാസ് എടുത്ത് പോരായ്മ പരിഹരിക്കുന്നുണ്ട്.
21. റിട്ടയർ ചെയ്ത അധ്യാപകർക്ക് പകരം സ്കൂളിൽ നിയമനം നടന്നിട്ടില്ല.
22. സാങ്കേതികവിദ്യയിൽ എല്ലാ അധ്യാപകർക്കും വേണ്ടത്ര വൈദഗ്ധ്യം ഇല്ല. ചില ജില്ലകളിൽ ഡയറ്റ് മുൻകൈയെടുത്തും മറ്റ് ചില ജില്ലകളിൽ അധ്യാപക

കൂട്ടായ്മകൾ താൽപര്യമെടുത്തും മൊബൈൽ ഫോൺ സാങ്കേതികവിദ്യയിൽ പരിശീലനം നൽകിയിട്ടുണ്ട്.

23. ഡയറ്റ്, ഡി.ഇ.ഒ., എ.ഇ..ഒ, ബി.ആർ.സി. എന്നിവ നേതൃത്വം ഏറ്റെടുത്ത് സംസ്ഥാനമാകെ അധ്യാപക പഠനക്കൂട്ടം സജീവമാക്കിയതായി കാണുന്നില്ല. ഒറ്റപ്പെട്ട ഇടങ്ങളിൽ ചില ഉദ്യോഗസ്ഥർ താല്പര്യമെടുത്ത് ചെയ്യുന്നുവെന്നുമാത്രം.
24. വയനാട് 'ഗോത്രബന്ധു' പദ്ധതിയുടെ ഭാഗമായി മെന്റർമാർ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ വേണ്ടത്ര കാര്യക്ഷമമല്ല.
25. ചില ജില്ലകളിലും ഉപജില്ലകളിലും വർക്ക് ഷീറ്റുകൾ അധ്യാപകർ കൂട്ടായി ഉണ്ടാക്കുന്നുണ്ട്. ഇത് അധ്യാപകരുടെയും കുട്ടികളുടെയും ഭാരം കുറയ്ക്കാൻ സഹായകമാണ്.
26. പ്രൈമറിയിൽ ഒരുപാട് ഹോംവർക്കുകൾ നൽകുന്ന സ്ഥിതിയുണ്ട്. ഇത് കുട്ടിയിൽ എന്നതുപോലെ രക്ഷിതാക്കൾക്കും സമ്മർദം ഉണ്ടാക്കുന്നുണ്ട്. എന്നാൽ വായനാസാമഗ്രികൾ കുറവാണ് താനും.
27. പഠിപ്പിക്കുന്നതിൽ കാണിക്കുന്ന ശ്രദ്ധ കുട്ടികളുടെ വ്യക്തിപരമായ പ്രയാസങ്ങൾ പരിഹരിക്കുന്നതിൽ അധ്യാപകർ നൽകുന്നില്ല.
28. പഠനകാര്യത്തിൽ കുട്ടികളുടെമേൽ അനാവശ്യസമ്മർദം ചെലുത്തുന്നുണ്ട്. മറ്റുള്ള കുട്ടികളുമായി താരതമ്യം ചെയ്യുന്നതാണ് പ്രധാന കാരണം.
29. ഹൈസ്കൂൾ ക്ലാസിൽ ഗൂഗിൾ മീറ്റ് പ്രയോജനകരമാണ് . എന്നാൽ എല്ലാ കുട്ടികൾക്കും അതിൽ പങ്കെടുക്കാനാവുന്നില്ല എന്നത് പ്രശ്നമാണ് . ചില അധ്യാപകർ അത്തരം കുട്ടികൾക്ക് നോട്ട് നൽകുന്നുണ്ട് .
30. ഓൺലൈൻ മാധ്യമത്തിലൂടെ കുട്ടികൾ കൂട്ടുകാരുമായി സംസാരിക്കുന്നത് അവരുടെ മാനസിക സമ്മർദം കുറയ്ക്കുന്നുണ്ട്.
31. വാട്സപ്പിൽ കുറച്ച് കുട്ടികൾ അടങ്ങുന്ന ഗ്രൂപ്പിൽ വോയിസ് ചാറ്റ് നടത്തുന്നത് ഗുണം ചെയ്യുന്നുണ്ട്.
32. പരീക്ഷ നടത്താൻ സർക്കാരിന്റെ അനുവാദമില്ലെങ്കിലും പല സ്കൂളുകളിലും ഇത് നടക്കുന്നുണ്ട്. രക്ഷിതാക്കൾ ഇത് ആഗ്രഹിക്കുന്നു. കുട്ടികൾ വായിക്കണമെങ്കിൽ ഇത് ആവശ്യമാണ് എന്നാണ് അവരുടെ പക്ഷം. മിക്ക അധ്യാപകരും ഇതിനോട് യോജിക്കുന്നു. അതിനാൽ ചിലർ പ്രത്യേകിച്ചും ഉയർന്ന ക്ലാസുകളിൽ റിവിഷൻ ടെസ്റ്റുകൾ, യൂണിറ്റ് ടെസ്റ്റുകൾ, ഗൂഗിൾ ഫോം ഉപയോഗിച്ചുള്ള പരീക്ഷ എന്നിവ നടത്തുന്നുണ്ട്.
33. ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് വിക്ടേഴ്സ് ക്ലാസ് പൊതുവേ, പ്രയാസമാണ്. സമഗ്രശിക്ഷയുടെ 'വൈറ്റ് ബോർഡ്' പരിപാടി ഉണ്ടെങ്കിലും ഇനിയും മെച്ചപ്പെടാനുണ്ട് .
34. എസ്.ആർ.ജി., സി.പി.ടി.എ. എന്നിവ പലയിടത്തും നടക്കുന്നുണ്ട്. പക്ഷേ, ഏകോപനമില്ല. ചില മേലുദ്യോഗസ്ഥർ അതിന്റെ കണക്കുകൾ ചോദിക്കുന്നുണ്ട്.
35. ഹയർസെക്കണ്ടറിയിൽ വിവിധ തലങ്ങളിലുള്ള കോഡിനേഷൻ താരതമ്യേന വളരെ കുറവാണ് .
36. ചില പ്രധാനാധ്യാപകർ അധ്യാപകരിൽ നിന്ന് അന്നന്നത്തെ പ്രവർത്തനം സംബന്ധിച്ച ഫീഡ്ബാക്ക് ശേഖരിച്ച് മേലുദ്യോഗസ്ഥർക്ക് നൽകുന്നുണ്ട്.
37. പല കുട്ടികളും വൈകുന്നേരത്തെ ക്ലാസിൽ ഹാജരാകുന്നില്ല. ചില കുട്ടികൾ പ്രവർത്തനം ചെയ്ത് തിരിച്ചയക്കുന്നില്ല. പൊതുവിൽ സ്കൂളിൽ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന തൃപ്തി അധ്യാപകർക്ക് കിട്ടുന്നില്ല.
38. എൽ.പി., യു.പി. ക്ലാസുകളിൽ അറബിക് ഓണം കഴിഞ്ഞാണ് തുടങ്ങിയത് . സംസ്കൃതവും ഒരു ഘട്ടത്തിൽ പിറകിലായിരുന്നു. എൽ.പി.യിൽ ഐ.സി.ടി. ക്ലാസ് കിട്ടിയിട്ടില്ല.
39. സ്പോർട്സ്, യോഗ ക്ലാസുകൾ പൊതുവിൽ പ്രയോജനകരമാണ് .
40. സ്കൂൾ കൗൺസിലർമാരുടെ സേവനം വർധിപ്പിക്കണം. കോവിഡ് ഡ്യൂട്ടി

യിൽ ഉള്ള അധ്യാപകർക്ക് പൂർണസേവനം നൽകാനാവുന്നില്ല.

41. അധ്യാപകർ ഇടയ്ക്കിടെ സ്കൂളിൽ ഒത്തുചേരുന്നത് നല്ലതാണ്.
42. ഹയർ സെക്കണ്ടറിയിൽ പ്രാക്ടിക്കൽ ക്ലാസുകൾ ആരംഭിക്കണം.
43. 10, 12 ക്ലാസുകളിൽ പൊതുപരീക്ഷ ഉണ്ട്. അതിനാൽ പരീക്ഷ സംബന്ധിച്ച് തീരുമാനങ്ങൾ നേരത്തെ കൈക്കൊണ്ടാൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്ക കുറയും.
44. കോവിഡ് തിരക്കിലായതിനാൽ തദ്ദേശ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.
45. കോളനികളിൽ പ്രാദേശിക അധ്യാപകരെയോ വളണ്ടിയർമാരെയോ നിയോഗിക്കണം.
46. പി.ഇ.സി. മിക്കയിടത്തും കാര്യക്ഷമമല്ല.
47. സ്കൂളിലെ ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നത് നല്ലതാണ്.

## രക്ഷിതാക്കൾ

1. ടി.വി. കിട്ടാത്ത കുട്ടികൾ ഇപ്പോഴുമുണ്ട്. ഇതിൽ ചിലത് അധ്യാപകരുടെ ശ്രദ്ധയിൽ വന്നിട്ടില്ല. ഔദ്യോഗിക കണക്കുകൾ പലതും വിശ്വസനീയമല്ല.
2. നെറ്റ് സ്പീഡ് കുറവുണ്ട്. ഹൈറേഞ്ചിൽ ഇത് രൂക്ഷമാണ്.
3. ടി.വി., മൊബൈൽ ഫോൺ ഫോൺ സർവ്വേ ഒന്നുകൂടി നടക്കേണ്ടതുണ്ട്. മൊബൈൽ ഫോൺ സർവേയിൽ ഡാറ്റ ലഭ്യത, വേഗത എന്നിവ കൂടി ഉൾപ്പെടണം.
4. പൊതു വൈഫൈ സംവിധാനം ഉണ്ടാകുന്നത് നന്നായിരിക്കും.
5. ക്ലാസുകളുടെ വേഗത കൂടുതലാണ്. ഇംഗ്ലീഷിൽ പറയുന്നത് മനസ്സിലാക്കാൻ ആവുന്നില്ല. പ്ലസ് ടു കെമിസ്ട്രി കുട്ടികൾക്ക് മനസ്സിലാകുന്നില്ല. ഒമ്പതാം ക്ലാസ് ഹിന്ദി പലർക്കും മനസ്സിലാകുന്നില്ല. അധ്യാപകരിൽ നിന്ന് നേരിട്ട് തന്നെ ക്ലാസ് കിട്ടണം. പ്രത്യേകിച്ചും ഉയർന്ന ക്ലാസുകളിൽ.
6. ഒരു അധ്യായനം പഠിപ്പിക്കാൻ അധ്യാപകർ മാറിമാറി വരുന്നത് പ്രയാസം ഉണ്ടാക്കുന്നു.
7. വീട്ടിൽ ഹോം വർക്ക് തീർക്കാനാവാത്ത ചിലർ ട്യൂഷന് പോകുന്നുണ്ട്.
8. പ്രൈമറി ക്ലാസിൽ രക്ഷിതാവിന് പഠിപ്പിക്കാൻ ആവുന്നുണ്ട്– പ്രത്യേകിച്ചും എൽ.പി. ക്ലാസുകളിൽ.
9. ശാസ്ത്രം, ഗണിതം, സോഷ്യൽ സയൻസ് എന്നിവയ്ക്ക് തുടർച്ച പ്രധാനമാണ്. ഭാഷാ വിഷയങ്ങൾക്ക് തുടർച്ച പ്രധാനമല്ലാത്തതിനാൽ പ്രാധാന്യം കുറയ്ക്കാം.
10. പ്ലസ് ടു ക്ലാസിൽ ഉള്ളടക്കം കുറയ്ക്കുന്ന കാര്യം ദേശീയതലത്തിൽതന്നെ ധാരണയാക്കണം.
11. കുട്ടികൾ ക്ലാസുകൾ കാണുകയും കുറച്ച് നോട്ടുകൾ എഴുതുകയും ചെയ്യുന്നുണ്ട്. പരീക്ഷ ഉണ്ടാകുന്നത് നല്ലതാണ്.
12. ക്ലാസ് കഴിഞ്ഞാൽ ടീച്ചറുടെ വിശദീകരണം വേണം. ഇത് പല അധ്യാപകരിൽ നിന്നും കിട്ടുന്നില്ല.
13. പലരും കുട്ടികളുടെ ഹോംവർക്ക് നോക്കി തിരിച്ചുനൽകുന്നില്ല.
14. അധ്യാപകരുടെ പ്രവർത്തനം മോണിറ്റർ ചെയ്യണം. അതിന് സംവിധാനമുണ്ടാകണം.
15. വിഷയാധിഷ്ഠിതമായി ഗ്രൂപ്പുകൾ ഉണ്ടാവണം.
16. രക്ഷിതാക്കൾക്ക് പരിശീലനം കിട്ടിയിട്ടില്ല. പരിശീലനം വേണ്ടതായിരുന്നു. ഇനിയെങ്കിലും അത് നൽകണം.
17. ആദിവാസി മേഖലയിൽ പഠനവീടുകളിൽ സഹായിക്കാനാളില്ല. ആഴ്ചയിലൊരിക്കൽ ടീച്ചർ സഹായം വേണം.
18. അധ്യാപകരുടെ പിന്തുണ കുറഞ്ഞുവരുന്നു. പഠനകാര്യത്തിൽ കുട്ടികള നി

ർബന്ധിക്കുന്നതിന് അധ്യാപകർക്ക് പരിമിതിയുണ്ട്.

19. ഔദ്യോഗിക നിർദേശങ്ങളുടെ കുറവുണ്ട്. കുട്ടികൾ വല്ല അവിവേകവും ചെയ്താൽ ഉത്തരവാദിയാകുമെന്ന ഭയം അധ്യാപകർക്കുണ്ട്.
20. പ്ലസ് ടു ക്ലാസിൽ ഓൺലൈൻ പരീക്ഷ നടന്നിട്ടുണ്ട്. പക്ഷേ ഇതിന് സർക്കാർ പിന്തുണയില്ല.
21. രക്ഷിതാക്കൾക്ക് ഒരുക്ലാസിനു മുമ്പ് ആ ക്ലാസിനെ സംബന്ധിച്ച് ഒരു ചെറിയ വിവരണം കിട്ടിയാൽ നന്ന്.
22. ട്രൈബൽ മേഖലയിൽ വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനം വേണം. ടീച്ചർ, സ്കൂൾ, പഞ്ചായത്ത്, ബി ആർ സി എന്നിവ ഏകോപിതമാകണം.
23. പുതിയ മാർഗരേഖ തയ്യാറാക്കണം. അതിൽ സാമ്പത്തിക ചെലവ് വരുന്ന കാര്യങ്ങൾക്ക് സഹായം വേണം. (ഉദാഹരണമായി ലൈബ്രറി പുസ്തകം എത്തിക്കൽ.)
24. പ്രയാസം അനുഭവിക്കുന്ന കുട്ടികളുടെ വീടുകളിൽ അധ്യാപകർ സന്ദർശിക്കുന്നത് നന്നായിരിക്കും.
25. ക്ലാസിലെ പല കാര്യങ്ങളും പൂർണമായി കുട്ടികളിൽ എത്താത്തതിനാൽ സമ്മർദം ഉണ്ടാകുന്നു. ഇത് രക്ഷിതാക്കളെയും ബാധിക്കുന്നു .
26. രക്ഷിതാക്കൾ വിലയിരുത്തൽ അഥവാ പരീക്ഷ ആഗ്രഹിക്കുന്നു. മാർക്കും താരതമ്യവും വേണ്ട.
27. സ്കൂൾതലത്തിൽ എല്ലാ അധ്യാപകരും ഒരുപോലെ കാര്യങ്ങൾ ചെയ്യുന്നില്ല. മോണിറ്ററിംഗ് ശക്തമാക്കണം. ഏകീകരണത്തിന്റെ കുറവുണ്ട്. അധ്യാപകർ കൂട്ടായി ആലോചിച്ച് പ്രവർത്തനങ്ങൾ നൽകണം. എങ്കിൽ എല്ലായിടത്തും ഒരുപോലെ നടക്കും.
28. 10, 12 ക്ലാസുകാർക്ക് സ്കൂളിലുള്ള ക്ലാസ് അടിയന്തരമായി തുടങ്ങണം. പ്രാക്ടിക്കൽ ക്ലാസ് കിട്ടണം. പ്രോട്ടോകോൾ പാലിച്ച് ഇത് ചെയ്യാവുന്നതാണ്. ഒരു ക്ലാസിന് ആഴ്ചയിൽ ചുരുങ്ങിയ ദിവസങ്ങൾ മതി. ക്ലാസിൽ 15 പേർ മാത്രം ആകുന്നതാണ് നല്ലത്.
29. ചെറിയ ക്ലാസുകളിൽ അടിസ്ഥാനകാര്യങ്ങളിൽ ഊന്നണം. ഈ വർഷത്തെ പഠന വിടവുകൾ വരുംവർഷങ്ങളിൽ നികത്താം.
30. ചെറിയ ക്ലാസുകളിൽ വാർഷിക പരീക്ഷകൾ ആവശ്യമില്ല.
31. ഓൺലൈൻ ക്ലാസുകൾ കോറോണാനന്തര കാലത്തും ഉപയോഗിക്കണം. ഓൺലൈൻ സാധ്യതകൾ ഉപയോഗിച്ച് വിദഗ്ധരുടെ ക്ലാസുകൾ നൽകാം.
32. ദിവസവും അധ്യാപകർ ഗ്രൂപ്പിൽ കുട്ടികളെ വിളിച്ചുചേർക്കണം. തുടർക്ലാസുകൾ നൽകണം.
33. യാത്ര ഒഴിവാക്കണം. അതത് പ്രദേശങ്ങളിൽനിന്ന് കിട്ടുന്ന വിദ്യാഭ്യാസ പ്രവർത്തകരെ കണ്ടെത്തി ചില ക്ലാസുകൾ നൽകുന്നത് നല്ലതാണ്. യോഗാ ക്ലാസ് പോലുള്ളവ ചെയ്യാവുന്നതാണ്.
34. ടി.വി. യിൽ ഉള്ള യോഗ ക്ലാസ് പ്രയോജനപ്പെടുത്തുന്നവർ കുറവാണ്.
35. സർക്കാർ വിദ്യാലയങ്ങളിൽ റിട്ടയർമെൻറ് ഒഴിവുകളിൽ നിയമനം നടത്തണം.
36. ഹിന്ദി, ഇംഗ്ലീഷ്, ഉറുദു പോലുള്ള ക്ലാസുകൾ കുട്ടികൾക്ക് മനസ്സിലാകുന്നില്ല.
37. മൊബൈൽ ഫോൺ അമിതമായി ഉപയോഗിക്കുന്നത് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കും.
38. എട്ടാംക്ലാസിലെ ഹെൽത്ത് എജുക്കേഷൻ പോലുള്ള വിഷയങ്ങളിൽ ക്ലാസ് കിട്ടുന്നില്ല.
39. ലൈബ്രറി വിതരണം തുടങ്ങിയെങ്കിലും തുടർച്ചയുണ്ടായില്ല.

# നിഗമനങ്ങൾ

## 1. ഉപകരണലഭ്യത

1.1. ജൂൺ 1 നാണ് ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചത്. ഈ ഘട്ടത്തിൽ ടി. വി. ലഭ്യമല്ലാത്ത കുറച്ച് കുട്ടികൾ ഉണ്ടായിരുന്നു. അവരുടെ കണക്ക് അന്ന് സമഗ്രശിക്ഷ വഴി സർക്കാർ എടുക്കുകയുണ്ടായി. അവരിൽ പലർക്കും ടി. വി. ലഭ്യമാക്കാൻ സർക്കാർ ആഹ്വാനപ്രകാരം പല സംഘടനകളും വ്യക്തികളും മുന്നോട്ടുവന്നു. എങ്കിലും ഇപ്പോഴും വീട്ടിൽ സ്വന്തമായി ടി. വി. ഇല്ലാത്ത കുറേ കുട്ടികൾ ഉണ്ട്. സർവ്വേ പ്രകാരം ഇവർ 12 ശതമാനം വരും.

1.2. ഇതുപോലെ വീട്ടിൽ സ്മാർട്ട് ഫോൺ എത്തിക്കാനും ശ്രമമുണ്ടായി. എങ്കിലും ഇപ്പോഴും വീട്ടിൽ സ്മാർട്ട് ഫോൺ വഴി തുടർപഠനത്തിൽ ഏർപ്പെടാൻ കഴിയാത്ത 8 ശതമാനം കുട്ടികൾ ഉണ്ട്.

1.3. നേരത്തെ സൗകര്യം ലഭിക്കാത്ത പലരും ഇപ്പോൾ അയൽവീട്, വായനശാല, സാംസ്കാരിക നിലയം, പഠനവീട്, മറ്റ് സൗര്യങ്ങൾ എന്നിവ വഴി ക്ലാസ് കാണുന്നുണ്ട്. എന്നാൽ ഇപ്പോഴും ഒരു സൗകര്യവും ലഭ്യമായിട്ടില്ലാത്ത കുറച്ചുപേരുണ്ട്.

## 2. പഠന തടസ്സങ്ങൾ

2.1. ഡിജിറ്റൽ ക്ലാസ് കാണാൻ സൗകര്യമുള്ളവർക്ക് പോലും പലവിധ കാരണങ്ങളാൽ എല്ലാ ക്ലാസുകളും മുടക്കമില്ലാതെ കാണാൻ കഴിഞ്ഞിട്ടില്ല. ജൂൺ 1 ന് ആരംഭിച്ച ക്ലാസുകൾ മുടക്കം കൂടാതെ കണ്ടവർ 67 ശതമാനം ആണ്. ബാക്കിയുള്ളവർ ഭാഗികമായേ കണ്ടിട്ടുള്ളൂ. ഓൺലൈൻ ക്ലാസിനെ കേന്ദ്രീകരിച്ചാണ് പഠനം മിക്കവാറും നടക്കുന്നത് എന്നതിനാൽ ഈ വിടവ് പ്രധാനമാണ്.

2.2. വ്യക്തിപരമായ കാരണങ്ങൾ മാറ്റിനിർത്തിയാൽ സാങ്കേതികമോ സാമ്പത്തികമോ ആയ പ്രശ്നങ്ങളാണ് ക്ലാസ് കാണുന്നതിൻ തടസ്സമാവുന്നത്. ഇന്റർനെറ്റിന്റെ വേഗതക്കുറവാണ് ഏറ്റവുമേറെപ്പേരെ (39.5 ശതമാനം) ബുദ്ധിമുട്ടിച്ചത്. ഇത് മലയോരപ്രദേശത്തെയും ഗോത്രവർഗമേഖലകളെയുമാണ് മുഖ്യമായും ബാധിക്കുന്നതെങ്കിലും ഇതരപ്രദേശങ്ങളിലും പലയിടത്തും കണക്റ്റിവിറ്റി പ്രശ്നമുണ്ട്.

2.3. ഇന്റർനെറ്റിന്റെ അഭാവം (17 ശതമാനം), സ്മാർട്ട് ഫോണിന്റെ അഭാവം (14.5 ശതമാനം) എന്നിവയാണ് മറ്റ് പ്രധാന പ്രശ്നങ്ങൾ. ഫോൺ മെമ്മറിയുടെ പ്രശ്നങ്ങൾ, പകൽസമയത്ത് രക്ഷിതാവ് വീട്ടിലില്ലാത്തത്, വീട്ടിൽ മറ്റു ജോലികൾ ചെയ്യേണ്ടിവരുന്നത്, ഉപകരണം ഉപയോഗിക്കുന്നതിലെ പരിജ്ഞാനക്കുറവ് തുടങ്ങിയ മറ്റ് കാരണങ്ങളും ഏറ്റവുമേറെ ബാധിക്കുന്നത് ദരിദ്രരെയും പിന്നാക്ക വിഭാഗങ്ങളെയുമാണ്. ജനറൽ, ഒ.ഇ.സി., ഒ.ബി.സി., പട്ടികജാതി, പട്ടികവർഗം എന്നീ ക്രമത്തിലാണ് ക്ലാസ് കാണുന്നത് കുറഞ്ഞു വരുന്നത്.

2.4. സർവേയിൽ പങ്കെടുത്ത 76 ശതമാനം രക്ഷിതാക്കൾക്ക് സ്കൂളിൽ പഠിക്കുന്ന ഒന്നിലധികം കുട്ടികളുണ്ട്. പഠനപിന്തുണ ലഭിക്കുന്നതിൽ മൊബൈൽ ഫോണിന്റെ കുറവ് ഇതിൽ ചിലർക്ക് പ്രശ്നമാകുന്നുണ്ട്. കുട്ടികൾ കൂടുമ്പോൾ രക്ഷിതാക്കൾക്ക് നൽകാവുന്ന മറ്റ് സഹായങ്ങളിൽ പരിമിതി ഉണ്ട്.

## 3. അക്കാദമിക പ്രശ്നങ്ങൾ

3.1. സർവ്വേയിൽ പങ്കെടുത്ത വിദ്യാർഥികളിൽ 23 ശതമാനമാണ് ക്ലാസുകൾ കണ്ട് മനസ്സിലാക്കുന്നതിൽ ഒരു വിഷയത്തിലും പ്രയാസമില്ലെന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി 77 ശതമാനത്തിന് ക്ലാസുകൾ മനസ്സിലാക്കുന്നതിൽ ഒന്നോ അതിലധികമോ വിഷയങ്ങളിൽ പ്രയാസമുണ്ട്. മലയാളം കുറച്ചുപേർക്കേ

പ്രയാസകരമാവുന്നുള്ളൂ. സോഷ്യൽ സയൻസ്, ശാസ്ത്രം, ഇംഗ്ലീഷ്, ഗണിതം എന്ന ക്രമത്തിൽ പ്രയാസം നേരിടുന്നവരുടെ എണ്ണം കൂടുന്നു. ഇത് പൊതുവെ സാധാരണക്ലാസിലും പ്രയാസം അനുഭവപ്പെടുന്ന ക്രമം തന്നെയാണ്.

3.2. എന്നാൽ ഇതിന്റെ കാരണം അന്വേഷിക്കുമ്പോൾ കൂടുതൽ പേരും പറയുന്നത് ക്ലാസുകളുടെ വേഗതയും (21ശതമാനം) നോട്ട് കുറിച്ചെടുക്കാൻ കഴിയായ്കയുമാണ് (22 ശതമാനം). അവതരണവേഗതയും അതു കാരണമുള്ള മനസ്സിലാകായ്കയുമുണ്ട് (10 ശതമാനം). ഇവ പരസ്പരബന്ധിതമാണ് എന്നതിനാൽ വേഗത മൂലമുണ്ടാകുന്ന അവ്യക്തത മുഖ്യപ്രശ്നമായി നിലനിൽക്കുന്നു.

3.3. നിലവിലുള്ള ഉള്ളടക്കം മുഖാമുഖ ക്ലാസിൽ കൂടുതൽ സമയമെടുത്ത് കൈകാര്യം ചെയ്യാനായി ആസൂത്രണം ചെയ്തതാണ്. എന്നാൽ ഡിജിറ്റൽ ക്ലാസിൽ ഒരാഴ്ചയിൽ ഒരു വിഷയത്തിന് കിട്ടുന്ന സമയം വളരെ പരിമിതമാണ്. കുറഞ്ഞ സമയത്തിനുള്ളിൽ ഉള്ളടക്കത്തിൽ കുറവു വരുത്താതെ പഠിപ്പിച്ച തീർക്കാനുള്ള ശ്രമം മുകളിൽ സൂചിപ്പിച്ച പ്രശ്നത്തിന് കാരണമാവുന്നുണ്ട്.

3.4. വ്യത്യസ്ത ക്ലാസുകളിൽ വ്യത്യസ്ത വിഷയങ്ങൾക്ക് ഒരേ സമീപനം തന്നെ സ്വീകരിക്കുന്നതിന്റെ പ്രശ്നമുണ്ട്. ഒന്ന്, രണ്ട് ക്ലാസുകളിൽ എഴുത്ത് മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള ക്ലാസുകൾ വേണ്ടത്ര പര്യാപ്തമാകുന്നില്ല. പൊതുപരീക്ഷയുള്ള ക്ലാസുകളിൽ ഉള്ളടക്കത്തിലൂടെ പൂർണമായും കടന്നുപോകണമെന്ന ആവശ്യമുണ്ട്.

3.5. അവതരണരീതി, അധ്യാപകന്റെ ഭാഷ, അധ്യയനമാധ്യമം, ഉദാഹരണങ്ങളുടെ കുറവ്, ചില ക്ലാസുകളിലെ ഓഡിയോ – വീഡിയോ സാമഗ്രികളുടെ കുറവ്, നിത്യജീവിതവുമായി ബന്ധിപ്പിക്കായ്ക എന്നിങ്ങനെയുള്ള പ്രശ്നങ്ങളും ക്ലാസ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കണം.

3.6. ആശയങ്ങൾ ഗ്രഹിക്കുന്നതിന് ബോധനഭാഷ 38 ശതമാനം കുട്ടികൾക്ക് പ്രശ്നമുണ്ടാക്കുന്നു. തീരദേശത്ത് അത് 53 ശതമാനം കുട്ടികൾക്ക് പ്രശ്നമാകുന്നുണ്ട് എന്ന് അധ്യാപകർ അഭിപ്രായപ്പെടുന്നു. ഡിജിറ്റൽ ക്ലാസുകൾ കൂടുതൽ കുട്ടിസൗഹൃദമാകണം.

3.7. ഡിജിറ്റൽ സങ്കേതത്തെ മാത്രം ആശ്രയിച്ച് മുന്നോട്ടു പോകുന്നതിനോട് 80 ശതമാനത്തിനടുത്ത് അധ്യാപകർ യോജിക്കുന്നില്ല. എന്നാൽ കോവിഡ് മുക്തമാകുന്ന കാലത്ത് ഡിജിറ്റൽ സങ്കേതങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തണം.

3.8. ഡിജിറ്റൽ ക്ലാസുകളോടുള്ള കുട്ടികൾക്കുള്ള താല്പര്യം കുറഞ്ഞുവരുന്നുണ്ട്. ക്ലാസുകൾ കൂടുതൽ വൈവിധ്യമുള്ളതാക്കി മാറ്റുകയും കൂടുതൽ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയുണ്ട്.

3.9. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സംപ്രേഷണക്ലാസുകൾ കാര്യമായി പ്രയോജനം ചെയ്യുന്നില്ല. സമഗ്രശിക്ഷ ആരംഭിച്ച ' വൈറ്റ്ബോർഡ് ' പദ്ധതി ആശ്വാസകരമാണെങ്കിലും ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

## 4. അധ്യാപക പിന്തുണ

4.1. കുറഞ്ഞ സമയം കൊണ്ട് ഉള്ളടക്കം മുഴുവനും 'കവർ' ചെയ്യുന്ന ഡിജിറ്റൽ ക്ലാസുകൾ വഴി കുട്ടികൾക്ക് കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ പരിമിതിയുണ്ട്. അതിനാൽ സ്വന്തം അധ്യാപകന്റെ വകയായി അന്നന്നത്തെ ഉള്ളടക്കത്തിൽ വ്യക്തത വരുത്തുന്ന ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. എന്നാൽ 23 ശതമാനം കുട്ടികൾക്ക് മാത്രമാണ് വ്യക്തത വരുത്താൻ അധ്യാപക സഹായം ലഭിക്കുന്നത്. അല്ലാത്തവർ ക്ലാസ് വീണ്ടും കണ്ടും പാഠപുസ്തകം വായിച്ചും വീട്ടുകാരുടെ സഹായത്തോടെയും ഇന്റർനെറ്റിൽ തിരഞ്ഞുമാണ് വ്യക്തതയുണ്ടാക്കാൻ ശ്രമിക്കുന്നത്. അധ്യാപകരുടെ പിന്തുണാക്ലാസ് എല്ലാവർക്കും കിട്ടാൻ നടപടികളുണ്ടാവണം.

4.2. ഓരോ ദിവസത്തെ ക്ലാസിലും തുടർപ്രവർത്തനങ്ങൾ (ഹോംവർക്ക് ) നൽകുന്നു

ണ്ട്. എന്നാൽ ഇവയുടെ അനുയോജ്യത പ്രശ്നമാവുന്നുണ്ട്. അത് പരിഹരിക്കാൻ പല അധ്യാപകരും സ്വന്തമായി തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയോ മറ്റു പലരും അയച്ചുതരുന്നത് നൽകുകയോ ചെയ്യുന്നു. അധ്യാപകരുടെ പഠനഗ്രൂപ്പുകൾ വഴി ചർച്ചകളിലൂടെ രൂപപ്പെടുത്തുന്ന വർക്ക്ഷീറ്റുകളും ഇതരപ്രവർത്തനങ്ങളും നൽകുമ്പോൾ അത് പലതരത്തിലും ഗുണകരമാകുന്നുണ്ട്.

4.3. തുടർപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ പല കുട്ടികൾക്കും വേറെയും പ്രയാസങ്ങളുണ്ട്. 32 ശതമാനത്തിനും പ്രശ്നം ഇന്റർനെറ്റ് കണക്ഷൻ തന്നെയാണ്. ക്ലാസിൽ അവതരിപ്പിക്കപ്പെട്ട ആശയങ്ങളിലുള്ള അവ്യക്തതയും റഫറൻസ് പുസ്തകങ്ങളുടെ അഭാവവുമൊക്കെയാണ് മറ്റു പ്രശ്നങ്ങൾ.

4.4. പ്രവർത്തനങ്ങൾ പരിശോധിച്ച് അഭിപ്രായം പറയാൻ അധ്യാപകരില്ല എന്ന കാര്യവും (14 ശതമാനം) ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അധ്യാപകരുടെ ഒഴിവുകൾ നികത്താത്തത് പ്രശ്നമാണ്.

4.5. ഫീഡ്ബാക്ക് നൽകുന്നതിലുള്ള പ്രശ്നങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. 79 ശതമാനത്തിന് മാത്രമാണ് അധ്യാപകരിൽ നിന്നും ഫീഡ്ബാക്ക് കിട്ടുന്നത്. മറ്റുള്ളവർ രക്ഷിതാക്കളെ ആശ്രയിക്കുകയോ കൂട്ടുകാരുടെ സഹായം തേടുകയോ ചെയ്യുന്നു. പഠനോത്പന്നങ്ങൾ അയച്ചുകൊടുത്താലും ചിലരിൽ നിന്ന് ഫീഡ്ബാക്ക് കിട്ടുന്നില്ല.

4.6. ഹൈസ്കൂൾ ക്ലാസുകളെ സംബന്ധിച്ച ഒരധ്യാപകനു തന്നെ നൂറുകണക്കിന് കുട്ടികൾക്ക് ഫീഡ്ബാക്ക് നൽകേണ്ടുന്ന സ്ഥിതിയുമുണ്ട്. 32 ശതമാനം അധ്യാപകർക്ക് ഭാഗികമായേ ഫീഡ്ബാക്ക് നൽകാനാവുന്നുള്ളൂ.

4.7. ക്ലാസുകൾ കാണുക, പിന്തുണാക്ലാസ് നൽകുക, ഹോംവർക്ക് നൽകുക, അവ നോക്കുക, ഫീഡ്ബാക്ക് നൽകുക എന്നിങ്ങനെ ഭാരിച്ച ഉത്തരവാദിത്തമാണ് അധ്യാപകർക്ക് ഉള്ളത്. ഇതും മറ്റു കാര്യങ്ങളും കാരണം അധ്യാപകരും വലിയ സമ്മർദമാണ് അനുഭവിക്കുന്നത്.

## 5. രക്ഷാകർതൃ പിന്തുണ

5.1. 79 ശതമാനം രക്ഷിതാക്കളാണ് തങ്ങളുടെ കുട്ടികളുടെ പഠനകാര്യങ്ങളിൽ പിന്തുണയ്ക്കുന്നത്. പ്രൈമറി യിൽ നിന്ന് ഹയർസെക്കണ്ടറിയിലേക്ക് പോകുംതോറും സഹായിക്കുന്നവരുടെ ശതമാനം കുറഞ്ഞു വരുന്നു.

5.2. രക്ഷിതാക്കളിൽ കുറച്ചുപേരേ ഡിജിറ്റൽ ക്ലാസ് കാണുന്നുള്ളൂ. കുട്ടികളുടെ പ്രയാസം കാരണം പല ഹോംവർക്കും ചില രക്ഷിതാക്കൾ ചെയ്തു കൊടുക്കുന്നു. പ്രൈമറി ക്ലാസുകളിലാണ് ഇത് കൂടുതൽ. ഡിജിറ്റൽ ക്ലാസ് സംബന്ധിച്ച് അവർക്ക് ഒരു പരിശീലനവും കിട്ടിയിട്ടില്ല.

5.3. മൊബൈൽ സാങ്കേതിക കാര്യങ്ങളിൽ രക്ഷിതാക്കൾക്ക് പരിചയക്കുറവ് ഉണ്ട്. ഇതേപ്രശ്നം ചില അധ്യാപകർക്കുമുണ്ട്. ഈ വശം പരിഗണിക്കാതെയാണ് മൊബൈൽസാങ്കേതികത പ്രയോജനപ്പെടുത്തി കൊണ്ടുള്ള പഠനപദ്ധതി ആരംഭിച്ചത്.

5.4. സാമ്പത്തികമായി പിറകിൽ നിൽക്കുന്ന പല രക്ഷിതാക്കൾക്കും (35ശതമാനം) ഇന്റർനെറ്റ് ചാർജ് വഹിക്കാൻ ബുദ്ധിമുട്ടുണ്ട്.

5.5. നിലവിലുള്ള സാഹചര്യവും കുട്ടികളുടെ പഠനം സംബന്ധിച്ച അനിശ്ചിതത്വവും സഹായിക്കുന്നതിലുള്ള പരിമിതികളും രക്ഷിതാക്കൾക്കും സമ്മർദം ഉണ്ടാക്കുന്നുണ്ട്.

## 6. പഠനകേന്ദ്രങ്ങൾ

6.1. സ്വന്തമായി സൗകര്യമില്ലാത്തവർ പൊതുകേന്ദ്രങ്ങളിൽ പഠനം നടത്തുന്നുണ്ട്. ഇവയിൽ കൂടുതലും കോളനികളിലാണ്. സമഗ്രശിക്ഷ പദ്ധതിയിൽ ഉൾപ്പെട്ട

ത്തിയാണ് മിക്കതും നിലവിൽ വന്നിട്ടുള്ളത്. വായനശാലകളും മറ്റും (വളരെ കുറവാണെങ്കിലും) ഇത്തരത്തിൽ പ്രവർത്തിക്കുന്നുണ്ട്. കോളനികളിലുള്ള പഠനകേന്ദ്രങ്ങളിൽ ടി.വി. സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവിടെ എത്തിച്ചേരുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. സഹായിക്കാനാളില്ലാത്ത തിനാലും അധ്യാപകർക്ക് എത്തിച്ചേരാൻ പ്രയാസമുള്ളതിനാലും സമഗ്രശിക്ഷ ഏർപ്പാടാക്കിയ മെന്റർമാരുടെ സേവനം മെച്ചപ്പെടുത്തണം.

## 7. സ്കൂൾതല പിന്തുണ

7.1. സ്കൂൾ തുറക്കാത്തതിനാൽ കൂട്ടുകാർ, അധ്യാപകർ എന്നിവരുടെ സാമീപ്യവും അവരുമായുള്ള നേരിട്ടുള്ള ആശയവിനിമയവും നഷ്ടപ്പെട്ടതായി ഭൂരിപക്ഷം കുട്ടികളും കരുതുന്നു. സാമൂഹ്യ അകലവും ശുചിത്വസംവിധാനങ്ങളും ഏർപ്പെടു ത്തിക്കൊണ്ട് ഉയർന്ന ക്ലാസുകൾ തുടങ്ങണം. എന്നാൽ ചെറിയ കുട്ടികളുടെ കാര്യത്തിൽ നിയന്ത്രണങ്ങൾ പാലിക്കാനാവുമോയെന്ന സംശയം ഉണ്ട്.

7.2. അധ്യാപകരിൽ നിന്ന് കിട്ടുന്ന പിന്തുണ വ്യത്യസ്തതോതിലായതിനു കാരണം സ്കൂൾ തലത്തിലെ ഏകോപനക്കുറവാണ്. മേലുദ്യോഗസ്ഥരുടെ അന്വേഷണം ശക്തമല്ല.

7.3. സ്കൂളിൽ നടക്കേണ്ട കൂട്ടായ ആസൂത്രണത്തിന് കോവിഡ് സാഹചര്യം തടസ്സമായിട്ടുണ്ട്. എങ്കിലും ഓൺലൈൻ രീതിയിലുള്ള പ്രവർത്തനാസൂത്രണം മിക്കയിടത്തും നടക്കുന്നുണ്ട്. ഇതിലും വലിയ ഏറ്റക്കുറച്ചിലുകൾ ഉണ്ട്.

7.4. പ്രധാനാധ്യാപകരുടെ മോണിറ്ററിങ്ങ് ഫലപ്രദമായ ഇടങ്ങളിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

7.5. സ്കൂളുകളുടെ നേതൃത്വത്തിൽ രക്ഷാകർത്തൃ ബോധവത്കരണം മതിയായ തോതിൽ നടന്നിട്ടില്ല. ഇതിലും ഏകോപിത പദ്ധതിയുടെ അഭാവം ഉണ്ട്.

7.6. പി.ടി.എ. യുടെ നേതൃത്വത്തിൽ ടി.വി. എത്തിക്കുന്ന പ്രവർത്തനം വ്യാപകമായി നടന്നിട്ടുണ്ട്. എന്നാൽ ഗൃഹസന്ദർശനം പോലുള്ള തുടർപരിപാടികൾ കാര്യ മായി ഉണ്ടായിട്ടില്ല.

## 8. മേൽഘടകങ്ങളുടെ ഇടപെടലുകൾ

8.1 കുട്ടികളെ പഠനവഴിയിൽ ഉറപ്പിച്ചുനിർത്താൻ എന്ന പേരിൽ തുടങ്ങിയ ക്ലാസ് നീണ്ടുപോകുന്ന സാഹചര്യമുണ്ടായി.

8.2. തുടക്കത്തിൽ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കി നൽകിയ വിശദമായ മാർഗരേഖ 91 ശതമാനംഅധ്യാപകരും വായിച്ചിട്ടുണ്ട് . ഇതിൽ സ്കൂൾ തൊട്ട് സംസ്ഥാന തലം വരെയുള്ള അധ്യാപകരും ഉദ്യോഗസ്ഥരും സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ട ഉത്തരവാദിത്തങ്ങൾ പറഞ്ഞിട്ടുണ്ട്. അധ്യാപകർ ഒരുവിധം അവ ഏറ്റെടുത്തു നിർവഹിക്കുന്നുണ്ട്. എന്നാൽ പല മേലുദ്യോഗസ്ഥരും നയരേഖ പ്രകാരം പ്രവർത്തിക്കുന്നതിൽ നിഷ്കർഷ പുലർത്തുന്നില്ല. ഏകോപനത്തിന്റെ കുറവ് പലതട്ടുകളിലും ഉണ്ടായിട്ടുണ്ട്.

8.3. സാഹചര്യം മനസ്സിലാക്കി ചില ജില്ലകളിലെ ഡയറ്റുകളും വിദ്യാഭ്യാസ മേലധി കാരികളും നന്നായി പ്രവർത്തിച്ചു.

8.4. സംസ്ഥാന തലത്തിൽ എസ്.സി.ഇ.ആർ.ടി., എസ്.ഐ.ഇ.ടി., കൈറ്റ്, സമ ഗ്രശിക്ഷ കേരളം എന്നിവ തമ്മിലുള്ള ഏകോപനക്കുറവ് പ്രകടമാണ്. ഇതുമൂലം ടൈംടേബിളിൽ പോരായ്മകളും ക്ലാസുകളുടെ എണ്ണത്തിൽ വിഷയങ്ങൾക്കിടയിൽ പ്രകടമായ അന്തരവും അക്കാദമികതലത്തിൽ സൂക്ഷ്മതക്കുറവും ഉണ്ടായിട്ടുണ്ട്.

## 9. ഇതരവിഷയങ്ങൾ

9.1. കുട്ടി നങ്ങൾക്കുമായി വിനിയോഗിക്കുന്നുണ്ട്. പല കുട്ടികൾക്കും പ്രവർത്തനാധി

ക്യം, ക്ലാസിന്റെ വേഗത, ഉള്ളടക്കക്കൂടുതൽ, ക്ലേശകരമായ പ്രവർത്തനങ്ങൾ എന്നിവ സമ്മർദത്തിന് കാരണമാവുന്നുണ്ട്. സമ്മർദം ഉണ്ടാക്കുന്ന ഇത്തരം കാര്യങ്ങൾ പരിഹരിക്കാനോ കൗൺസിലർ സൗകര്യം വേണ്ടത്ര ലഭ്യമാക്കാനോ കഴിഞ്ഞിട്ടില്ല.

9.2. സർക്കാർ നിർദേശമില്ലാതെ തന്നെ പലേടത്തും പരീക്ഷകൾ നടക്കുന്നുണ്ട്.

9.3. ചിലർക്ക് പാഠപുസ്തകം ഇനിയും കിട്ടിയിട്ടില്ല. സ്കൂളിൽ പാഠപുസ്തകം എത്തിയിട്ടും ചില കുട്ടികളുടെ വീട്ടിൽ എത്തിയിട്ടില്ല.

9.4. സ്കൂൾ എപ്പോൾ തുറക്കുമെന്നതും പൊതുപരീക്ഷകളുള്ള ക്ലാസിൽ അത് എപ്പോൾ, എങ്ങനെ നടക്കുമെന്നതും കുട്ടികളെയും രക്ഷിതാക്കളെയും ആശങ്ക പ്പെടുത്തുന്നുണ്ട്. പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ വാർഷിക പരീക്ഷയ്ക്ക് ഉള്ളടക്കം എത്രമാത്രം ഉണ്ടാവുമെന്ന് നേരത്തെ പറയേണ്ടതുണ്ട്.

9.5. ഡിജിറ്റൽ ക്ലാസ് വഴി പാഠ്യപദ്ധതി മുന്നോട്ടുവെച്ച ലക്ഷ്യങ്ങൾ ഭാഗികമായി മാത്രമേ നേടാൻ കഴിയുന്നുള്ളൂ എന്ന് 83.4 ശതമാനം അധ്യാപകർ രേഖപ്പെ ടുത്തിയിട്ടുണ്ട്.

9.6. പ്രാക്റ്റിക്കൽ ആവശ്യമുള്ള വിഷയങ്ങളിൽ അവയുടെ ആസൂത്രണം നടക്കേ ണ്ടതുണ്ട്.

# നിർദേശങ്ങൾ

## 1. ഉപകരണലഭ്യത

1.1. ആദ്യഘട്ടത്തിൽ ടി.വി, മൊബൈൽ ഫോൺ എന്നിവ ഇല്ലാതിരുന്ന പലർക്കും അവ ലഭ്യമാക്കാൻ ഏറെ ശ്രമങ്ങൾ നടന്നിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്. എങ്കിലും ഇപ്പോഴും വീട്ടിൽ സ്വന്തമായി ഉപകരണങ്ങൾ ഇല്ലാത്തവരും പിന്നീട് ഉപകരണങ്ങൾ കേട് വന്നവരുമായ കുറച്ച് കുട്ടികൾ ഉണ്ട്. പുതിയ ഒരു സർവ്വേ നടത്തി ഇവരെ കണ്ടെത്തി സഹായം എത്തിക്കേണ്ടതുണ്ട്. ഇക്കാര്യം അധ്യാപകർ വഴി നിരന്തരം മോണിറ്റർ ചെയ്യേണ്ടതുണ്ട്. ഇവർ അങ്ങേയറ്റം ദരിദ്രരോ പിന്നാക്കവിഭാഗക്കാരോ ആയിരിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണം.

## 2. സാങ്കേതിക തടസ്സങ്ങൾ

2.1. ഇന്റർനെറ്റിന്റെ വേഗതക്കുറവ് വലിയ പ്രശ്നമായി തീരുന്നുണ്ട്. ഇത് പരിഹരിക്കാൻ സർക്കാർ മുൻകൈ എടുക്കണം.

2.2. ക്ലാസുകളുടെ സമയക്രമം കുറേക്കൂടി മുൻപ് കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ലഭ്യമാക്കേണ്ടതുണ്ട് . കൂടാതെ ക്ലാസിന്റെ സ്ക്രിപ്റ്റ് അധ്യാപകർക്ക് രണ്ടുദിവസം മുമ്പേ എത്തിക്കുന്നത് നല്ലതാണ്.സ്വയം സജ്ജമാകലിന് ഇത് സഹായകമാകും.

## 3. അക്കാദമിക പ്രശ്നങ്ങൾ

3.1. ക്ലാസുകളുടെ ആസൂത്രണത്തിൽ ഒരു പുനരാലോചന ആവശ്യമാണ്. കുട്ടികളെ പഠനവഴിയിൽ നിലനിർത്താൻ ആരംഭിച്ച ക്ലാസ് പലപ്പോഴും പാഠങ്ങൾ തീർക്കുന്നതിലേക്ക് പോകുന്നുണ്ട്. മുഖാമുഖപഠനത്തിന് പകരമാവാൻ ഒരിക്കലും ഓൺലൈൻ അനുഭവങ്ങൾക്ക് സാധ്യമല്ല. പല കാരണങ്ങളാൽ പിറകിൽ നിൽക്കുന്ന കുട്ടികൾക്ക് ഇത് ഏറെ ദോഷകരമാവും. അതിനാൽ കുട്ടികളിൽ പഠനതാത്പര്യം നിലനിർത്താനും അടിസ്ഥാനപരമായ ചില ആശയങ്ങളും കഴിവുകളും മാത്രം എത്തിക്കാനും ഈ ഘട്ടത്തിൽ ലക്ഷ്യം വെച്ചാൽ മതി.

3.2. ലഭ്യമായ സമയത്തിനുള്ളിൽ ഏതൊക്കെ കാര്യങ്ങൾ പരിഗണിക്കാമെന്ന ധാരണ മുൻകൂട്ടി ഉണ്ടാക്കണം. അവ നേടാനുള്ള സ്വാഭാവികവും അനൗപചാരികവും യാന്ത്രികമല്ലാത്തതുമായ പഠനതന്ത്രങ്ങൾ രൂപപ്പെടുത്തണം. സ്കൂൾ തുറക്കുന്ന ഘട്ടത്തിൽ തുടക്കം മുതലുള്ള ഉള്ളടക്കത്തിലൂടെ കടന്നുപോകണം.

3.3. മുഖാമുഖ പഠനത്തിലൂടെ പഠനവിടവുകൾ പൂർണമായും പരിഹരിക്കണം. ഇത് ഒരു വർഷം കൊണ്ട് പൂർത്തിയാകുന്നില്ലെങ്കിൽ തുടർവർഷങ്ങളിലും ശ്രമം തുടരണം.

3.4. പൊതുപരീക്ഷകൾ വരുന്ന പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിൽ ഉള്ളടക്ക പൂർത്തീകരണം ലക്ഷ്യമാക്കണം. കുട്ടികളെ സ്കൂളിൽ വരുത്തിയും നോട്ടുകൾ തയ്യാറാക്കി നൽകിയും തുടർച്ചയായ വിലയിരുത്തൽ ശക്തമാക്കിയും ഇത് സാധ്യമാക്കുന്നതിനുള്ള സമീപനം സ്വീകരിക്കണം. പ്രാക്റ്റിക്കൽ ക്ലാസുകൾ നൽകാനും ശ്രമമുണ്ടാവണം.

3.5. എൽ.പി. ക്ലസുകളിൽ രക്ഷിതാക്കളെ കൂടി ഉപയോഗപ്പെടുത്തി വായന, എഴുത്ത്, കണക്കുകൂട്ടൽ പോലുള്ള അടിസ്ഥാനമേഖലകളിൽ സമ്പുഷ്ടമായ പഠനാനുഭവങ്ങൾ ഒരുക്കുന്നതിനുള്ള പ്രായോഗികപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

3.6. ഡിജിറ്റൽ ക്ലാസുകളിൽ ചിലത് പാഠ്യപദ്ധതിസമീപനത്തിന് വിരുദ്ധമാണെന്ന നിരീക്ഷണം ഗൗരവപൂർവം പരിഗണിച്ച് തിരുത്തലുകൾ വരുത്തണം. ഇപ്പോൾ

ചൂണ്ടിക്കാണിക്കപ്പെടുന്ന പോരായ്മകൾ പരിഹരിക്കണം. ക്ലാസുകൾ ശിശു സൗഹൃദമാക്കാനുള്ള എല്ലാ സാധ്യതകളും ഉചിതമായി ഉൾച്ചേർക്കണം.

3.7. ഓൺലൈൻ ക്ലാസുകൾ വികേന്ദ്രീകൃതമായി തയ്യാറാക്കുന്നതിനുള്ള സാധ്യത പരിഗണിക്കണം. എസ്. സി.ഇ.ആർ.ടി.യുടെ പൊതുനിയന്ത്രണത്തിനു കീഴിൽ പതിനാല് ഡയറ്റുകൾക്ക് വിവിധ ക്ലാസുകളിലെ വ്യത്യസ്ത വിഷയങ്ങളുടെ ചുമതല വിഭജിച്ച് നൽകാം.

3.8. ഡയറ്റിനു കീഴിൽ നിർദിഷ്ട വിഷയങ്ങൾക്ക് അധ്യാപകഗ്രൂപ്പുകൾ രൂപീകരിക്കാം. ഓൺലൈൻ വഴി മറ്റു ജില്ലകളിലെ അധ്യാപകരുടെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താം. ഇങ്ങനെ തയ്യാറാക്കുന്ന സ്ക്രിപ്റ്റുകൾ വിദഗ്ധസഹായത്തോടെ മെച്ചപ്പെടുത്തി ഷൂട്ട് ചെയ്യണം.

3.9. ഷൂട്ടിങ്ങിൽ കൈറ്റ്, എസ്.ഐ.ഇ.ടി, സമഗ്രശിക്ഷ എന്നീ സ്ഥാപനങ്ങളുടെ സാങ്കേതികപിന്തുണയും വൈദഗ്ധ്യവും പ്രയോജനപ്പെടുത്തണം. എഡിറ്റിങ്ങ് ഡയറ്റിന്റെ നേതൃത്വത്തിൽ തന്നെ നടത്താം.

3.10. ഇങ്ങനെ കിട്ടുന്ന അന്തിമ ഉത്പന്നം വീണ്ടും വിദഗ്ധ ടീമുകളുടെ പരിശോധനയ്ക്കു ശേഷമാണ് സംപ്രേക്ഷണത്തിന് നൽകേണ്ടത്. പ്രാദേശികവൈദഗ്ധ്യം വളർത്താനും ഇപ്പോഴുള്ള കാലതാമസം ഒഴിവാക്കാനും സംപ്രേഷണം ചെയ്യുന്ന ക്ലാസുകളുടെ എണ്ണത്തിൽ വിഷയങ്ങൾക്കിടയിലുള്ള അന്തരം പരിഹരിക്കാനും വികേന്ദ്രീകൃത സമീപനം സഹായിക്കും.

3.11. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് യോജിച്ച ക്ലാസുകൾ ബന്ധപ്പെട്ട വിദഗ്ധർ തയ്യാറാക്കി നൽകണം. കൂടാതെ വീടുകളിലെത്തി സഹായം നൽകുന്നതിനുള്ള സംവിധാനം വിപുലീകരിക്കുകയും വേണം.

3.12. കുട്ടികൾക്ക് ഉല്ലസിക്കാനും, സർഗ്ഗാത്മക പ്രവർത്തനങ്ങൾ നടത്താനും പ്രേരിപ്പിക്കുന്ന ഘടകങ്ങളും ഡിജിറ്റൽ ക്ലാസുകളിൽ കൂടുതലായി ഉൾച്ചേർക്കണം.

3.13. പാഠഭാഗങ്ങളിലെ ആശയങ്ങൾ സ്പൈറൽ ചെയ്യ്ത് വരത്തക്കവിധത്തിൽ ആവശ്യമായ ഇടവേളകളിൽ അതുവരെ കടന്നുപോയ പഠനവസ്തുതകൾ ഒന്നുകൂടി പ്രയോജനപ്പെടുത്തുവാൻ സഹായകമാകും വിധം ക്ലാസുകൾ അവതരിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. വിവിധ വിഷയങ്ങൾ തമ്മിലുള്ള ഉദ്ഗ്രഥന സാധ്യതയും പരിഗണിക്കണം.

3.14. കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കുക, സർഗാത്മകമായ കഴിവുകൾ പരിപോഷിപ്പിക്കുക, കായികപ്രവർത്തനങ്ങളിൽ ഏർപ്പെടാനാവുക, ആരോഗ്യസുരക്ഷ ഉറപ്പാക്കുക, മാനസികസമ്മർദം കുറക്കുക തുടങ്ങിയ കാര്യങ്ങളും പരിഗണിക്കണം.

# 4. അധ്യാപക പിന്തുണ

4.1. ഡിജിറ്റൽ ക്ലാസുകൾ കഴിഞ്ഞാൽ അതിന്റെ വിശദീകരണം എന്ന നിലയിൽ ഒരു അനുബന്ധക്ലാസ് അതത് അധ്യാപകർ കുട്ടികൾക്ക് ഗ്രൂപ്പുകളിലൂടെ നൽകണം. സംശയങ്ങൾ തീർക്കാനും സൗകര്യമുണ്ടാവണം. ഇതിനു ശേഷം മാത്രമേ തുടർപ്രവർത്തനം നൽകാവൂ.

4.2. സ്വന്തം കുട്ടികൾക്ക് പറ്റിയ രീതിയിലുള്ള തുടർപ്രവർത്തനമേ ടീച്ചർ നൽകാവൂ. ഇതിനായി അധ്യാപക പഠനക്കൂട്ടായ്മയിലെ പങ്കാളിത്തവും എസ്.ആർ. ജി.യിലെ ചർച്ചയും ടീച്ചർ പ്രയോജനപ്പെടുത്തണം.

4.3. ആവശ്യമുള്ള അധ്യാപകർക്ക് മൊബൈൽ ഉപയോഗിച്ച് വർക്ക്ഷീറ്റുകൾ, ചെറുവീഡിയോ തുടങ്ങിയവ തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകണം.

4.4. കുട്ടികളുടെ വ്യക്തിപരവും സാമൂഹ്യവുമായ സവിശേഷതകൾ പരിഗണിച്ച് വ്യക്തിഗതശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക് അത് നൽകാൻ അധ്യാപകർ ശ്രദ്ധിക്കണം. മറ്റ് സഹായങ്ങൾ ആവശ്യമെങ്കിൽ ബന്ധപ്പെട്ടവരെ അറിയിക്കാനും ടീച്ചർ മുൻകൈ എടുക്കണം.

4.5. ചെറിയ കുട്ടികൾക്ക് വായനാസാമഗ്രികൾ, പൊതുപരീക്ഷ എഴുതേണ്ടവർക്ക് അതിനുള്ള വിവിധതരം പ്രത്യേക സഹായങ്ങൾ എന്നിവ ലഭ്യമാക്കാനും അധ്യാപകരുടെ ശ്രദ്ധ ആവശ്യമാണ്.

4.6. ഉയർന്ന ക്ലാസുകളിലേക്കു പോകുംതോറും കുട്ടികൾക്ക് സ്വന്തം അധ്യാപകരിൽനിന്നു തന്നെ കൂടുതൽ സഹായം ലഭിക്കുന്നതിനുള്ള സാധ്യതകൾ ആരായേണ്ടതുണ്ട്. കുട്ടികൾ പരസ്പരം നൽകുന്ന പിന്തുണയും ഉയർന്ന ക്ലാസുകളിൽ പ്രയോജനപ്പെടുത്തണം.

4.7. കുട്ടികളുടെ ഉത്പന്നങ്ങൾ പരിശോധിച്ച് കഴിവതും വ്യക്തിപരമായിത്തന്നെ ഫീഡ്ബാക്ക് നൽകാൻ ശ്രദ്ധിക്കണം.

4.8. ക്ലാസിൽ ഇടയ്ക്കിടെ ഹാജരാകാത്തവർ, തുടർപ്രവർത്തനങ്ങൾ കൃത്യമായി ചെയ്യാത്തവർ, മാനസികപ്രശ്നങ്ങൾ പ്രകടിപ്പിക്കുന്നവർ എന്നിവരുടെ കാര്യത്തിൽ രക്ഷിതാക്കളുമായി ബന്ധപ്പെട്ടോ നേരിട്ടുചെന്നോ പ്രശ്നപരിഹാരം ഉണ്ടാക്കണം. ആഴ്ചയിലൊരിക്കലെങ്കിലും കോളനികൾ സന്ദർശിക്കണം.

## 5. രക്ഷാകർത്തൃ പിന്തുണ

5.1. വിവിധ ക്ലാസുകളിലെ വിദ്യാർഥികൾക്കു വേണ്ട തുടർപിന്തുണ നൽകാൻ ആവശ്യമായ വിദ്യാഭ്യാസ പശ്ചാത്തലം ഇല്ലാത്ത രക്ഷിതാക്കൾ ഉണ്ട്. പഴയ രീതിയിൽ പഠിച്ച പല രക്ഷിതാക്കളും വീടുകളിൽ നൽകിവരുന്ന പിന്തുണ പുതിയ പഠനരീതിയുടെ സമീപനത്തോട് പൊരുത്തപ്പെടണമെന്നില്ല. പഠനകാര്യങ്ങളിൽ എങ്ങനെയാണ് ഇടപെടേണ്ടത് എന്നതു സംബന്ധിച്ച് രക്ഷിതാക്കളെ ബോധവത്കരിക്കാൻ ഓൺലൈൻ/ മുഖാമുഖ കൂടിച്ചേരൽ നടത്താൻ സ്കൂൾതലത്തിൽ പരിപാടികൾ ഉണ്ടാവണം.

5.2. ക്ലാസുകൾ സംബന്ധിച്ച് അധ്യാപകർക്ക് എന്നതുപോലെ രക്ഷിതാക്കൾക്കും നേരത്തെ ചില വിവരങ്ങൾ നൽകാനാവണം. ഒരാഴ്ച സംപ്രേഷണം ചെയ്യുന്ന ക്ലാസുകളുടെ സമയം മുൻകൂട്ടി നൽകുന്ന രീതിയും ഉണ്ടാവണം.

5.3. മൊബൈൽ സാങ്കേതികവിദ്യയിൽ പ്രയാസമുള്ളവർക്ക് അതിനുള്ള പരിശീലനം നൽകണം.

5.4. മൊബൈൽ ചാർജ് ചെയ്യാനുള്ള സാമ്പത്തിക പ്രയാസം, വീട്ടിൽ ഒന്നിലേറെ കുട്ടികൾക്ക് ഒരു മൊബൈലിനെ മാത്രം ആശ്രയിക്കേണ്ട സ്ഥിതി തുടങ്ങിയവയും കഴിയുന്നരീ തിയിൽ പരിഹരിക്കാൻ കഴിയണം.

## 6. പഠനകേന്ദ്രങ്ങൾ

6.1. ഇവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടണം. പ്രാദേശികമായോ സമഗ്രശിക്ഷ വഴിയോ അക്കാദമികസഹായം ലഭ്യമാകണം. കേന്ദ്രങ്ങളുടെ മേൽനോട്ടത്തിന് പിന്തുണാസമിതി രൂപീകരിച്ച് പ്രവർത്തിപ്പിക്കണം. വാർഡ് മെമ്പർ, അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ തുടങ്ങിയവർ കേന്ദ്രങ്ങൾ സന്ദർശിക്കണം. ഹാജർ ഉറപ്പാക്കാനും പഠനതാത്പര്യം വളർത്താനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

## 7. സ്കൂൾതല പിന്തുണ

7.1. സ്കൂൾ തലത്തിൽ കൂട്ടായ ആസൂത്രണം ശക്തിപ്പെടുത്തണം. പ്രഥമാധ്യാപകർ, അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ എന്നിവർ ചേർന്ന് സാഹചര്യങ്ങൾ വിലയിരുത്തി ഇടപെടലുകൾ ശക്തമാക്കണം.

7.2. സംപ്രേഷണക്ലാസ് കാണൽ, അനുബന്ധക്ലാസ് നൽകൽ, തുടർപ്രവർത്തനങ്ങൾ, തയ്യാറാക്കൽ, ഫീഡ്ബാക്ക് നൽകൽ എന്നിവയിൽ സ്കൂൾ തലത്തിൽ ഏകോപനവും മോണിറ്ററിങ്ങും വേണം. അധ്യാപക – വിദ്യാർഥി – രക്ഷാകർത്തൃ

ഗ്രൂപ്പുകളിലെ പ്രവർത്തനങ്ങളിൽ എച്ച്. എം. / പ്രിൻസിപ്പൽതല മേൽനോട്ടം ഉറപ്പാക്കണം.

7.3. പാഠപുസ്തകങ്ങൾ എല്ലാവരുടെ കൈയിലും എത്തിയെന്ന് ഉറപ്പാക്കണം. വായനയ്ക്കുള്ള പുസ്തകങ്ങൾ, റഫറൻസ് സാമഗ്രികൾ എന്നിവ ആവശ്യമുള്ളവർക്ക് അവ എത്തിക്കാനുള്ള പദ്ധതി പി.ടി.എ. സഹകരണത്തോടെ നടപ്പിലാക്കണം. കോളനികളിലെ പഠനകേന്ദ്രങ്ങളുടെ സന്ദർശനം, മോണിറ്ററിങ്ങ് എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകണം.

7.4. കുട്ടികളുടെ പ്രാദേശികമായ ചെറുകൂട്ടായ്മയുടെ സാധ്യത പരിശോധിക്കണം. വീടുകൾ, വായനശാലകൾ എന്നിവിടങ്ങളിൽ മുതിർന്നവരുടെ മേൽനോട്ടത്തിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നിശ്ചിത ഇടവേളകളിൽ കൂടിച്ചേരാനുള്ള സാധ്യതയാണ് നോക്കേണ്ടത്. ഇത്തരം കൂട്ടായ്മകൾ കുട്ടികളുടെ മാനസിക സമ്മർദം കുറയ്ക്കാനും കൂട്ടായ പഠനത്തിനും ഉപകരിക്കും.

7.5. പത്ത്, പന്ത്രണ്ട് എന്നീ ക്ലാസുകളിൽ ഒന്നാം ഘട്ടത്തിലും ഒമ്പത്, പതിനൊന്ന് ക്ലാസുകളിൽ രണ്ടാം ഘട്ടത്തിലും സ്കൂളിൽ മുഖാമുഖക്ലാസ് ആരംഭിക്കാവുന്നതാണ്. പ്രോട്ടോക്കോൾ പാലിച്ചുള്ള ചെറുസംഘങ്ങളാണ് ഒരുസമയം എത്തിച്ചേരേണ്ടത്. ഇത് ആഴ്ചയിൽ പകുതി ദിവസങ്ങളിൽ പകുതി ക്ലാസുകാർ വരുന്ന രീതിയിൽ ആവാം. ശനിയാഴ്ച കൂടി പ്രവൃത്തിദിനമാക്കിയും ദിവസവും ഒരു മണിക്കൂർ കൂടി പ്രവൃത്തിസമയത്തോട് ചേർത്തും കൂടുതൽ സമയം കണ്ടെത്താം.

7.6. പഠനവേഗത കുറഞ്ഞ കുട്ടികൾ, മറ്റുതരം പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികൾ എന്നിവരെ തിരിച്ചറിഞ്ഞ് ഗൃഹസന്ദർശനം നടത്തുന്ന കാര്യം ആസൂത്രണം ചെയ്യണം.

# 8. മേൽഘടകങ്ങളുടെ ഇടപെടലുകൾ

## 8.1. ഗ്രാമപ്പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ

എ. കോവിഡിന്റെ വ്യാപനം തടയുന്നതിൽ ഇടപെടുന്നതിനുള്ള മുൻഗണന കാരണം വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്ഥാപനങ്ങളുടെ ശ്രദ്ധ ഏറെ പതിയുന്നില്ല എന്നത് വസ്തുതയാണ്. പ്രോജക്റ്റ് പ്രവർത്തനങ്ങൾ സ്തംഭിച്ച സാഹചര്യത്തിൽ സ്കൂൾ മേധാവികളെ വിളിച്ച് ഓൺലൈൻ ക്ലാസിന്റെ മോണിറ്ററിങ്ങ്, സൗകര്യങ്ങൾ ഒരുക്കൽ, വിദ്യാഭ്യാസ വളണ്ടിയർമാരെ കണ്ടെത്തി പ്രവർത്തനസജ്ജമാക്കൽ, അവശ്യഘട്ടങ്ങളിൽ ഗൃഹസന്ദർശനങ്ങൾക്ക് നേതൃത്വം നൽകൽ, പൊതുകേന്ദ്രങ്ങളിൽ നടക്കുന്ന ക്ലാസ് നിരീക്ഷണം ഫലപ്രദമാക്കാൻ ഇടപെടൽ എന്നിവ തദ്ദേശസ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

## 8.2. ബി.ആർ.സി.

എ. പഠനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കൽ, വായനാസാമഗ്രികൾ ലഭ്യമാക്കൽ, അധ്യാപക കൂട്ടായ്മകളെ സഹായിക്കൽ, ഭിന്നശേഷിക്കാർക്ക് പിന്തുണ ഉറപ്പാക്കൽ, പി.ഇ.സി. ചേരുന്നുവെന്നുറപ്പാക്കൽ, സമ്മർദം കുറയ്ക്കുന്നതിനുള്ള ക്യാമ്പുകൾ ആസൂത്രണം ചെയ്യൽ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പിലെ ഇതരഘടകങ്ങളുമായി ചേർന്നുകൊണ്ടും മറ്റു വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കിയും പ്രവർത്തനം സജീവമാക്കണം.

## 8.3. ഡി.ഇ.ഒ. / എ.ഇ.ഒ. / ആർ.ഡി.ഡി. / എ.ഡി.

എ. പ്രഥമാധ്യാപകയോഗങ്ങൾ നിശ്ചിത ഇടവേളകളിൽ സംഘടിപ്പിക്കുകയും അധ്യാപകരുടെ പിന്തുണ ഫലപ്രദമാക്കുന്നതിനുള്ള കൃത്യമായ നിർദേശങ്ങൾ

നൽകുകയും വേണം. മോണിറ്ററിങ്ങ് ഫോർമാറ്റ് വഴി വിവരങ്ങൾ ശേഖരിക്കുന്നതും മാതൃകാപ്രവർത്തനങ്ങളെ അംഗീകരിക്കുന്നതും പ്രചരിപ്പിക്കുന്നതും ഒരുപരിധിവരെ ഗുണം ചെയ്യും.

## 8.4. ഡയറ്റ്, ജില്ലാതല മേധാവികൾ

എ. ഡയറ്റിന്റെ നേതൃത്വത്തിൽ വിവരസാങ്കേതികവിദ്യയുടെ ഉപയോഗത്തിൽ അധ്യാപക പരിശീലനം നടത്താം. അനുബന്ധ ക്ലാസുകളുടെ ആസൂത്രണം, തുടർപ്രവർത്തനങ്ങൾ തയ്യാറാക്കൽ, രക്ഷാകർത്തൃ ബോധവത്കരണം തുടങ്ങിയ വിഷയങ്ങളിലും ക്ലാസുകൾ നൽകാം. ഓൺലൈൻ ക്ലാസുകളുടെ നിർമാണത്തിന് ക്ലാസെടുക്കാൻ പറ്റിയ അധ്യാപകക്കൂട്ടങ്ങളെ സജ്ജമാക്കുക, സ്ക്രിപ്റ്റ് വികസിപ്പിക്കുക, അക്കാദമിക ഗുണമേന്മ ഉറപ്പാക്കുക, എഡിറ്റിങ്ങ് നടത്തുക എന്നിവയും ഏറ്റെടുക്കാം.

ബി. ഇതര ജില്ലാതല മേധാവികൾ അവരവരുടെ അധികാരപരിധിയിൽ മതിയായ ഇടപെടലും മോണിറ്ററിങ്ങും സമയബന്ധിതമായി നടത്തണം. ജില്ലയിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള കൂട്ടായ പ്രവർത്തനമാണ് ഓരോ തലത്തിലും നടക്കേണ്ടത്.

## 8.5. എസ്.സി.ഇ.ആർ.ടി.

എ. ഡിജിറ്റൽ ക്ലാസുകളുടെ സമീപനവും രീതിശാസ്ത്രവും അക്കാദമിക ഉള്ളടക്കവും ഉചിതമാക്കുന്നതിൽ നേതൃത്വം നൽകണം. ഡയറ്റുകളുടെ സേവനം ആവശ്യാനുസരണം ഇക്കാര്യത്തിൽ തേടണം.

ബി. നടന്നുകൊണ്ടിരിക്കുന്ന ക്ലാസുകളുടെ ഉള്ളടക്കവും പ്രാദേശികപിന്തുണയും കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ നേരിടുന്ന സമ്മർദങ്ങളും ഗവേഷണാത്മകമായി വിലയിരുത്തുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

## 8.6. കൈറ്റ്, എസ്.ഐ.ഇ.ടി., സമഗ്രശിക്ഷ

എ. ക്ലാസുകളുടെ സാങ്കേതിക കാര്യങ്ങളിൽ കുറേക്കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. വന്നിരിക്കുന്ന വിലയിരുത്തലുകൾ കൂടി പരിഗണിച്ച് വേണ്ട മാറ്റങ്ങൾ എസ്.സി.ഇ.ആർ.ടി.യുടെ അക്കാദമിക നിർദേശങ്ങൾക്ക് അനുസൃതമായി നിർവഹിക്കണം.

ബി. സമഗ്രശിക്ഷയുടെ ഇടപെടൽ മേഖലകളിലെ പ്രവർത്തനങ്ങൾ കോവിഡ് സാഹചര്യങ്ങൾക്ക് അനുസൃതമായി രൂപഭേദം വരുത്തി നടപ്പിലാക്കണം.

## 8.7. ഡി.ജി.ഇ.

എ. പൊതുവായ ഏകോപനം ഉറപ്പാക്കണം. സ്കൂൾ തുറക്കൽ, പൊതുപരീക്ഷ, ക്ലാസ് കയറ്റം തുടങ്ങിയവ സംബന്ധിച്ച അനിശ്ചിതത്വം കഴിയുന്നത്ര പരിഹരിക്കണം.

ബി. നിലവിലുള്ള മാർഗരേഖയിൽ മതിയായ മാറ്റങ്ങൾ വരുത്തുകയും അക്കാര്യം ഓരോ അധ്യാപകനിലും ബന്ധപ്പെട്ട മറ്റുള്ളവരിലും എത്തിയെന്ന് ഉറപ്പാക്കുകയും വേണം.

## 8.8. വിദ്യാഭ്യാസ വകുപ്പ്

എ. എല്ലാ മാസവും ആദ്യത്തെ പ്രവൃത്തിദിനത്തിൽ സംസ്ഥാനതല റിവ്യൂ, ആസൂത്രണയോഗം നടക്കണം. ഇതിൽ വിദ്യാഭ്യാസമന്ത്രി, പൊതുവിദ്യാഭ്യാസ സെക്രട്ടറി, ഡി.ജി.ഇ, എസ്.സി.ഇ.ആർ.ടി. ഡയറക്റ്റർ, സമഗ്രശിക്ഷ, കൈറ്റ്, എസ്.ഐ.ഇ.ടി എന്നിവയുടെ മേധാവികൾ എന്നിവർ പങ്കെടുക്കണം.

തുടർന്ന് ജില്ലാതല ഉദ്യോഗസ്ഥന്മാരുടെ റിവ്യൂ, ആസൂത്രണയോഗം നടക്കണം. അതിനുശേഷം വിദ്യാഭ്യാസജില്ല, ഉപജില്ലാതല യോഗവും സ്കൂൾതല എസ്.ആർ.ജി.യും സമയബന്ധിതമായി നടക്കണം.

9. അറിവു നിർമ്മാണത്തിനുള്ള പ്രക്രിയാധിഷ്ഠിതമായ സമീപനമാണ് 1997 മുതൽ കേരളം പിന്തുടരുന്നത്. ഈ സമീപനം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പിന്നീട് വികസിച്ച് വന്നിട്ടുമുണ്ട്. ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ കേവലമായ പഠന നേട്ടം എന്ന ലക്ഷ്യത്തിലേക്ക് ഉപകരണാത്മകമായി ചുരുങ്ങാതെ പ്രക്രിയാധിഷ്ഠിത സമീപനത്തിലൂടെ മികവുള്ളതും നിലനിൽക്കുന്നതുമായ ലക്ഷ്യത്തിനാണ് ശ്രമിക്കേണ്ടത്.

10. ഡിജിറ്റൽ സാധ്യതകളൊന്നും തന്നെ മുഖാമുഖപഠനത്തിന് ബദലല്ല. ഇന്ത്യയിലും പുറത്തുമുള്ള പല പഠനങ്ങളും സമൂഹത്തിലെ ഡിജിറ്റൽ വിഭജനം അരികു വത്കരിക്കപ്പെട്ടവരെ വിദ്യാഭ്യാസാനുഭവങ്ങളിൽ നിന്ന് അന്യവത്കരിക്കുമെന്ന് ശക്തമായി ഉന്നയിച്ചിട്ടുണ്ട്. അതിനാൽ സാധ്യമാവുന്ന സമയത്ത് ,ഏറ്റവും നേരത്തെ സ്കൂളുകൾ തുറന്ന് ഘട്ടംഘട്ടമായി സാധാരണ പ്രവർത്തനം പുനരാരംഭിക്കാൻ കഴിയണം

# ഉപസംഹാരം

പ്രതിസന്ധി ഘട്ടങ്ങളാണ് പലപ്പോഴും പുതുവഴികൾ തേടാൻ നിർബന്ധിതമാക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ ഏതാണ്ടെല്ലാ കുട്ടികളെയും ഉൾച്ചേർത്തു കൊണ്ട് ഡിജിറ്റൽ ക്ലാസുകൾ ഒരുക്കാനുള്ള ശ്രമം സമൂഹത്തിന്റെ കൂടി പിൻബലത്തോടെ നടപ്പിലാക്കുന്നതിൽ വിദ്യാഭ്യാസവകുപ്പ് ഒട്ടൊക്കെ വിജയിച്ചിട്ടുണ്ട്. തമിഴ്, കന്നഡ മീഡിയത്തിലും ആദിവാസി ഭാഷകളിലും ക്ലാസ് നടത്താൻ ശ്രമിച്ചതും അഭിനന്ദനീയമാണ്.

എന്നാൽ കൊറോണ സാഹചര്യം നീണ്ടതോടെ നടക്കേണ്ടിയിരുന്ന പുനരാലോചനകൾ വേണ്ടത്ര നടന്നു കാണുന്നില്ല. ഈ അക്കാദമികവർഷം ഇനിയെങ്ങനെ മുന്നോട്ടുപോകും, സ്കൂളുകൾ ഭാഗികമായെങ്കിലും തുറക്കുമോ, പരീക്ഷകളും ക്ലാസ്സ്കയറ്റവും എങ്ങനെയായിരിക്കും തുടങ്ങിയ ഒട്ടേറെ കാര്യങ്ങളിൽ വിദഗ്ധമായ ആലോചനകളും അതുപ്രകാരമുള്ള സമയബന്ധിതമായ തീരുമാനങ്ങളും ഏവരും പ്രതീക്ഷിക്കുന്നുണ്ട്.

ഇപ്പോഴത്തെ അനുഭവങ്ങളുടെ കൂടി പശ്ചാത്തലത്തിൽ സാങ്കേതികവിദ്യയെ വിവേകത്തോടെ വിനിയോഗിക്കാനുള്ള സാധ്യത ആരാഞ്ഞു കൊണ്ടേയിരിക്കണം. ഈ സങ്കേതത്തെ സാധാരണ ക്ലാസുകൾ നടക്കുന്ന ഘട്ടം വന്നാൽപ്പോലും ഉചിതമായി പ്രയോജനപ്പെടുത്താൻ കഴിയണം. അറിവിന് നിർണായക സ്വാധീനമുള്ള ജ്ഞാന സമൂഹത്തിൽ ജ്ഞാനാർജനവും ജ്ഞാനനിർമിതിയും സാമൂഹ്യനീതി ഉറപ്പാക്കാനുള്ള പോരാട്ടത്തിന്റെ ഭാഗമാക്കുക എന്നത് പ്രധാനമാണ്.

പഠനബോധന രംഗത്ത് തുല്യതയും നീതിയും ഗുണതയും ഉറപ്പാക്കാൻ കഴിയുന്ന, പ്രായോഗികത കൂടി ഉൾച്ചേർന്ന ഒരു പരിപ്രേക്ഷ്യം വികസിപ്പി`ക്കാൻ കഴിയണം. കേരളത്തിലെ മെച്ചപ്പെട്ട വിദ്യാഭ്യാസസംവിധാനങ്ങളും രക്ഷാകർത്താക്കളുടെ വർധിച്ച പങ്കാളിത്തവും വികേന്ദ്രീകൃതമായ ഇടപെടൽ സാധ്യതകളും പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ഏവരേയും ഉൾച്ചേർക്കുന്ന ഒരു വിദ്യാഭ്യാസപദ്ധതിയാണ് രൂപപ്പെടേണ്ടത്. അക്കാദമിക മേഖലയിലെയും സാങ്കേതിക മേഖലയിലെയും വിദഗ്ധരുടേയും കുട്ടികളോട് നേരിട്ട് ഇടപഴകുന്ന അധ്യാപകരുടേയും ഒരു കൂട്ടായ്മ ഇതിനായി പ്രവർത്തിക്കേണ്ടതുണ്ട്.

# അനുബന്ധം–1

## ചോദ്യാവലി

### കുട്ടികൾ

1. കുട്ടിയുടെ പേര് :
2. ജെൻഡർ :
3. പഠിക്കുന്ന ക്ലാസ് :
4. പഠിക്കുന്ന സ്കൂളിന്റെ പേര് :
5. പഠന മാധ്യമം :
6. താങ്കളുടെ വീട്ടിൽ നിന്നും LP മുതൽ HSS വരെ സ്കൂൾ വിദ്യാഭ്യാസത്തിന് പോകുന്ന കുട്ടികളുടെ എണ്ണം :
7. സ്കൂൾ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത്/ നഗരസഭ പേര് :
8. താമസിക്കുന്ന ജില്ല :
9. കുട്ടി ജനിച്ച വിഭാഗം :
10. കുടുംബത്തിന്റെ വരുമാന വിഭാഗം :
11. ലോക്ക് ഡൗൺ കാലത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ (വിക്ടേഴ്സ്–കൈറ്റ്സ് ഡിജിറ്റൽ) ക്ലാസുകളിൽ ജൂൺ 1 മുതൽ കാണാൻ സ്വന്തം വീട്ടിൽ അവസരം ലഭിച്ചിരുന്നോ? :
12. വീട്ടിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിനായി ഇപ്പോൾ ലഭ്യമായിട്ടുള്ള ഉപകരണങ്ങളും അവയുടെ എണ്ണവും :
13. നേരത്തേ ഡിജിറ്റൽ പഠനത്തിന് അവസരം ഉണ്ടായിരുന്നില്ല എങ്കിൽ അതിനുള്ള സൗകര്യം പിന്നീട് ലഭിച്ചത് ഏത് വഴിയാണ് ? :
14. പിതാവിന്റെ/രക്ഷിതാവിന്റെ തൊഴിൽ :
15. മാതാവിന്റെ തൊഴിൽ :
16. ഏത് ദൃശ്യമാധ്യമ ഉപകരണത്തിന്റെ സഹായത്താലാണ് നിങ്ങൾ ഇപ്പോൾ ഡിജിറ്റൽ ക്ലാസുകളിൽ പങ്കാളിയാവുന്നത് ? :
17. ആദ്യത്തെ ക്ലാസ് മുതൽ എല്ലാ ക്ലാസുകളും കണ്ടിട്ടുണ്ടോ ? :
18. സ്ഥിരമായി ഡിജിറ്റൽ (Online) ക്ലാസുകൾ കാണുന്നതിൽ തടസം നേരിട്ടോ ? :
19. ഉണ്ടെങ്കിൽ കാരണങ്ങൾ :
20. ഡിജിറ്റൽ ക്ലാസിൽ ഏത് വിഷയമാണ് നിങ്ങൾക്ക് ഏറ്റവും പ്രയാസമായി തോന്നിയത് ? :
21. പ്രയാസം തോന്നിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ :
22. ഡിജിറ്റൽ ക്ലാസിനു തുടർച്ചയായി സ്വന്തം അധ്യാപകർ പ്രവർത്തനങ്ങൾ നൽകാറുണ്ടോ ? :
23. ഉണ്ടെങ്കിൽ എങ്ങനെ :
24. ഡിജിറ്റൽ ക്ലാസിനോടൊപ്പം അധ്യാപകർ നൽകിയ പ്രവർത്തനങ്ങൾ പൂർത്തിയാക്കാറുണ്ടോ ? :
25. ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ കാരണങ്ങൾ :
26. ഡിജിറ്റൽ ക്ലാസിന് ശേഷം പഠിപ്പിച്ച കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കാൻ എന്ത് ചെയ്തു ? :
27. ദിവസവും ഡിജിറ്റൽ ക്ലാസിനും തുടർ പ്രവർത്തനത്തിനായി ചെലവഴിക്കുന്ന ശരാശരി സമയം :
28. ക്ലാസിന് ശേഷമുള്ള തുടർ പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിനും അവ പൂർത്തിയാക്കുന്നതിനും പ്രയാസം അനുഭവപ്പെടുന്നുണ്ടോ ? :

29. പ്രയാസം അനുഭവപ്പെടുന്നുണ്ടെങ്കിൽ കാരണങ്ങൾ :
30. നിങ്ങളുടെ ഹോം വർക്കുകളും പഠനോത്പന്നങ്ങളും വിലയിരുത്തി അഭിപ്രായം പറയുന്നതാര് ? :
31. വിക്ടേഴ്സിന്റെ ഡിജിറ്റൽ ക്ലാസുകളാണോ നിങ്ങളുടെ സ്കൂളിലെ അധ്യാപകരുടെ ക്ലാസുകളാണോ കൂടുതൽ ഇഷ്ടപ്പെടുന്നത് ? :
32. ഇപ്പോഴത്തെ സാഹചര്യത്തിൽ സ്കൂൾ തുറക്കാത്തതിൽ താഴെ പറയുന്ന ഏതെല്ലാമാണ് നിങ്ങൾക്ക് നഷ്ടമാകുന്നതായി തോന്നുന്നത് ? :
33. വിക്ടേഴ്സിന്റെ ഡിജിറ്റൽ ക്ലാസിനൊപ്പം പണം കൊടുത്ത് വാങ്ങിയ ഡിജിറ്റൽ ആപ്പുകൾ (Byju's App പോലുള്ളവ) പഠനത്തിനായി പ്രയോജനപ്പെടുത്തുന്നുവോ ? :
34. ഉണ്ടെങ്കിൽ അതിനായി പ്രതിവർഷം ചെലവാക്കേണ്ട തുക :
35. ആപ്പിന്റെ പേര് :
36. വിക്ടേഴസിന്റെ ഡിജിറ്റൽ ക്ലാസിനൊപ്പം ട്യൂഷൻ പോലുള്ള സൗകര്യങ്ങൾ പഠനത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ടോ ? :
37. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേക സാഹചര്യങ്ങളിൽ തുടർന്നും ഡിജിറ്റൽ ക്ലാസുകൾ സംഘടിപ്പിക്കേണ്ടി വന്നാൽ അതിനായുള്ള നിങ്ങളുടെ നിർദേശങ്ങൾ എഴുതുക :

## അധ്യാപകർ

1. പേര് :
2. സ്കൂൾ തരം :
3. വിഭാഗം :
4. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം :
5. ജില്ല :
6. ഡിജിറ്റൽ ക്ലാസിൽ പങ്കെടുക്കാൻ സ്വന്തം വീട്ടിൽ തന്നെ സൗകര്യമുള്ള നിങ്ങളുടെ ക്ലാസിലെ കുട്ടികളുടെ ശതമാനം :
7. മറ്റുതരത്തിലുള്ള സൗകര്യം ഉപയോഗിക്കുന്ന കുട്ടികളുടെ ശതമാനം :
8. സൗകര്യങ്ങൾ ലഭിക്കാത്തതുമൂലം ഡിജിറ്റൽ ക്ലാസ് നഷ്ടമാകുന്ന കുട്ടികളുടെ ശതമാനം :
9. ഡിജിറ്റൽ ക്ലാസുകൾ എല്ലാ കുട്ടികൾക്കും തടസ്സമില്ലാതെ കാണാൻ കഴിയുന്നുണ്ടോ ? :
10. തടസ്സമുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ :
11. താങ്കൾ പഠിപ്പിക്കുന്ന വിഷയങ്ങളുടെ ഇതുവരെ നടന്ന ക്ലാസുകൾ എല്ലാം കണ്ടുവോ ? :
12. ഡിജിറ്റൽ ക്ലാസ് സംബന്ധിച്ച മാർഗരേഖ വായിച്ച് മനസ്സിലാക്കിയിട്ടുണ്ടോ ? :
13. ഡിജിറ്റൽ ക്ലാസിലെ പ്രവർത്തനങ്ങൾ പഠനനേട്ടങ്ങൾ നേടുന്നതിന് എത്രമാത്രം പര്യാപ്തമാണ് ? :
14. പൂർണമല്ലെങ്കിൽ ഇതിനു പൂരകമായി നിങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ? :
15. ആശയങ്ങൾ ഗ്രഹിക്കുന്നതിന് ഡിജിറ്റൽ ക്ലാസിലെ ബോധന ഭാഷ കുട്ടികൾക്ക് തടസ്സമാകുന്നുണ്ടോ ? :
16. ഈ തടസ്സം പരിഹരിക്കാൻ താങ്കൾ സ്വീകരിക്കുന്ന മാർഗങ്ങൾ എന്തെല്ലാം
17. താങ്കളുടെ വിഷയത്തിലെ ഡിജിറ്റൽ ക്ലാസിന്റെ ഫലപ്രാപ്തി :
18. ഡിജിറ്റൽ ക്ലാസുകൾ വഴി നിർദിഷ്ട ആശയങ്ങളും ശേഷികളും നേടുന്ന കുട്ടികളുടെ ശതമാനം :
19. ഡിജിറ്റൽ ക്ലാസിൽ മുഴുവൻ സമയവും കുട്ടികൾ പങ്കാളികളാകുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ടോ ? :
20. ഇതിനായി താങ്കൾ സ്വീകരിക്കുന്ന മാർഗങ്ങൾ വിശദമാക്കുക :
21. ഡിജിറ്റൽ ക്ലാസിലെ തുടർച്ചയായി നൽകുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കി അയച്ചുതരുന്ന കുട്ടികളുടെ ശതമാനം :
22. കുട്ടികളുടെ ഇത്തരം രചനകൾ പരിശോധിച്ച് അഭിപ്രായം/അഭിനന്ദനം രേഖപ്പെ

ട്ടത്തി അയയ്ക്കുന്ന പ്രവൃത്തി എത്രമാത്രം ചെയ്യാൻ കഴിയുന്നു :

23. ഈ രീതിയിൽ തൃപ്തി തോന്നുന്നുണ്ടോ ? :
24. തുടർ പ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടികൾക്ക് നിർദേശം/സഹായം നൽകുന്നത് എങ്ങനെയാണ് ? :
25. ഡിജിറ്റൽ ക്ലാസിനു ശേഷം കുട്ടികളുമായി സംവദിച്ച് ആശയവ്യക്തത വരുത്തൽ എത്രമാത്രം ചെയ്യുന്നുണ്ട് ? :
26. വിവിധ വിഷയങ്ങളുടെ തുടർപ്രവർത്തനങ്ങൾ ചെയ്യുന്നത് കുട്ടികൾക്ക് ഭാരമായി അനുഭവപ്പെടുന്ന സ്ഥിതിയുണ്ടോ ? :

26 A. ഉണ്ടെങ്കിൽ എത്രമാത്രം ? :

27. ഡിജിറ്റൽ ക്ലാസിൽ കുട്ടികളുടെ താല്പര്യം തുടക്കത്തിലുള്ള അത്രതന്നെ നിലനിൽക്കുന്നുണ്ടോ ? :

27 A. ഇല്ലെങ്കിൽ കുറവു വരുന്നതിന്റെ കാരണം എന്തായിരിക്കും ? :

28. താല്പര്യപൂർവം പങ്കെടുക്കുന്ന കുട്ടികളുടെ ശതമാനം :
29. ഭിന്നശേഷി വിദ്യാർഥികൾക്ക് ഡിജിറ്റൽ ക്ലാസ് എത്രമാത്രം പ്രയോജനകരമാകുന്നുണ്ട് ? :
30. പ്രയോജനകരമല്ലെങ്കിൽ എങ്ങനെ മറികടക്കുന്നു ? :
31. കുട്ടികൾക്ക് മുഖ്യധാരയിൽ നിന്ന് പുറത്തായി പോകുന്ന സ്ഥിതി ഉണ്ടോ ? :
32. ഡിജിറ്റൽ ക്ലാസ് പ്രവർത്തനങ്ങൾക്ക് വേണ്ടി താങ്കൾക്ക് ദിവസേന ശരാശരി എത്ര മണിക്കൂർ ചെലവഴിക്കേണ്ടി വരുന്നുണ്ട് ? :
33. ഡിജിറ്റൽ ക്ലാസ് താങ്കളിൽ അമിതസമ്മർദം ഉണ്ടാക്കുന്നുണ്ടോ ? :
34. കുട്ടികൾക്ക് വിക്ടേഴ്സ് ചാനലിലൂടെ അല്ലാതെയുള്ള ഡിജിറ്റൽ ക്ലാസുകൾ താങ്കൾ നൽകുന്നുണ്ടോ ? :
35. നിലവിലുള്ള ഡിജിറ്റൽ പഠനത്തിൽ താങ്കൾ കാണുന്ന മേന്മകൾ എന്തെല്ലാം ? :
36. നിലവിലുള്ള ഡിജിറ്റൽ പഠനത്തിൽ താങ്കൾ കാണുന്ന പരിമിതികൾ എന്തെല്ലാം ? :
37. ഡിജിറ്റൽ ക്ലാസുകൾ തുടർന്ന് കൂടുതൽ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് താങ്കൾക്കുള്ള നിർദേശങ്ങൾ (ഉള്ളടക്കത്തെക്കുറിച്ച്, പ്രക്രിയയെക്കുറിച്ച് ) :
38. സ്കൂൾ തുറക്കാൻ വൈകുന്നതിനാൽ ഈ അധ്യയന വർഷത്തിൽ ഉള്ളടക്കം കുറച്ച് പുനഃക്രമീകരിക്കുക എന്ന നിർദേശത്തോടെയുള്ള താങ്കളുടെ പ്രതികരണവും നിർദേശവും :

## രക്ഷിതാക്കൾ

1. പേര് :
2. ജെന്റർ :
3. പ്രായം :
3. പ്രായം :
4. വിദ്യാഭ്യാസ യോഗ്യത :
5. വിദ്യാർഥികളായ മക്കൾ എത്രപേരുണ്ട് ? :
6. മക്കൾ പഠിക്കുന്ന ക്ലാസുകൾ :
7. മക്കൾ ഡിജിറ്റൽ ക്ലാസുകൾ കാണുന്നത് ഏതു മാധ്യമത്തിലൂടെയാണ് ? :
8. ജൂൺ1 മുതൽ തന്നെ ക്ലാസ് കാണുവാൻ സൗകര്യം ഉണ്ടായിരുന്നോ ? :
9. ഡിജിറ്റൽ ക്ലാസുകൾ കാണാൻ മക്കളെ നിർബന്ധിക്കേണ്ടി വരാറുണ്ടോ ? :
10. ക്ലാസുകൾ മക്കൾക്ക് മനസ്സിലാക്കാൻ പ്രയാസമുണ്ടോ ? :
11. നിങ്ങൾക്ക് മക്കളെ പഠനകാര്യങ്ങളിൽ സഹായിക്കാൻ കഴിയാറുണ്ടോ ? :
12. ക്ലാസിനു ശേഷം നൽകുന്ന തുടർ പ്രവർത്തനങ്ങൾ കുട്ടികൾക്ക് സ്വയം ചെയ്യാൻ സാധിക്കുന്നുണ്ടോ ? :

a) ഇല്ലെങ്കിൽ ആരാണ് അവരെ സഹായിക്കുന്നത് ? :

13. കുട്ടികൾക്ക് സ്കൂളിൽ പോകാൻ സാധിക്കാത്ത സാഹചര്യത്തിൽ നിങ്ങൾക്ക് മാനസികമായി സമ്മർദം/ടെൻഷൻ ഉണ്ടോ ? :
14. ക്ലാസിനു ശേഷം സ്കൂളിലെ അധ്യാപകൻ/അധ്യാപിക വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി നടത്തുന്ന ചർച്ചകളിൽ പങ്കെടുക്കാൻ കുട്ടിക്ക് സാധിക്കുന്നുണ്ടോ ? :
15. ഇല്ലെങ്കിൽ പിന്നെ എങ്ങിനെയാണ് അധ്യാപകൻ/അധ്യാപിക കുട്ടിയുമായി ബന്ധപ്പെടുന്നത് ? :
16. കുട്ടിയുടെ പഠനാവശ്യത്തിനായി ഇന്റർനെറ്റ് ലഭ്യത എങ്ങിനെയാണ് ഒരുക്കുന്നത് ? :
17. ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കാൻ സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്നുണ്ടോ ? :
18. ഡിജിറ്റൽ ക്ലാസുകൾ മെച്ചപ്പെടുത്താൻ നിങ്ങൾ നിർദേശിക്കുന്ന മാർഗങ്ങൾ ? :
19. ഡിജിറ്റൽ ക്ലാസുകൾ താങ്കളുടെ കുട്ടിക്ക്/കുട്ടികൾക്ക് എത്രമാത്രം ഗുണകരമാണ്. വിലയിരുത്തുക :



# ഡിജിറ്റൽ ക്ലാസുകൾ
## ഒരു പഠനം

കോവിഡ് 19 വ്യാപനത്തിന്റെ ഫലമായി സ്കൂളുകൾ പ്രവർത്തിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് കുട്ടികളെ പഠന വഴിയിൽ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പ് വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിച്ചത്. ഡിജിറ്റൽ ക്ലാസുകൾ നീളുന്ന സാഹചര്യത്തിൽ അതിന്റെ പ്രാപ്യത, പ്രയോജനക്ഷമത എന്നിവയെക്കുറിച്ച് പഠിച്ച് മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ചിട്ടുള്ള ഗ്രന്ഥമാണിത്.

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

